"സ്വർഗ്ഗത്തിലും ഭൂമിയിലുമുള്ള സകല പിതൃത്വവും ആരിൽനിന്നു നാമകരണം ചെയ്യപ്പെടുന്നുവോ, നമ്മുടെ കർത്താവീശോമിശിഹായുടെ ആ പിതാവിൻെറ അടുക്കൽ, അവൻ തൻെറ ആത്മാവുമൂലം നിങ്ങൾ ശക്തിയിൽ ഉറപ്പിക്കപ്പെടുമാറ്, തൻെറ മഹത്വത്തിൻെറ ധനത്തിനു തക്കവണ്ണം, നിങ്ങൾക്കു (വരം) തരേണ്ടതിനും, നിങ്ങളുടെ വേരും അടിസ്ഥാനവും ഉറപ്പിക്കപ്പെട്ടിട്ട്, മിശിഹാ, വിശ്വാസംമൂലം നിങ്ങളുടെ ആന്തരിക മനുഷ്യനിലും സ്നേഹംമൂലം ഹൃദയങ്ങളിലും വസിക്കേണ്ടതിനും......എൻെറ മുട്ടുകൾ ഞാൻ കുത്തുന്നു."

# സത്യദീപം

"അവരുടെ സമയം മുഴുവനും അവർ പ്രയോജനകരമായി ചിലവിട്ടു. അവർ ഈശ്വരനുമായി കഴിഞ്ഞുകൂടിയ ഓരോ മണിക്കൂറും അല്പ സമയമായി അവർക്കു തോന്നി; ഈശ്വരധ്യാനത്തിൻെറ മഹനീയമാധുര്യത്താൽ ശരീരപോഷണത്തിൻെറ ആവശ്യകതകൂടി അവർ വിസ്മരിച്ചു...അതുകൊണ്ട്, ലൗകിക വസ്തുക്കളെ സംബന്ധിച്ചിടത്തോളം അവർ ദരിദ്രരായിരുന്നു. എന്നാൽ ഈശ്വരാനുഗ്രഹത്തിലും സൗശീല്യത്തിലും അവർ സമ്പന്നരായിരുന്നു.

—ക്രിസ്ത്വനുകരണം

"ഞാൻ ലോകത്തിൻെറ ദീപമാകുന്നു; എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുന്നില്ല."

Reg. No. M. 2293. | 1957 സെപ്റ്റംബർ 25—ബുധനാഴ്ച | Vol. 31, No. 7


# മരപ്പണിക്കാരൻെറ മകൻ


(ഫാദർ ജെ. ഹിലാരിയോൻ ടി. ഒ. സി. ഡി., എം. എ.)



ക്രിസ്തുരാജൻെറ തിരുനാൾ നാം ആഘോഷിക്കാറുണ്ടല്ലോ. അത് സകാരണമാണ്, സംശയമില്ല. മിശിഹാ രാജാധിരാജനാണ്, അവിടുത്തെ മാതാവായ മറിയം മഹാറാണിയുമാണ്. എന്നാൽ തൊഴിലാളിയുടെയും സാധാരണക്കാരൻെറയുമായ ആധുനികയുഗത്തിൽ മിശിഹായുടെ അയൽവാസികൾ അന്നുതന്നെ അറിഞ്ഞിരുന്നതുപോലെ ലോകം അവിടുത്തെ അറിയേണ്ടിയിരിക്കുന്നു. മരപ്പണിക്കാരൻെറ മകനായിട്ട് അവിടുത്തെ നാം ലോകത്തിന് കാണിച്ചുകൊടുക്കേണ്ടിയിരിക്കുന്നു.

## അപ്പൻെറ പണിപ്പുരയിൽ

മിശിഹാ തൻെറ ദിവ്യപ്രബോധനം ആരംഭിച്ചപ്പോൾ, തൻെറ പ്രസംഗങ്ങൾ മനുഷ്യഹൃദയങ്ങളെ പിടിച്ചടക്കുവാൻ തുടങ്ങിയപ്പോൾ, അവിടുത്തെ വിജ്ഞാനത്തെക്കുറിച്ചും ആകർഷകമായ വർത്തനരീതികളെക്കുറിച്ചും അയൽവാസികൾ അത്ഭുതപ്പെട്ടു ചോദിച്ചു "ഇവൻ മരപ്പണിക്കാരൻെറ മകനല്ലേ?" എന്ന്. വാസ്തവമാണ്. ഈശോ മരപ്പണിക്കാരനായ യൗസേപ്പിൻെറ (വളർത്തു)മകനായിരുന്നു. യൗസേപ്പായിരുന്നു ആ കൊച്ചു കുടുംബത്തിൻെറ പരിപാലകൻ, വിയർത്തൊലിച്ച് പണിയെടുത്ത് മറിയത്തെയും ഈശോയെയും പോററിയിരുന്ന തൊഴിലാളിപിതാവ്. മിശിഹായുടെ ആഗമനത്തിൽ സന്തോഷസൂചകമായി രാജകീയ പീരങ്കികളൊന്നും മുഴങ്ങിയില്ല. കാഹളവാദ്യമൊന്നും നടന്നില്ല. രാജസദനത്തിലല്ല അവിടുന്നു പിറന്നത്. വലിയ പരിഷ്കൃത നഗരത്തിലല്ല അവിടുന്ന് പ്രത്യക്ഷപ്പെട്ടത്. "വല്ല നന്മയും നസ്രസ്സിൽനിന്ന് ഉണ്ടാകുമോ?" എന്നാണ് ആ അപ്രസിദ്ധമായ സ്ഥലത്തെക്കുറിച്ച് ആളുകൾ പുച്ഛരസത്തിൽ ചോദിച്ചിരുന്നത്; ആ നസ്രസ്സായിരുന്നു മിശിഹായുടെ സ്ഥലം. അവിടെ ഒരു പണിപ്പുരയുണ്ടായിരുന്നു. അതുതന്നെയായിരുന്നു തൻെറ വീടും. ആ വീട്ടിൽ വളർന്നുവന്ന മിശിഹാ തൻെറ വളർത്തുപിതാവിൻെറ പണിയെടുക്കുവാനും ആരംഭിച്ചു. ആ ദിവ്യകരങ്ങളിൽ കൊച്ചുളിയും കൊച്ചുകൊട്ടുവടിയുംപിടിച്ച് പണിയെടുത്തു. അപ്പൻെറ വലിയ പണികളിൽ തന്നാലാവുംവിധം സഹായിച്ചു അങ്ങനെ തൊഴിലിനെ അവിടുന്നു പവിത്രീകരിച്ചു, തൻെറ കരങ്ങൾവഴി മഹനീയമാക്കി, ബഹുമാന്യമാക്കി.

## ദൈവത്തിൻെറ അരുമമകൻ

അവിടുന്ന് ദൈവമായിരുന്നു. എന്നിട്ടും സാധാരണ പണിക്കാരൻെറ പാടുകൾ എല്ലാം അവിടുന്ന് പെട്ടു, അസൗകര്യങ്ങൾ എല്ലാം അനുഭവിച്ചു. ഏററം സുഖകരമായും ഞൊടിയിടകൊണ്ടും പണിതീർക്കത്തക്ക യന്ത്രങ്ങൾ നിർമ്മിക്കുന്നതിന് അവിടുത്തേക്കു യാതൊരു വിഷമവുമുണ്ടായിരുന്നില്ല. പക്ഷെ അവിടുത്തെ ദൈവത്വം മറച്ചു ജീവിച്ചു. ജോലി ചെയ്തു, ബുദ്ധിമുട്ടി, തൻെറ മാതാപിതാക്കളെ അനുസരിച്ച്, സമുദായത്തിൽ വിനീതജീവിതം നയിച്ചു. അവിടുത്തെ കൈകാലുകൾ പണിയെടുത്ത് ശക്തിപ്രാപിച്ചു തഴമ്പിച്ചു. കടുംവെയിലത്ത് അവിടുന്നു ജോലിചെയ്തു ക്ഷീണിച്ച് തളർന്നു മലഞ്ചെരിവിലുള്ള തൻെറ മാടത്തിലേക്ക് തിരിച്ചു വന്നിരുന്നപ്പോൾ അമ്മ തയ്യാറാക്കിവെച്ചിരുന്ന ആ ഭക്ഷണം, പാവപ്പെട്ടവരുടെ എളിയ ഭക്ഷണം അവിടുന്ന് കഴിച്ച് തൃപ്തിയടഞ്ഞിരുന്നു. യൗസേപ്പ് പിതാവിൻെറ മരണശേഷം കുടുംബഭാരം മുഴുവൻ മിശിഹാ വഹിച്ചു. വളർത്തപ്പൻെറ മരപ്പണി മുപ്പതു വയസ്സുവരെ ചെയ്തു. ആരാണിതെന്നോ, ദൈവത്തിൻെറ അരുമമകൻ, ത്രിത്വത്തിലെ രണ്ടാമത്തെ ആൾ, ദൈവംതന്നെ.



വി. ഫ്രാൻസീസ് അസ്സീസി

(തിരുനാൾ—ഒക്ടോബർ 4)

## ഒരു വലിയ വിരോധാഭാസം

പിതാവിനോടും പരിശുദ്ധാത്മാവിനോടുംകൂടി അനന്തസൗഭാഗ്യനിദാനമായി വർത്തിക്കുന്ന ദൈവമാണവിടുന്ന്, ദൈവദൂതഗണങ്ങളെ സൃഷ്ടിച്ചവനും മിന്നൽപിണർപോലെ അവരിൽ ഒരു കൂട്ടത്തെ നരകാഗ്നിയിലേക്ക് നിപതിപ്പിച്ചവനുമാണ്, വിശ്വത്തെ സൃഷ്ടിച്ച് അതിനെ വിവിധ ചരാചരങ്ങളാൽ മനോഹരമാക്കി തീർത്തിരിക്കുന്ന ലോകൈകശില്പിയാണ്, സൃഷ്ടിയുടെ മകുടമായ മനുഷ്യന് അസ്തിത്വം നൽകിയശേഷം അവൻെറ ഏററം നേരിയ വികാരവിചാരങ്ങളെപ്പോലും അറിഞ്ഞ് അവൻെറ സകലവിധ ഭാവിഭാഗധേയങ്ങളേയും കരുപ്പിടിപ്പിക്കുന്ന അതിനാഥനാണ് ഈ മരപ്പണിക്കാരൻ എന്ന് നാമോർക്കണം. ഈ തൊഴിലാളി തൻെറ കുടുംബത്തെ മാത്രമല്ല മനുഷ്യവംശത്തെ മുഴുവനും സ്നേഹിച്ചു, നീചനായ മനുഷ്യനോടുകൂടി വസിക്കുന്നതിന് അവനെപ്പോലെ ആയിത്തീർന്നു. അവൻെറ സുഖദുഃഖങ്ങളിൽ ഭാഗഭാക്കായി ഒടുവിൽ അവൻെറ സൗഭാഗ്യത്തിനുവേണ്ടി സ്വയം ഹോമിച്ചു. സർവ്വശക്തനായ ദൈവം പാവപ്പെട്ട ഒരു മരപ്പണിക്കാരനായി തീർന്നിരിക്കുന്നു. ഇത് ക്രിസ്തുമതത്തിലെ ഒരു വലിയ വിരോധാഭാസമാണ്. ചിന്തകന്മാർക്കറിയാം ഇതൊരർത്ഥവത്തായ വിരോധാഭാസമാണെന്ന്, പാവപ്പെട്ട പണിക്കാർക്ക് സാന്ത്വനമരുളുന്ന ഒരു യാഥാർത്ഥ്യമാണെന്ന്.

മിശിഹാ ഒരു സാധാരണക്കാരനായിരുന്നു, ദരിദ്രരുടെയും പണിയെടുത്ത് കഷ്ടിച്ച് അഷ്ടിക്കു വകയുണ്ടാക്കിയിരുന്നവരുടേയും കൂട്ടുകാരനായിരുന്നു. അവരോടുകൂടെ താൻ ഇടകലർന്നു ജീവിച്ചിരുന്നു. മുക്കുവന്മാരെയല്ലേ അവിടുന്ന് തൻെറ ശിഷ്യന്മാരായി തിരിഞ്ഞെടുത്തത്? തൻെറ ചുററും ഓടിക്കൂടിയ സാധാരണക്കാരോട് അവിടുന്നു പ്രസംഗിച്ചു. മണിമന്ദിരങ്ങളിൽ സുഖിച്ചിരുന്ന വലിയവരോടല്ല, തന്നെ വലയംചെയ്തിരുന്ന സാധാരണ ജനങ്ങളുടെ ജീവിതത്തിലെ അനുദിനാനുഭവങ്ങളിൽനിന്ന് പെറുക്കിയെടുത്ത ഉദാഹരണങ്ങളാലാണ് തൻെറ പ്രബോധനങ്ങൾ സുഗ്രാഹ്യങ്ങളാക്കിതീർത്തത്. സാധാരണക്കാരുടെ ബുദ്ധിയിൽ പ്രവേശിക്കത്തക്കവിധം അതിമാത്രം ലളിതമായി ഗഹനങ്ങളായ സത്യങ്ങളെ അവിടുന്ന് വിശദീകരിച്ചു. പൊതുജനത്തിൻെറ സുഖാസുഖങ്ങൾ തൻെറയും സുഖാസുഖങ്ങളായിരുന്നു. സാധാരണക്കാരായ സ്ത്രീകളോടും പുരുഷന്മാരോടുംകൂടി അവിടുന്ന് ഒന്നായിത്തീർന്നു. പുരുഷാരങ്ങളുടെമേൽ അലിഞ്ഞ് അവരെ തീററിപ്പോററി. മുക്കുവരായ തൻെറ ശിഷ്യരുടെ വല മീൻകൊണ്ടു നിറച്ചുകൊടുത്തു, വഴിയരികെ വലഞ്ഞുകിടന്നിരുന്ന രോഗികളേയും മുടന്തന്മാരേയും പരിഷ്കൃതന്മാരെന്നഭിമാനിക്കുന്ന ധനവാന്മാരുടെ ദൃഷ്ടിയിൽ സമുദായഭ്രഷ്ടരായിരുന്ന കുഷ്ഠരോഗികളേയും, അന്ധമൂകന്മാരേയും ഒരു വാക്കോ സ്പർശനമോകൊണ്ട് ദിവ്യനായ ഈ മനുഷ്യസ്നേഹി സുഖപ്പെടുത്തി. മനുഷ്യരുടെ ഇടയിൽ മിശിഹാ ഒരു മനുഷ്യനായിതന്നെ വർത്തിച്ചു, സാധാരണ മനുഷ്യരുടെകൂടെ സാധാരണ മനുഷ്യനായിതന്നെ അവിടുന്നു ജീവിച്ചു. തെരുവു തെണ്ടികൾക്കുപോലും മനസ്സിലാക്കാൻ പാടുള്ള ഭാഷയിലാണ് താൻ സംസാരിച്ചിരുന്നത്. പാടത്ത് വിത്തു വിതയ്ക്കുന്ന ഒരു കൃഷിവലനെ അവിടുന്നു കാണുന്നു. എന്നിട്ട് ജനത്തോടു പറയുകയാണ് നിലത്തു വീഴുന്ന വിത്തിന് സമമാണ് വരപ്രസാദമെന്ന്. കച്ചവടക്കാരോട് പറയുന്നു, എന്തു ത്യാഗവും സഹിച്ച് സമ്പാദിക്കേണ്ട ഒരു മുത്താണ് ആത്മരക്ഷയെന്ന്. ഒരാട്ടിടയൻ അതിലെ കടന്നുപോകുന്നത് കണ്ടിട്ട് അവിടുന്ന് പ്രബോധിപ്പിക്കുകയാണ് കാണാതെ പോയ ആടിനെ അന്വേഷിച്ച് മുള്ളും കല്ലും ചവുട്ടി ചുററിത്തിരിയുന്ന ഒരാട്ടിടയനാണ് ദൈവപിതാവെന്നും പാപത്തെക്കുറിച്ചു പശ്ചാത്തപിക്കണമെന്നും. ധനമാർജ്ജിക്കുവാൻ വെമ്പുന്നവരോട് താൻ അരുൾചെയ്തു പത്തു നാണയങ്ങളുടെ അന്യാപദേശം. മുന്തിരിത്തോട്ടക്കാരെയും തോട്ടപ്പണിക്കാരെയും കണ്ടിട്ട് ജീവനക്കൂലിയുടെ നീതിയെക്കുറിച്ചും മനുഷ്യരുടെ നേർക്കുള്ള ദൈവത്തിൻെറ ഉദാരഹൃദയത്വത്തെക്കുറിച്ചും സംസാരിച്ചു. അടുക്കളയിൽ പണിയെടുക്കുന്ന ഗൃഹനായികമാരും അവിടുത്തെ ശ്രദ്ധയിൽ പെട്ടിരുന്നു. വീഞ്ഞുസംഭരണപാത്രങ്ങളും, കീറിയ തുണിയുടെ തുന്നലും അപ്പവും, മീനും, കട്ടിലും എല്ലാം അവിടുത്തെ പ്രഭാഷണങ്ങളിൽ സ്ഥലം പിടിച്ചിരുന്നു. എന്തുകൊണ്ട്? മിശിഹാ സാധാരണക്കാരുടെ കൂട്ടുകാരനായിരുന്നതുകൊണ്ട്; സാധാരണക്കാരൻെറ വികാരവിചാരങ്ങൾ തനിക്കുണ്ടായിരുന്നതുകൊണ്ട്; സാധാരണക്കാരെ അകമഴിഞ്ഞ് സ്നേഹിച്ചിരുന്നതുകൊണ്ടുതന്നെ.

## തൊഴിലാളിയും മുതലാളിയും

രണ്ടായിരം സംവത്സരങ്ങൾക്കു മുൻപ് പണിക്കാരോടും സാധാരണക്കാരോടുംകൂടെ ജീവിച്ചിരുന്ന മരപ്പണിക്കാരനായ യൗസേ


(ശേഷം 7-ാംപേജിൽ)

വിമർശനപംക്തി

# രണ്ടാം പ്രമാണം

(തുടർച്ച)

9. കോന്നിയിൽനിന്നും ഒരു മാന്യൻ ഇങ്ങനെ ചോദിക്കുന്നു: "നാം പ്രതിമ നിർമ്മിക്കാതിരിക്കുന്നതുമൂലം വിശ്വാസത്തിനു യാതൊരു കോട്ടവും സംഭവിക്കയില്ലെങ്കിൽ, അങ്ങനെ ചെയ്തുകൂടേ? അതുമൂലം അനേകർ പുനരൈക്യപ്പെട്ടുമെങ്കിൽ അങ്ങനെ ചെയ്തുകൂടേ?"

പ്രതിമകളെയും ചിത്രങ്ങളെയും പററിയുള്ള കത്തോലിക്കാസഭയുടെ പഠനം ത്രെന്തോസ് സൂനഹദോസ് ഇങ്ങനെ വിശദീകരിച്ചിരിക്കുന്നു: "ക്രിസ്തുവിന്റെയും ദൈവത്തിന്റെ മാതാവായ കന്യകയുടേയും മററു വിശുദ്ധരുടേയും പ്രതിരൂപങ്ങൾ ഉണ്ടാക്കുകയും, പ്രത്യേകിച്ചും ദേവാലയങ്ങളിൽ സൂക്ഷിക്കുകയും ഉചിതമായ ബഹുമാനവും വണക്കവും അവയ്ക്കു നൽകുകയും വേണം; അവയെ ആരാധിക്കത്തക്കവണ്ണം അവയിൽ എന്തെങ്കിലും ദിവ്യത്വമോ യോഗ്യതയോ ഉണ്ടെന്നു വിശ്വസിക്കപ്പെടുന്നതുകൊണ്ടല്ല; അവയോട് എന്തെങ്കിലും പ്രാർത്ഥിക്കുന്നതിനുമല്ല; സകല പ്രത്യാശകളും വിഗ്രഹങ്ങളിൽ നിക്ഷേപിച്ചിരുന്ന പുറജാതിക്കാർ പ്രാചീനകാലങ്ങളിൽ ചെയ്തിരുന്നതുപോലെ പ്രതിരൂപങ്ങളിൽ എന്തെങ്കിലും പ്രത്യാശ നിക്ഷേപിക്കുന്നതിനുമല്ല. നേരേമറിച്ച് അവയോടു ചെയ്യുന്ന ബഹുമാനം അവ പ്രതിനിധീകരിക്കുന്ന അസ്സലിനോടു ചെയ്യുന്നതായതുകൊണ്ടാണ്. അതുപോലെതന്നെ, പ്രതിരൂപങ്ങളെ നാം ചുംബിക്കുകയോ അവയുടെ മുൻപിൽ ശിരസ്സു കുനിക്കുകയോ സാഷ്ടാംഗം പ്രണമിക്കുകയോ ചെയ്യുന്നതുകൊണ്ടു അവയുടെ അസ്സലുകളായ ക്രിസ്തുവിനെ ആരാധിക്കുകയും, വിശുദ്ധരെ ബഹുമാനിക്കുകയുമാണു നാം ചെയ്യുന്നത്." (Sess, XXV) 787-ൽ നിഖ്യായിൽ കൂടിയ സാർവ്വത്രികസൂനഹദോസിന്റെ പഠനത്തെ ആവർത്തിക്കുകമാത്രമാണു ത്രെന്തോസു സൂനഹദോസ് ഇവിടെ ചെയ്തിരിക്കുന്നത്.

പ്രതിമ നിർമ്മിക്കാതിരിക്കുന്നതുകൊണ്ട് ഉള്ള "വിശ്വാസ"ത്തിനു എന്തെങ്കിലും കോട്ടമുണ്ടാകുമെന്നു തോന്നുന്നില്ല. എന്നാൽ പ്രതിമ നിർമ്മിച്ചുവെക്കുന്നതുകൊണ്ടു വളരെയധികം നേട്ടങ്ങളുണ്ടെന്നു മുകളിൽ പറഞ്ഞുവല്ലോ. അതിലധികമായി, "വിശ്വാസം" ശരിക്കുണ്ടായിട്ടില്ലാത്തവരിൽ, വിശ്വാസം സംജാതമാക്കുന്നതിനു് അതു സഹായിക്കുകയും ചെയ്യുന്നു. കോട്ടമില്ലെങ്കിൽതന്നെ, നേട്ടമുള്ളതുകൊണ്ടു അതു നിർമ്മിച്ചുവെക്കുന്നതാണല്ലോ നല്ലത്. പ്രതിമ നിർമ്മിച്ചുവെക്കാതിരുന്നാൽ അനേകർ പുനരൈക്യപ്പെടുമെന്നു കരുതുന്നതു് അബദ്ധമാണ്. പുനരൈക്യത്തിനു പ്രതിബന്ധമായിരിക്കുന്നതു പ്രതിമകളല്ലാ മററെന്തോ ഒന്നാണ്. ആ "എന്തോ ഒന്നു്" സ്വയം ഏററുപറയുന്നതിനു വിമുഖതയുള്ളവർ പ്രതിമകളെ ഒരു കാരണമാക്കുന്നുവെന്നേയുള്ളു. പ്രതിമകൾ മാററിക്കഴിയുമ്പോൾ വേറെ എന്തെങ്കിലും ഒരു മുടന്തൻ ന്യായം കണ്ടുപിടിച്ചുകൊള്ളും. ഇപ്പോൾതന്നെ കാൽവരിയിലെ കുരിശിന്റെ പ്രതിമകൾ വെച്ചിട്ടുള്ള ദേവാലയങ്ങളിൽ കൂടിക്കഴിയുന്നവരാണല്ലോ അവർ. അവരുടെ സ്വന്തം വീടുകളിൽ എത്രയെത്ര പ്രതിരൂപങ്ങൾ ആദരപൂർവ്വം വച്ചുകൊണ്ടിരിക്കുന്നു. രാജാവിന്റെയും സിംഹത്തിന്റെയും, കാളയുടേയും, നെൽക്കതിരിന്റെയുമെല്ലാം പ്രതിമകളുള്ള നാണയങ്ങളെ വളരെ പൂജ്യമായി സൂക്ഷിക്കുന്നവരാണ് അവർ, ഈ നാണയങ്ങളെ, ദേവാലയങ്ങളിലെ നേർച്ചപ്പെട്ടിയിൽ ഴി, ദൈവത്തിനു കാഴ്ച സമർപ്പിക്കുന്നവരാണവർ. പ്രതിമകളുടെ സാന്നിദ്ധ്യമല്ലാ അവരുടെ പുനരൈക്യത്തിനു പ്രതിബന്ധമായിരിക്കുന്നത്.

8-ാംനൂററാണ്ടിൽ കോൺസ്റ്റാൻറിനോപ്പിൾ ചക്രവർത്തിമാർക്കെന്നപോലെ, 16-ാംനൂററാണ്ടിലെ പ്രോട്ടസ്റ്റൻറു ഭരണാധികാരികൾക്കും പ്രതിമകൾ അരോചകമായി തോന്നിയതിന്റെ കാരണം വേറെയാണ്. ദേവാലയങ്ങളിലുണ്ടായിരുന്ന അമൂല്യങ്ങളായ കലാശേഖരങ്ങളും സ്വർണ്ണം വെള്ളി സാമഗ്രികളും യാതൊരു മനക്കടിയും കൂടാതെ കൊള്ളചെയ്യപ്പെടുന്നതിനു് ഈ പ്രതിമാഭഞ്ജനവാദം അവർക്ക് ആവശ്യമായിരുന്നു. രക്ഷപെടുവാൻ വിശ്വാസംമാത്രം മതിയെന്നു പ്രസംഗിച്ച ലൂഥറിനു് പ്രതിമകൾ ഒരു കണ്ണിലെ കരടായിരുന്നു. ദൈവതിരുമുൻപിൽ യോഗ്യതയുള്ളവരായിത്തീരുന്നതിനാണു ജനങ്ങൾ പ്രതിമകളുണ്ടാക്കിവെക്കുന്നതെന്നു് ഒരു തെററിദ്ധാരണ ലൂഥറിനുണ്ടായിരുന്നു. കത്തോലിക്കാസഭയ്ക്കു ജനങ്ങളുടെമേൽ ഏററം കൂടുതൽ സ്വാധീനശക്തി ചെലുത്തുവാൻ സാധിച്ചിരിക്കുന്നതു സ്വരൂപവണക്കംമൂലമാണെന്നും, അതില്ലാതാക്കിയാൽ സഭയുടെ സ്വാധീനശക്തി ഇല്ലാതാകുമെന്നുമുള്ള ഒരു തെററിദ്ധാരണയും ലൂഥറിനുണ്ടായിരുന്നു.

(Grisar, V, 207-224)

ചുരുക്കത്തിൽ കത്തോലിക്കർ രണ്ടാംപ്രമാണത്തെ കളയുകയോ ഒളിച്ചുവെക്കുകയോ ചെയ്തിട്ടില്ല. പ്രതിമകളെ ആരാധിക്കുവാൻ പഠിപ്പിക്കുന്നുമില്ല. അവർ ദൈവത്തെയല്ലാതെ പ്രതിമകളെ ആരാധിക്കുകയാകട്ടെ, അവയോട് എന്തെങ്കിലും പ്രാർത്ഥിക്കുകയാകട്ടെ ചെയ്യുന്നില്ല. പ്രതിമകൾ ഉണ്ടാക്കിവെക്കുന്നതുകൊണ്ടു പല പ്രയോജനങ്ങളുള്ളതുകൊണ്ടും, ദൈവം അതിനെ നിരോധിക്കുന്നില്ലാത്തതുകൊണ്ടും അവയെ ഉണ്ടാക്കിവെക്കുന്നുവെന്നേയുള്ളു. ഇതാണു പരമാർത്ഥം. കത്തോലിക്കർ തങ്ങൾ ചെയ്യുന്നതെന്താണെന്നു സ്പഷ്ടമായി പറയുമ്പോൾ—അവരുടെ പ്രമാണഗ്രന്ഥങ്ങൾ അസന്നിഗ്ദ്ധമായ ഭാഷയിൽ തെളിയിക്കുമ്പോൾ—മററുള്ളവർ എന്തിനു് എഴുതാപ്പുറം വായിക്കുന്നുവെന്നതാണു മനസ്സിലാകാത്തതു്.

# ചോദിച്ചാൽ പറയാം

150. ചോ: ഒരു സംഗതി പാപമാണോ അല്ലയോയെന്നു സംശയം ഉള്ളപ്പോൾ, കുമ്പസാരത്തിൽ പറയാതിരുന്നാൽ ആ കുമ്പസാരം വാസ്തവമാകുമോ?

(ജി. ടി. ആലപ്പുഴ)

ഉ: ഈ ചോദ്യത്തിനു "വലിയ വേദോപദേശം" നൽകുന്ന മറുപടി ഇങ്ങനെയാണ്: "താൻ പാപം ചെയ്തുവോ ഇല്ലയോയെന്നു ഒരുത്തനു നിശ്ചയമില്ലാത്തപ്പോൾ അതിനെ കുമ്പസാരത്തിൽ പറയേണ്ട കടമയില്ല. എന്നാൽ അതിനെ കുമ്പസാരിക്കുന്നപക്ഷം, പാപം ചെയ്തുവോ ഇല്ലയോയെന്നു നിശ്ചയമില്ലെന്നുകൂടി പറയേണ്ടതാകുന്നു" (പുറം 166)

ഒരു സംഗതി പാപമാണോയെന്നു തീരുമാനിക്കുക അത്ര വിഷമകരമല്ല. ഒരു സംഗതി പാപമാകുന്നതിനു വിഷയത്തിന്റെ ഗൗരവം, പൂർണ്ണമായ അറിവു്, മനസ്സിന്റെ പൂർണ്ണമായ സമ്മതം എന്നിവ ആവശ്യമാണ്. പ്രമാണങ്ങളുടെ ലംഘനമാണ് പാപം. അതു ഘനമായ ലംഘനമാണെന്നുള്ള പൂർണ്ണമായ അറിവും, അതു ചെയ്യുന്നതിൽ നമ്മുടെ പൂർണ്ണമായ സമ്മതവും ഉണ്ടായിരിക്കണം. ഈ ലക്ഷണങ്ങൾവച്ചു പരിശോധിച്ചാൽ ഒരു സംഗതി പാപമാണോ അല്ലയോയെന്നു നമുക്കു ഏറെക്കുറെ മനസ്സിലാക്കാവുന്നതാണ്. എന്നിട്ടും സംശയം തീരുന്നില്ലെങ്കിൽ അതിന്റെ ചുററുപാടുകൾ ആത്മപിതാവിനെ മനസ്സിലാക്കി അദ്ദേഹത്തിന്റെ വിദഗ്ദ്ധമായ ഉപദേശം തേടേണ്ടതാകുന്നു.

151. ചോ: സ്വർഗ്ഗത്തിൽ ചെന്നാൽ പിന്നെ പരമാനന്ദമാണെന്നും വിശപ്പില്ലെന്നും പറയുന്നു. പക്ഷെ വിശപ്പില്ലെങ്കിൽ നാം ആഹാരം കഴിക്കുന്നതെങ്ങനെ? അപ്പോൾ സ്വർഗ്ഗത്തിൽ ചെല്ലുന്ന ആഹാരക്കൊതിയന്മാർ എന്തു ചെയ്യും?

(കെ. പി. ബി. മൂവാററുപുഴ)

ഉ: മരണാനന്തരം നീതിമാന്മാർ നിത്യമായി നിവസിക്കുന്ന ആനന്ദനികേതനമാണല്ലോ സ്വർഗ്ഗം. "ഇപ്പോൾ കണ്ണാടിയിൽ ക്കൂടി എന്നപോലെ അസ്പഷ്ടമായി നാം കാണുന്നു. അപ്പോഴോ അഭിമുഖമായി നാം കാണും. ഇപ്പോൾ വളരെ കാര്യങ്ങളിൽവെച്ചു കുറച്ചുമാത്രം ഞാൻ അറിയുന്നു. എന്നാൽ അപ്പോൾ ഞാൻ അറിയപ്പെട്ടിരിക്കുന്നതു പോലെ ഞാൻ അറിയും" (I കോറി XIII, 12) എന്നാണു സ്വർഗ്ഗത്തെപ്പററി വിശുദ്ധ പൗലോസു പറയുന്നതു്. സ്വർഗ്ഗപ്രാപ്തരെപ്പററി വിശുദ്ധ യോഹന്നാൻ പറയുന്നതിങ്ങനെയാണ്: "അവരുടെ കണ്ണുകളിൽനിന്നു കണ്ണുനീരെല്ലാം നീങ്ങിപ്പോകും. ഇനി മരണം ഉണ്ടാകയില്ല. കരച്ചിലോ മുറവിളിയോ ദുഃഖമോ ഇനി ഉണ്ടാകയില്ല. എന്തുകൊണ്ടെന്നാൽ ആദ്യത്തേവ കടന്നുപോയി" (വെളിപാടു് XXI, 4) "ദൈവം തന്നെ സ്നേഹിക്കുന്നവർക്കായി ഒരുക്കിയിട്ടുള്ളതു കണ്ണു കണ്ടിട്ടില്ല; ചെവി കേട്ടിട്ടില്ല; മനുഷ്യന്റെ ഹൃദയത്തിൽ തോന്നിയിട്ടുമില്ല" (I കോറി II, 9) എന്നുള്ള അപ്പസ്തോലന്റെ വാക്കുകളും സ്മരണീയമാണ്.

അങ്ങനെ സ്വർഗ്ഗം സകല സൗഭാഗ്യങ്ങളുടേയും ആനന്ദങ്ങളുടേയും ഇരിപ്പിടമായിരിക്കുന്നു. മരണാനന്തരജീവിതത്തോടുകൂടി നമ്മുടെ വിചാരങ്ങൾക്കുതന്നെയും ഒരു പരിവർത്തനം വരുന്നതാണ്. "ദൈവത്തെ പ്രത്യക്ഷമായി കണ്ടു നിത്യമായി ആനന്ദിക്കുന്ന"വർക്കു ലൗകികായതികമായ ചിന്തകളോ ആവശ്യങ്ങളോ ഉണ്ടായിരിക്കുകയില്ലായെന്നുള്ളതു സ്പഷ്ടമാണല്ലോ. ആഹാരം ശരീരത്തിന്റെ ഒരാവശ്യമാണ്. പൊതുവിധിക്കുശേഷം നാം സശരീരരായിരിക്കുമെങ്കിലും ആഹാരനീഹാരാദികൾ ആവശ്യപ്പെടാത്ത ഒരു ശരീരമായിരിക്കും നമുക്കുള്ളതു്. ഈ ലോകത്തിൽതന്നെ വിശപ്പില്ലാത്തവർ ആഹാരം കഴിക്കാറില്ലല്ലോ. ആ സ്ഥിതിക്കു്, സ്വർഗ്ഗത്തിൽ "വിശപ്പില്ലെങ്കിൽ നാം ആഹാരം കഴിക്കുന്നതെങ്ങനെ"യെന്ന ചോദ്യം അർത്ഥശൂന്യമാണ്. ആഹാരം കഴിക്കുന്നതിനുവേണ്ടിയല്ലാ മനുഷ്യൻ ജീവിക്കുന്നതു്. നേരെമറിച്ചു് ജീവിക്കുന്നതിനു ആവശ്യമായതുകൊണ്ടാണു മനുഷ്യൻ ആഹാരം കഴിക്കുന്നതു്. ജീവിക്കുന്നതിനു ആവശ്യമില്ലെങ്കിൽ, ആഹാരത്തിന്റെതന്നെ ആവശ്യമില്ല. സ്വർഗ്ഗഭാഗ്യമനുഭവിക്കുന്നവർക്കു ആഹാരത്തിന്റെ ആവശ്യമുണ്ടായിരിക്കുന്നില്ല.

നമ്മുടെ കർത്താവിന്റെ ഒരു വാക്യം ഈ ഘട്ടത്തിൽ സ്മർത്തവ്യമാണ്. തന്നെ പ്രലോഭിപ്പിച്ച സാത്താനോടു അവിടുന്നു പറയുകയാണ്: "മനുഷ്യൻ അപ്പംകൊണ്ടു മാത്രമല്ല, ദൈവത്തിന്റെ വായിൽനിന്നു പുറപ്പെടുന്ന സകല വചനംകൊണ്ടുമാകുന്നു ജീവിക്കുന്നതു് എന്നു എഴുതപ്പെട്ടിരിക്കുന്നു" (മത്താ: IV 4) അങ്ങനെയെങ്കിൽ സ്വർഗ്ഗത്തിൽ ദൈവത്തെ അഭിമുഖമായി കണ്ടു കഴിയുന്ന ആത്മാവുകൾക്കു വിശപ്പു മുതലായ ശാരീരികദൗർബല്യങ്ങളുണ്ടാകുമെന്നു സംശയിക്കുന്നതെന്തിനു്? ആഹാരം കഴിക്കുന്നതിലല്ല, വിശപ്പു തീരുന്നതിലാണു നമ്മുടെ സംതൃപ്തി. സ്വർഗ്ഗത്തിൽ വിശപ്പില്ലെങ്കിൽ ആഹാരം കഴിക്കേണ്ട ആവശ്യമേയില്ല; പിന്നെ "ആഹാരക്കൊതിയന്മാർ" എന്ന പ്രശ്നമേ അവിടെ ഉദിക്കുന്നില്ലല്ലോ.

152. ചോ: തനതുവിധിയുള്ളപ്പോൾ പിന്നെ എന്തിനാണു പൊതുവിധി?

(ജോസ്, ചങ്ങനാശ്ശേരി)

ഉ: മരിച്ചാലുടനെ തനതുവിധിയും, അനന്തരം ലോകാവസാനത്തിൽ ഒരു പൊതുവിധിയും ഉണ്ടെന്നാണു കത്തോലിക്കാസഭ പഠിപ്പിക്കുന്നതു്. ധനവാന്റെ പടിവാതിൽക്കൽ കിടന്ന ലാസർ മരിച്ച ഉടനെ ദൈവദൂതന്മാർ അവനെ അബ്രാഹത്തിന്റെ മടിയിലേക്കു കൊണ്ടുപോകുമ്പോൾ, ധനവാൻ മരിച്ച ഉടനെ നരകത്തിലേക്കാണു പോകുന്നതു്. (ലൂക്കാ XVI, 22—23) വലത്തുഭാഗത്തെ കള്ളനോടു് "നീ ഇന്നു എന്നോടുകൂടി പറുദീസായിൽ ആയിരിക്കും" എന്നാണു് ക്രിസ്തു അരുളിച്ചെയ്യുന്നതു് (ലൂക്കാ XXIII, 43) "ഞങ്ങൾ ശരീരത്തിൽ വസിക്കുന്നിടത്തോളം കാലം നമ്മുടെ കർത്താവിൽനിന്നു അകന്നിരിക്കുന്നു........ ഇതിനാൽ ശരീരത്തിൽനിന്നു അകന്നു നമ്മുടെ കർത്താവിന്റെ അടുക്കൽ ആയിരിക്കുവാൻ ഞങ്ങൾ പ്രതീക്ഷിക്കുകയും ആഗ്രഹിക്കുകയും ചെയ്യുന്നു" (II കോറി V 6—8) എന്നുള്ള വിശുദ്ധ പൗലോസിന്റെ ഉദ്ബോധനത്തിലും തനതുവിധിയെപ്പററിയുള്ള പ്രതീക്ഷയാണു കാണുന്നതു്.

വി. ആഗസ്തീനോസു് എഴുതുന്നു: "ആത്മാവുകൾ ശരീരത്തിൽനിന്നു വേർപെടുമ്പോൾ, ശരീരത്തോടു വീണ്ടും ഐക്യപ്പെടുമ്പോഴുണ്ടാകുന്ന ആ വിധിക്കു് അണയുന്നതിനുമുൻപുതന്നെ, വിധിക്കപ്പെടുന്നു" (De Anima et ejus Origine, II, 8) പന്ത്രണ്ടാം ബനദിക്തോസു മാർപ്പാപ്പാ 1336-ൽ ഇങ്ങനെ അദ്ധ്യവസാനം ചെയ്തു: "ചാവുദോഷത്തോടുകൂടി ഈ ജീവിതം വിട്ടു പോകുന്നവരുടെ ആത്മാവുകൾ ഉടൻതന്നെ നരകത്തിലേക്കു പോകുകയും നാരകീയ പീഡനങ്ങൾക്കു വിധേയമാക്കപ്പെടുകയും ചെയ്യുന്നു. വരപ്രസാദാവസ്ഥയിൽ മരിക്കുന്നവർ ദൈവത്തെ അഭിമുഖമായി കാണുന്നു." 1439-ലെ ഫ്ളോറൻസ് സൂനഹദോസിന്റെ പഠനവും ഇങ്ങനെതന്നെയാകുന്നു.

ഒരു പൊതുവിധി ഉണ്ടെന്നുള്ളതു് ശ്ലീഹന്മാരുടെ വിശ്വാസപ്രമാണത്തിലും നിഖ്യാ വിശ്വാസപ്രമാണത്തിലും അത്തനാസ്യോസിന്റെ വിശ്വാസപ്രമാണത്തിലുമെല്ലാം ഒരു വിശ്വാസസത്യമായി ഏററു പറയുന്നതാണ്. വി. മത്തായിയുടെ സുവിശേഷം 24-ം 25-ം അദ്ധ്യായങ്ങളിൽ, ലോകാവസാനത്തിനുശേഷം നടക്കുവാനിരിക്കുന്ന പൊതുവിധിയെപ്പററി നമ്മുടെ കർത്താവു വളരെ വിശദമായി പ്രസ്താവിക്കുന്നുണ്ടു്. അപ്പസ്തോലന്മാരും ആവർത്തിച്ചാവർത്തിച്ചു ഈ സംഗതി അനുസ്മരിക്കുന്നു. "നാമെല്ലാവരും മിശിഹായുടെ ന്യായാസനത്തിൻ മുൻപാകെ നിൽക്കേണ്ടിവരും" (റോമാ XIV 10) "ഓരോരുത്തർ ചെയ്തിട്ടുള്ളതിനു തന്റെ ശരീരത്തിൽ പ്രതിഫലം പ്രാപിക്കുവാനായി മിശിഹായുടെ ന്യായാസനത്തിൻ മുൻപാകെ നമ്മളെല്ലാവരും നിൽക്കുവാനുള്ളതാകുന്നു" (II കോറി V 10)

തനതുവിധി ഉള്ളപ്പോൾ പിന്നെ പൊതുവിധി എന്തിനാണ്? ഈ ചോദ്യത്തിനു് "വലി

(ശേഷം 11-ാംപേജിൽ)


## മയ്യഴിത്തിരുനാൾ മഹാമഹം

### ഒക്ടോബർ 14, 15

തിരുനാളാരംഭം ഒക്ടോബർ 5

തീർത്ഥകരുടെ സൗകര്യാർത്ഥം 1957 ഒക്ടോബർ 14, 15 തിയതികളിൽ തീവണ്ടിക്കും, ബസ്സിനും പ്രത്യേക ഏർപ്പാടുകൾ ചെയ്യപ്പെടുന്നതാണ്.

നിങ്ങളുടെ എല്ലാ ആവശ്യങ്ങളിലും, മയ്യഴിയിൽ 1736-ൽ സ്ഥാപിച്ചതായ അത്ഭുതകരവും ബഹുമാന്യവുമായ ആലയിലായി ലെ വിശുദ്ധ ത്രേസ്യായുടെ തീർത്ഥകേന്ദ്രത്തിൽ അഭയംതേടുക. നിങ്ങൾക്കു് ഒരിക്കലും ദുർഭാഗ്യം വരികയില്ല.



കൊല്ലംതോറും തിരുനാൾ മഹോത്സവവേളയിൽ 25000-ൽ പരം തീർത്ഥയാത്രക്കാർ ഇവിടം സന്ദർശിക്കുകയും ലക്ഷക്കണക്കിൽ മെഴുകുതിരികൾ പ്രാർത്ഥനയായി ജ്വലിപ്പിക്കുകയും ചെയ്യുന്നുണ്ടു്. ഉള്ളഴിഞ്ഞു് പ്രാർത്ഥിക്കുന്ന ഏവർക്കും ഈ പുണ്യവതിവഴിയായി കാര്യസാഫല്യമുണ്ടാകുന്നതാണെന്നു ഇവിടെ പലരക്കെ അനുഭവപ്പെട്ടതായറിയുന്നു. അത്യാശ്ചര്യകരമായ പല അനുഭവങ്ങളും നിരവധി ജനങ്ങൾക്കു സിദ്ധിച്ചിട്ടുണ്ടു്.

അപേക്ഷകളും, സംഭാവനകളും, പൂജാധർമ്മങ്ങളും താഴെക്കാണുന്ന വിലാസത്തിൽ എത്തിക്കേണ്ടുന്നതാണ്.

**Parish Priest, Mahe, N. Malabar**

# പുനരൈക്യവും പ്രാർത്ഥനയും

(Fr. C. A. Abraham M. A., B. D., B. Litt, (Oxon)

എന്റെ പുനരൈക്യത്തിനു ശേഷം എന്നെ അത്ഭുതപ്പെടുത്തുകയും താഴ്മപ്പെടുത്തുകയും ചെയ്ത ഒരു കാര്യം ഞാൻ പുനരൈക്യപ്പെടുന്നതിനുവേണ്ടി അനേകം കത്തോലിക്കർ തുടർച്ചയായി പ്രാർത്ഥിച്ചുകൊണ്ടിരുന്നു എന്നുള്ള അറിവാണ്. അർദ്ധക്രിസ്തീയമോ പൂർണ്ണമായും അക്രൈസ്തവമോ ആയ മാർഗ്ഗങ്ങൾ ഉപയോഗിച്ചാണ് കത്തോലിക്കാ സഭയിലേക്ക് ആളുകളെ ചേർക്കുന്നത് എന്ന് ഇപ്പോഴും ധരിച്ചിരിക്കുന്ന പല നല്ലമനുഷ്യരുമുണ്ട്. തെററായ ഉദ്ദേശത്തോടെ കത്തോലിക്കാസഭയുമായി പുനരൈക്യപ്പെടുന്നവർ കണ്ടേക്കാം. പക്ഷെ, തെററായ ഉദ്ദേശങ്ങൾമൂലം കത്തോലിക്കാസഭയിൽ ചേരാതെ, നിൽക്കുന്നിടത്തു നിൽക്കുന്നവരാണ് വളരെയധികമുള്ളത്. ജനിച്ചു വളൎന്ന സമുദായത്തോടുള്ള ശക്തിയായ ബന്ധം, ബന്ധുജനങ്ങളെയും സ്നേഹിതന്മാരെയും പ്രീതിപ്പെടുത്താനുള്ള ആഗ്രഹം, മനുഷ്യരെപ്പററിയുള്ള ഭയം, സമുദായത്തിലുള്ള സ്ഥാനമാനങ്ങൾ നഷ്ടപ്പെടുമെന്നുള്ള ഭയം മുതലായ തെററായ കാരണങ്ങളാണ് പലരെയും കത്തോലിക്കസഭയിൽ ചേരാതെ തടഞ്ഞുകൊണ്ടിരിക്കുന്നത് എന്നുള്ളതിനു സംശയമില്ല. ദൈവകൃപയുടെ പ്രേരണകൊണ്ടല്ലാതെ ദൈവത്തിന്റെ സഭയിലേക്ക് ആരും പ്രവേശിക്കുകയില്ല; അതിനുള്ള മാർഗ്ഗം മടുത്തുപോകാത്ത പ്രാർത്ഥനമാത്രമാണ്. വാദപ്രതിവാദങ്ങൾക്കും പ്രചരണങ്ങൾക്കും സാംഗത്യമുള്ള സന്ദർഭങ്ങളുണ്ട്; എന്നാൽ അവകൊണ്ടുമാത്രം ഒരിക്കലും സഭാപുനരൈക്യം ഉണ്ടാവുകയില്ല

ക്രിസ്ത്യാനികളുടെ പൂർണ്ണമായ ഐക്യത്തിനുവേണ്ടിയുള്ള പ്രാർത്ഥനയാണ് സുവിശേഷങ്ങളിൽ രേഖപ്പെടുത്തിയിരിക്കുന്ന ക്രിസ്തുവിന്റെ ദീർഘമായ ഏക പ്രാർത്ഥന. (വി. യോഹ: 17) പിതാവായ ദൈവവും പുത്രനായ ദൈവവും ഒന്നായിരിക്കുന്നതുപോലെ ദൈവമക്കൾ ഒന്നായിരിക്കണം എന്നാണു ക്രിസ്തു പ്രാർത്ഥിച്ചത്. ക്രിസ്തീയ ഐക്യത്തിന് മിശിഹായുടെ തിരുഹൃദയത്തിൽ എത്ര വലിയ സ്ഥാനമുണ്ടായിരുന്നുവെന്ന് ഈ പ്രാർത്ഥനയുടെ ഉള്ളടക്കവും അതിന്റെ സന്ദർഭവും വളരെ വ്യക്തമാക്കുന്നു. ക്രിസ്തുവിന്റെ മണവാട്ടിയാകുന്ന സഭ ക്രിസ്തീയ ഐക്യത്തിനു പ്രഥമസ്ഥാനം നൽകണം എന്നുള്ളതിന് ഇതിനെക്കാൾ വലിയ തെളിവ് ആവശ്യമില്ല. പുരാതന റോമൻ സാമ്രാജ്യത്തിന്റെയും പിൽക്കാലത്തുണ്ടായ മററു സാമ്രാജ്യങ്ങളുടെയും നയം "വിഭജിച്ചു ഭരിക്കുക" എന്നുള്ളതായിരുന്നെങ്കിൽ, ക്രിസ്തുവിന്റെ രാജ്യമായ തിരുസഭയുടെ മാർഗ്ഗം "ഐക്യപ്പെടുത്തി ശുശ്രൂഷിക്കുക" എന്നുള്ളതാണ് എന്നു പറയാം.

മൂന്നു ഘട്ടങ്ങളിലാണ് തിരുസഭയുടെ ശരീരത്തെ മുറിപ്പെടുത്തിയ വലിയ പിളൎപ്പുകൾ സംഭവിച്ചത്. അഞ്ചാം നൂററാണ്ടിൽ കൽക്കദൂൻ സൂനഹദോസിനു ശേഷം "ചെറിയ കിഴക്കൻ സഭകൾ" രൂപം പ്രാപിച്ചു. പതിനൊന്നാം നൂററാണ്ടിൽ "വലിയ കിഴക്കൻ സഭകൾ" വേർപിരിഞ്ഞു. പതിനാറാം നൂററാണ്ടിലെ നവീകരണ സംരംഭങ്ങൾമൂലം പ്രോട്ടസ്റ്റൻറു സഭകളും ആവിർഭാവം ചെയ്തു. ഇന്ന് അകത്തോലിക്കാ സഭകളുടെ പേരു "ലെഗ്യോൻ" എന്നാണെന്നു പറയാം, എന്തെന്നാൽ അവർ അനേകരാണ്. ദേശീയമായ കാരണങ്ങളാലും വിശ്വാസപരമായ വ്യതിയാനങ്ങളാലും അകത്തോലിക്കാവിഭാഗങ്ങൾ വിവിധ ചേരികളിലായി കഴിഞ്ഞുവരുന്നു. എന്നാൽ ദൈവാത്മാവിന്റെ പ്രേരണമൂലം ക്രിസ്തീയ ഐക്യത്തിനുള്ള ആഗ്രഹവും പ്രയത്നവും അവരുടെ ഇടയിൽ ഇപ്പോൾ ശക്തിപ്രാപിച്ചുവരുന്നുണ്ട്. സമരമില്ലാത്ത സന്ധിയിൽ ക്രിസ്തീയവിഭാഗങ്ങൾ കഴിഞ്ഞാൽ പോരെന്നും, ക്രിസ്തുവിന്റെ ശരീരമാകുന്ന സഭ ദൃശ്യമായി ഒന്നായിരിക്കണമെന്നുമുള്ള വീക്ഷണഗതിക്ക് ശക്തി കൂടികൊണ്ടിരിക്കുകയാണ്. "അഖിലലോക സഭാകൗൺസിൽ" എന്ന പേരിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന അകത്തോലിക്കാ സംഘടന ഇതിന്റെ പ്രത്യക്ഷമായ തെളിവാണ്. പ്രോട്ടസ്റ്റൻറ് ഐക്യപ്രസ്ഥാനങ്ങൾ എല്ലാം തന്നെ പതിനാറാം നൂററാണ്ടിൻശേഷം അവരുടെ ഇടയിൽ ഉണ്ടായിട്ടുള്ള അഭിപ്രായ വ്യത്യാസങ്ങൾ പറഞ്ഞുതീർക്കുന്നതിനുള്ള പരിശ്രമങ്ങളാണ് എന്നു പറയാം. കത്തോലിക്കർക്ക് ഈ ഘട്ടത്തിൽ ഈ പ്രസ്ഥാനങ്ങളുമായി നേരിട്ടു ബന്ധമില്ലെങ്കിലും, അവയുടെ ക്രിസ്തീയ വളർച്ചയ്ക്കുവേണ്ടി പ്രാർത്ഥിക്കുവാനുള്ള വിശുദ്ധമായ ചുമതലയുണ്ട്.

ആരെക്കെങ്കിലും വേണ്ടി പ്രാർത്ഥിക്കാൻ സാധിക്കണമെങ്കിൽ അവരെ സ്നേഹിക്കാതെ നിവൃത്തിയില്ല. പതിനൊന്നാം പീയൂസ് മാർപ്പാപ്പാ തിരുമേനി അരുളിച്ചെയ്തതുപോലെ, നമ്മിൽനിന്നു വേർപിരിഞ്ഞുപോയിരിക്കുന്ന സഹോദരന്മാരെ സ്നേഹിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്നതിന് അവരെപ്പററി ആദ്യമേ നാം പഠിക്കേണ്ടിയിരിക്കുന്നു. അകത്തോലിക്കാ വിഭാഗങ്ങളിൽ ദൈവത്തിന്റെ കരുണയാൽ സംരക്ഷിക്കപ്പെട്ടുവരുന്ന മൂല്യങ്ങൾ ഭേദം കൂടാതെ സംരക്ഷിക്കപ്പെടണം എന്ന് ഇപ്പോൾ നമ്മെ നയിക്കുന്ന പരിശുദ്ധ പിതാവും പ്രഖ്യാപിച്ചിട്ടുണ്ട്. പരിശുദ്ധ സിംഹാസനത്തിന്റെ ഈ നയംമൂലം പുനരൈക്യത്തിനുള്ള പാതയ്ക്കു വീതി കൂട്ടുകയാണു ചെയ്തിരിക്കുന്നത്. കിഴക്കൻ സഭാവിഭാഗങ്ങളെ സംബന്ധിച്ച് ഇതു പ്രത്യേകിച്ചും ശരിയാണ്. ദൈവനടത്തിപ്പിലുള്ള ഈ മഹാ സംരംഭത്തിൽ പ്രാർത്ഥനമൂലം സഹകരിക്കുകയാണ് എല്ലാ കത്തോലിക്കരുടെയും ചുമതല. പുനരൈക്യത്തിനായുള്ള പൊതുവായ പ്രാർത്ഥനകൾക്കു പുറമെ വ്യക്തികളുടെ മനസ്സുതിരിവിനായും കൃപാസ്വീകരണത്തിനായും എല്ലാ കത്തോലിക്കാകുടുംബങ്ങളിൽനിന്നും ദിവസവും പ്രാർത്ഥനകൾ ഉയരട്ടെ.

ജാനുവരി 18 മുതൽ 25 വരെ ക്രിസ്തീയ ഐക്യത്തിനുള്ള പ്രാർത്ഥനാവാരമായി ഇന്നു ലോകമെങ്ങും ആചരിക്കപ്പെട്ടുന്നുണ്ട്. പ്രോട്ടസ്റ്റൻറു സഭാവിഭാഗങ്ങളുടെപോലും അകമഴിഞ്ഞ സ്നേഹബഹുമാനങ്ങൾ സമ്പാദിച്ച ആബെ കുത്തൂയെ (Abbe Couturier) എന്ന ഫ്രഞ്ചു കത്തോലിക്കാ പുരോഹിതനായിരുന്നു ഈ പ്രാർത്ഥനാവാരത്തിന്റെ ഏററവും വലിയ കാരണക്കാരൻ. "ക്രിസ്തു ഇഷ്ടപ്പെടുന്ന ദൃശ്യമായ ഐക്യം ക്രിസ്തുവിന്റെ മാർഗ്ഗത്തിൽകൂടി" കൈവരുന്നതിനായി പ്രാർത്ഥിക്കുവാനായിരുന്നു ആ ഭക്തനായ പുരോഹിതൻ എല്ലാ സഭാവിഭാഗങ്ങളെയും ആഹ്വാനം ചെയ്തത്. അദ്ദേഹത്തിന്റെ ജീവിതം മുഴുവൻ ഐക്യത്തിനുവേണ്ടിയുള്ള ഒരു പ്രാർത്ഥനയായിരുന്നു എന്നു പറയാം. യൂറോപ്പിൽ, പ്രത്യേകിച്ചു ജമ്മനിയിൽ, ക്രിസ്തീയ ഐക്യത്തിന്റെ ആത്മാവിനെ ശക്തിപ്പെടുത്തിയ ജോസഫ് മെററ്സ്ഗർ (Josef Metzger) എന്ന ആസ്ട്രിയാക്കാരനായിരുന്ന കത്തോലിക്കാപുരോഹിതന്റെയും ജീവിതം നമുക്ക് ഉത്തേജനം നൽകേണ്ടതാണ്. ഇവരുടെ രണ്ടുപേരുടെയും ജീവചരിത്രങ്ങൾ ഫ്രഞ്ച്, ഇംഗ്ലീഷ് എന്നീ ഭാഷകളിൽ അടുത്തയിട പ്രസിദ്ധീകരിച്ചിട്ടുണ്ട്.

ക്രിസ്തീയ ഐക്യത്തിനായുള്ള പ്രാർത്ഥന, പ്രാർത്ഥിക്കുന്നവരുടെ ജീവിതത്തോടുള്ള ഒരു വെല്ലുവിളികൂടെയാണ്. പ്രവൃത്തി കൂടാതെയുള്ള പ്രാർത്ഥന ദൈവത്തെ നിന്ദിക്കുന്നതിനു തുല്യമാണ്. ഐക്യത്തിനുവേണ്ടിയുള്ള നമ്മുടെപ്രാർത്ഥന ജീവിതത്തിന്റെ എല്ലാ രംഗങ്ങളിലും ഐക്യവും സമാധാനവും വളർത്തുന്നതിനുതകുന്ന പ്രവൃത്തികളായി തർജ്ജമ ചെയ്യപ്പെടണം.

ആഖ്യായിക

## ബറാബാസ്



അദ്ധ്യായം 24 (തുടർച്ച)

### ക്രിസ്തുവോ ബറാബാസോ?

(വി. സി. ജോർജ്ജ് ബി. എ. എൽ. ററി.)

യേശുവിനെ അടിച്ചുകൊണ്ടിരിക്കുകയിൽ അന്തരീക്ഷത്തിൽ മുഴങ്ങിക്കൊണ്ടിരുന്ന അലർച്ചയും കൂട്ടച്ചിരിയും ഭയാനകമായിരുന്നു; ചമ്മട്ടികളുടെ അടികളേക്കാൾ കൂടുതൽ ഭയാനകം എന്നു പറയണം. ഈ പീഡനം അവസാനിക്കുകയില്ലേ? ഈ കന്മഷരഹിതൻ അടിക്കപ്പെടുകമാത്രമല്ലയോ? ഇദ്ദേഹത്തെ അവർ തല്ലിക്കൊല്ലുകയാണോ? എന്നിങ്ങനെ എസ്രാ സ്വയം ചോദിച്ചു. ദൈവമേ, അങ്ങനെ സംഭവിക്കരുതേ എന്ന് പ്രാർത്ഥിച്ചുകൊണ്ട് അയാൾ കമഴ്ന്നുകിടന്നു.

പെട്ടെന്ന് ഒച്ചപ്പാടവസാനിച്ചു; സ്വല്പനേരം നിശ്ശബ്ദതയുണ്ടായി. എന്നാൽ നിശ്ശബ്ദതയെ തുടന്നു നരകത്തിലെ ചെകുത്താന്മാരെയെല്ലാം കെട്ടഴിച്ചുവിട്ടാലെന്നവിധം ഒരു ഘോഷണം തന്നെ നടന്നു. കച്ചേരിമുററത്തുംചതുരാങ്കണത്തിന്റെ മററു ഭാഗങ്ങളിലുമുണ്ടായിരുന്ന ജനങ്ങൾ "യഹൂദരുടെ രാജാവിനു് സ്വസ്തി" "യഹൂദരുടെ രാജാവിനു് സ്വസ്തി" എന്നിങ്ങനെ ആക്രോശിച്ചു. പിന്നെയും പൈശാചികാക്രോശനം തുടന്നു. ജനങ്ങൾ ആ പരിസരങ്ങളിൽനിന്ന് പിന്മാറി, വീണ്ടും ചതുരാങ്കണത്തിൽ തടിച്ചുകൂടി. യേശുവിനെ എങ്ങോ ദൂരെ കൊണ്ടുപോയിയെന്നു തോന്നി.

യേശുവിനെ അടിച്ചുകൊണ്ടിരുന്ന കശ്മലന്മാരിൽനിന്ന് ക്ഷീണിച്ചുതളൎന്ന അദ്ദേഹത്തെ ഭടന്മാർ വീണ്ടെടുത്തുകഴിഞ്ഞു. പീഡകന്മാർ കീറിപ്പറിഞ്ഞ ഒരു ചെങ്കുപ്പായം അദ്ദേഹത്തെ അണിയിക്കുകയും ഒരു മുൾമുടി അവിടത്തെ തലയിൽ ചൂടുകയും ചെയ്തിട്ടുണ്ടായിരുന്നു. ഭടന്മാരാൽ യേശു കച്ചേരിമുറിയിലേക്ക് നീതനായി. പീലാത്തോസിനെ അരമനയിൽനിന്ന് കച്ചേരിയിലേക്ക് അകമ്പടിസേവിക്കുവാൻ സിക്രട്ടറി പോയി. മടങ്ങിവരുന്നവഴിക്ക് നടന്ന സംഭവങ്ങൾ ഗവണ്ണരെ അറിയിക്കുകയും ചെയ്തു. കച്ചേരിമുറിയിൽ പ്രവേശിച്ച പീലാത്തോസ് നസ്രായനെ കണ്ടയുടൻ ഒന്നു ഞെട്ടി മലിമസവും ഛിന്നഭിന്നവുമായ ചെങ്കുപ്പായം അണിഞ്ഞു കാണപ്പെട്ട നസ്രായൻ ഈശോയുടെ ശരീരത്തിൽ രക്തധാരയൊഴുക്കുന്ന മുറിവുകളല്ലാതെ മറെറാന്നും കാണാനില്ലായിരുന്നു. ക്ഷതമേല്ക്കാത്ത യാതൊരു ഭാഗവും ദൃശ്യമായില്ല. ഉപായത്തിൽ മെടഞ്ഞ മുൾമുടിക്ക് കീഴ് മുഖം പിണഞ്ഞ രക്തംകൊണ്ട് നിർമ്മിച്ച പീത്തകൾ പാകിയതുപോലെ കാണപ്പെട്ടു. മൊത്തത്തിൽ നസ്രായൻ അവാച്യമായ ദുർദ്ദശാപരിപാകത്തിന്റെ ചിത്രമായിരുന്നു.

ഈ അവസ്ഥയിൽ ജനങ്ങൾ കാണത്തക്കവണ്ണം വാതിക്കലേക്കു യേശുവിനെ നയിക്കുവാൻ പീലാത്തോസ് ഭടന്മാർക്കാജ്ഞനൽകി.

"കണ്ടാലും! ഇതാ ഒരു മനുഷ്യൻ!" എന്നിങ്ങനെ അദ്ദേഹം അസംഗതം ഉച്ചത്തിൽ വിളിച്ചുപറഞ്ഞു.

പ്രൊക്കുറയിററർ എന്തു പറയുവാനാണാഗ്രഹിച്ചതെന്നു മാർക്കസിനൂഹം തോന്നി. വികാരാത്മകമായ ഒരു പ്രകൃതിയല്ലായിരുന്നു പീലാത്തോസിനുണ്ടായിരുന്നത്. എങ്കിലും നസ്രായന്റെ കാൎയ്യത്തിലുണ്ടായ ക്രൗൎയ്യപ്രകടനത്തിന്റെ മുമ്പിൽ, പീലാത്തോസ് സംസാരശക്തി ക്ഷയിച്ചവനായിത്തീന്നു. പറഞ്ഞതിൽ കൂടുതൽ എന്തെങ്കിലും സംസാരിക്കുവാൻ അദ്ദേഹത്തിന്റെ ജിഹ്വ ചലിച്ചില്ല. അദ്ദേഹം പ്രകാശിപ്പിക്കുവാനാശിച്ച ആശയം ഇപ്രകാരമായിരുന്നിരിക്കണം; "ഒരു മനുഷ്യജീവിയോടീവിധം പെരുമാറിയതിൽ നിങ്ങൾ തൃപ്തരല്ലയോ? നിങ്ങളെപ്പോലെയുള്ള ഈ മനുഷ്യനെ നിങ്ങൾ ലജ്ജാവിഹീനരായി നിൎദ്ദയം ചമ്മട്ടികൊണ്ടടിച്ചതിനാൽ ഇയാളുടെ മനുഷ്യക്കോലംപോലും നഷ്ടമായിരിക്കുന്നു! നിങ്ങൾക്ക് മനസ്താപം തോന്നുന്നില്ലേ? ഇതുകൊണ്ടൊന്നും നിങ്ങൾക്ക് തൃപ്തിവന്നില്ലേ?" ഉള്ളിലടക്കിയ ഈ ആശയങ്ങളോടുചേർത്തു പീലാത്തോസ് പ്രഖ്യാപിച്ചു; "ന്യായശീലനായ ഈ മനുഷ്യനിൽ ഞാൻ ഒരു കുററവും കാണുന്നില്ല."

പെട്ടെന്നു ജനാവലിയുടെ ആക്രോശനം കേൾക്കാറായി. "അയാളെ കുരിശിൽ തറയ്ക്കു, അയാളെ കുരിശിൽ തറയ്ക്കു" എന്നു് ജനങ്ങൾ ആർത്തുവിളിച്ചു. അവരുടെയിടയിൽ അങ്ങുമിങ്ങുമുണ്ടായിരുന്ന പുരോഹിതന്മാർ കൂടുതൽ സ്വരമുണ്ടാക്കുവാൻ അവരെ പ്രേരിപ്പിക്കുകയുംചെയ്തു.

മററുള്ളവരുടെ ശബ്ദകോലാഹലങ്ങളെ തന്റെ സ്വരം അതിലംഘിക്കുമാറു് നഥാനിയേൽറാബി തൊണ്ടപൊട്ടിച്ചലറി, "ഞങ്ങളുടെ നിയമപ്രകാരം അയാൾ മരിക്കുകതന്നെ വേണം; എന്തെന്നാൽ അയാൾ സ്വയം ദൈവപുത്രനാക്കി" സംഭവവികാസങ്ങളെ അതിയായി വെറുത്ത പീലാത്തോസ് സമാധാനം നൽകി: "അയാളെ കൊണ്ടുപോയി നിങ്ങൾതന്നെ കുരിശിൽ ഏററിക്കൊള്ളുവിൻ."

"ഞങ്ങൾക്കതിനവകാശമില്ലെന്ന് അങ്ങേക്കറിയാമല്ലോ" നഥാനിയേൽറാബി വീണ്ടും അലറി.

നസ്രായനെ തന്റെ മുമ്പാകെ ഒരിക്കൽക്കൂടെ കൊണ്ടുവരുന്നതിനു് പീലാത്തോസ് ആജ്ഞനൽകി; അനന്തരം അദ്ദേഹത്തോടായി ചോദിച്ചു: "നീങ്ങൾ എവിടെ ജാതനാകുന്നു?" യേശു ഉത്തരം നൽകിയില്ല.

"നിങ്ങൾ എന്തുകൊണ്ട് എന്നോട് സംസാരിക്കുന്നില്ലാ? നിങ്ങളെ കുരിശിൽ തറയ്ക്കുവാനും വിട്ടയക്കുവാനും എനിക്കധികാരമുണ്ടെന്നു് നിങ്ങൾ അറിയുന്നില്ലേ?" ഗവർണർ വീണ്ടും ചോദിച്ചു.

"മുകളിൽനിന്നു് നിങ്ങൾക്കു് കിട്ടിയില്ലെങ്കിൽ, എനിക്കെതിരായി യാതൊരധികാരവും നിങ്ങൾക്കുണ്ടാകുവാൻ കഴിയുകയില്ലാ; ആകയാൽ എന്നെ നിങ്ങളുടെ പക്കൽ ഏല്പിച്ചുതന്നവനാണ് കൂടുതൽ പാപം."

ഈ സമാധാനത്തിനെന്തൎത്ഥമാണ് യേശു കല്പിച്ചതെന്നു് പീലാത്തോസിനു് മനസ്സിലായില്ല. അങ്കണത്തിൽനിന്നു് പൊങ്ങിയ "അയാളെ കുരിശിൽ തറയ്ക്കു" "അയാളെ കുരിശിൽ തറയ്ക്കു" എന്ന മുറവിളി അദ്ദേഹം തുടന്നു കേട്ടുകൊണ്ടിരുന്നു. ജനക്കൂട്ടത്തിന്റെ രോഷാവേശം അലതല്ലി കച്ചേരിമുറിയിലെ ഭിത്തികളെ സമീപിക്കുന്നതായും താൻ കൂടുതൽ സമയം അവിടെ കഴിക്കുന്നതുചിതമല്ലെന്നും പ്രൊക്കുറയിററർക്കു തോന്നി. എങ്ങനെയായാലും സംഗതി ഉടൻ അവസാനിപ്പിക്കണമെന്നു് പീലാത്തോസ് തീരുമാനിച്ചു. അങ്കണത്തിൽനിന്നു് ബലംപ്രയോഗിച്ചു് ജനങ്ങളെ അകററണമെന്നു് ഭടന്മാർക്കാജ്ഞ നൽകുവാൻ വാതിക്കലേക്കു നീങ്ങുകയിൽ നഥാനിയേൽറാബി ഉച്ചത്തിൽ വിളിച്ചുപറയുന്നതു് പീലാത്തോസ് കേട്ടു. അതീപ്രകാരമായിരുന്നു: "ഈ പ്രക്ഷോഭകാരിയെ വിട്ടയക്കുന്നപക്ഷം താങ്കൾ സീസറിന്റെ മിത്രമല്ലാ. സ്വയം രാജാവെന്നു പ്രഖ്യാപിക്കുന്നവനാരോ അയാൾ ആഗസ്റ്റസിനെതിരായിട്ടത്രെ സംസാരിക്കുന്നതു്."

ഈ വാക്കുകൾ മേഘഗർജ്ജനം കണക്കേ പീലാത്തോസിന്റെ കർണ്ണങ്ങളിൽ തട്ടി. "സീസറിന്റെ മിത്രമല്ലാ", തന്നെപ്പററി ഇതു പറയുവാൻ റാബി തുനിഞ്ഞല്ലോ എന്നായിരുന്നു പീലാത്തോസിന്റെ ചിന്ത.

"ഇദ്ദേഹം നിങ്ങളുടെ രാജാവാകുന്നു. ഞാൻ അദ്ദേഹത്തെ കുരിശിലേററണമെന്നു് നിങ്ങൾ എന്തുകൊണ്ടെന്നോടാവശ്യപ്പെടുന്നു?" പീലാത്തോസ് ചോദിച്ചു.

പീലാത്തോസ് പറഞ്ഞതു കേൾക്കത്തക്കവിധം അടുത്തുനിന്നിരുന്ന റാബി നഥാനിയേലും മററു പുരോഹിതന്മാരും ഒററസ്വരത്തിൽ പ്രഘോഷിച്ചു: "ഞങ്ങൾക്കു സീസറല്ലാതെ വേറെ രാജാവില്ല"

ഈ വാക്കുകൾ പീലാത്തോസിനെ പരാങ്മുഖനാക്കി. ദുർഭഗമായ ഒരപശബ്ദം തന്നിൽനിന്നു പുറപ്പെട്ടതുപോലെ അദ്ദേഹത്തിനുതോന്നി. അവിടെ നടന്നതെല്ലാം അപ്പടി റോമായിൽ അറിയിച്ചാൽ യഹൂദന്മാക്കൊരു രാജാവു് പ്രഖ്യാപിതനാകുവാൻ യൂദിയാഗവണ്ണർ അനുവദിച്ചുവെന്നും, റോമാസാമ്രാജ്യത്തിൽ ഒരേയൊരു ചക്രവൎത്തിയേയുള്ളുവെന്ന വസ്തുത യഹൂദപുരോഹിതന്മാർ ആസ്ഥാനിയെ അനുസ്മരിപ്പിക്കേണ്ടിവന്നുവെന്നും ആഗസ്റ്റസ് ധരിക്കുവാനിടയുണ്ടെന്നായിരുന്നു അദ്ദേഹത്തിന്റെ ഭയം. അപ്രകാരമൊരു വാൎത്ത റോമായിലെത്തിയാൽ പീലാത്തോസിന്റെ കഥ കഴിയുമായിരുന്നു. ജറുസലേമിൽനിന്നു തങ്ങൾക്കു ഹൃദ്യമായ വാൎത്ത പുറത്തിറക്കുവാൻ പുരോഹിതന്മാൎക്കു മാർഗ്ഗമുണ്ടായിരുന്നുവെന്നും പീലാത്തോസ് ധരിച്ചിരുന്നു. ഇതിന്റെയെല്ലാം ഫലമായി പീലാത്തോസൊരു തീരുമാനത്തി

കമ്മ്യൂണിസം കുഴൽക്കണ്ണാടിയിൽ

# റഷ്യൻ ചതുരംഗത്തിൽ ക്രൂഷേവ് ജയിച്ചു, മൊളോട്ടോവ് അടിയറവ് സമ്മതിച്ചു

(നിരീക്ഷകൻ)

സ്റ്റാലിന്റെ മരണശേഷം റഷ്യയിൽ അധികാരത്തിനുവേണ്ടി കൊണ്ടുപിടിച്ച ഒരു ചൂതുകളി നടന്നുകൊണ്ടിരിക്കുകയായിരുന്നുവല്ലോ. വിഷമംപിടിച്ച ഈ ചതുരംഗത്തിൽ പല അരങ്ങുകളും ഇതിനിടയിൽ പാറയുകയുണ്ടായെങ്കിലും ഇത്തവണത്തെ ക്രൂഷേവിന്റെ കരുനീക്കത്തോടുകൂടിയാണു പ്രതിപക്ഷം അടിയാവു സമ്മതിച്ചതെന്നാണ് സംഭവഗതികളിൽ നിന്നു അനുമാനിക്കേണ്ടതു്. മൊളോട്ടോവിന്റെ നേതൃത്വത്തിലുള്ള സ്റ്റാലിനിസ്റ്റു കക്ഷിയും ക്രൂഷേവിന്റെ നേതൃത്വത്തിലുള്ള നവലെനിനിസ്റ്റു കക്ഷിയുമാണ് ആദർശപരമായ ഈ വിഭിന്നപക്ഷങ്ങൾ. സ്വേച്ഛാധിപത്യരാഷ്ട്രങ്ങളിൽ അധികാരവടംവലി ഒഴിച്ചുകൂട്ടുവാൻ പാടില്ലാത്ത ഒരു ഘടകമാണ്. ഒരു സ്വേച്ഛാധിപതി അഗ്രിമസ്ഥാനത്തു വേരുറയ്ക്കുന്നതുവരെ മത്സരകക്ഷികൾ അവരവരുടെ കഴിവുകളും തന്ത്രങ്ങളും എല്ലാം പ്രയോഗിക്കും, എതിരാളികളെ തട്ടിയിട്ടു് ഒന്നാംസ്ഥാനത്തെത്താൻ. ലെനിന്റെ കാലശേഷം നടന്നതതാണ്. സ്റ്റാലിന്റെ മരണശേഷവും അതുതന്നെ ആവർത്തിച്ചു. സ്റ്റാലിൻ മരിക്കുമ്പോൾ കമ്മ്യൂണിസ്റ്റു പാർട്ടിയിലെ പ്രമുഖനേതാക്കന്മാർ, 37 കൊല്ലം ഒരു പാർട്ടിഅംഗമായിരുന്നിട്ടുള്ള മലെങ്കോവും, 46 കൊല്ലം പഴക്കമുള്ള കഗനോവിച്ചും, 51 കൊല്ലം പഴക്കമുള്ള മൊളോട്ടോവുമായിരുന്നു. സ്റ്റാലിന്റെ ശിഷ്യരും സഹപ്രവർത്തകരുമായിരുന്ന ഇവരുടെ ശിഷ്യന്മാരാണ് ഇപ്പോഴത്തെ സെൻട്രൽക്കമ്മിററിയിലെ മിക്ക അംഗങ്ങളും. ക്രൂഷേവ് 1934 ലാണ് സെൻട്രൽക്കമ്മിററി അംഗമായതു്. 1939-ൽ അദ്ദേഹം പൊളിററ്ബ്യൂറോയിലും 1953-ൽ ഒന്നാംസിക്രട്ടറിയുടെ സ്ഥാനത്തും എത്തിയതു് മൊളോട്ടോവിന്റെയും, മലങ്കോവിന്റെയും, കഗനോവിച്ചിന്റെയും സഹായത്തിലും സംരക്ഷണത്തിലുമാണ്. ഈ തലതൊട്ടപ്പന്മാരുടെതന്നെ കുതികാൽമുറിച്ചാണു് ഇന്നദ്ദേഹം റഷ്യയിലെ ഏകച്ഛത്രാധിപത്യം കൈക്കലാക്കിയിരിക്കുന്നതു്. ഇതു നന്ദിഹീനതയും വഞ്ചനയുമാണെന്നു സാധാരണന്മാർ വിചാരിച്ചേക്കും. പക്ഷെ കമ്മ്യൂണിസ്റ്റ് തത്വസംഹിതയിൽ അങ്ങനെ ഒന്നില്ല. "കൈയൂക്കുള്ളവൻ കാര്യക്കാരനെ"ന്നുള്ള തത്വത്തിന്റെ ആധുനികപതിപ്പാണ് അവക്കാലംബം.

ഈ അധികാരവടംവലിട്ടത്തിൽ വ്യക്തികളുടേയോ ഗ്രൂപ്പുകളുടേയോ സ്വാധീനതയുടെ ബലപരീക്ഷണം മാത്രമല്ല ഉള്ളതു്; മേൽസൂചിപ്പിച്ചപോലെ, കമ്മ്യൂണിസത്തിന്റെ വ്യാപകമായ നയപരിപാടികളത്തു നടമാടിയിരുന്ന വിഭിന്നങ്ങളായ രണ്ടാദർശങ്ങളുടെ സംഘട്ടനമാണ് നടന്നതു്. ആഭ്യന്തരവും വിദേശീയവുമായ നയത്തിൽ വികേന്ദ്രീകരണം വേണമെന്നു ക്രൂഷേവ് പ്രഭൃതികളും, അതല്ല സ്റ്റാലിന്റെ യാഥാസ്ഥിതികാദർശമാണ് പുലരേണ്ടതെന്നു മൊളോട്ടോവ് പക്ഷക്കാരും വാദിച്ചു. മൊളോട്ടോവിന്റെ പക്ഷത്തു് കഗനോവിച്ച്, മലെങ്കോവ്, ഷെപ്പിലോവ് മുതലായ മികച്ച നേതാക്കന്മാർ അണിനിരന്നു പാർട്ടി സെൻട്രൽക്കമ്മിററിയുടെ 1956 ഡിസംബർ സമ്പൂർണ്ണസമ്മേളനം ഈ അഭിപ്രായഗതിയെ അംഗീകരിച്ചു. ഹംഗറിയിലേയും പോളണ്ടിലേയും വിപ്ലവങ്ങൾ കഴിഞ്ഞിരുന്നതുകൊണ്ടും, ലോകം മുഴുവനിലുംതന്നെ കമ്മ്യൂണിസം ഒരു പ്രതിസന്ധിഘട്ടത്തെ തരണംചെയ്തിരുന്നതുകൊണ്ടും, കമ്മ്യൂണിസ്റ്റ് ബുദ്ധിജീവികളുടേയും വിദ്യാർത്ഥികളുടേയും ഇടയിൽ വലിയ അസ്വാസ്ഥ്യത ദൃശ്യമായിരുന്നതുകൊണ്ടും നേതൃത്വത്തിന്റെ പ്രശ്നം പിന്നേയും രൂക്ഷമായി. സ്റ്റാലിനിസ്റ്റു സിദ്ധാന്തങ്ങൾക്കു വിരുദ്ധമായ ക്രൂഷേവിന്റെ നയവ്യതിയാനമാണ് ഈ അത്യാഹിതങ്ങൾക്കെല്ലാം കാരണമെന്നു മൊളോട്ടോവുഗ്രൂപ്പുകാർ ആരോപണംനടത്തി. യഥാർത്ഥത്തിൽ ക്രൂഷേവിന്റെ വിധിത്രാസിലാടുന്ന ഒരു വിഷമസന്ധിയായിരുന്നു അതു്.

1956 ഡിസമ്പറിലെ "പ്ലീന"ത്തിൽ ക്രൂഷേവു പരാജയം സമ്മതിക്കുന്നതിനും, 1957 ജനുവരി 18-ാം തിയതി ചൈനീസ് എംബസിയിൽവച്ചു് മൊളോട്ടോവുഗ്രൂപ്പിന്റെ നിർബന്ധമനുസരിച്ചു് സ്റ്റാലിനിസ്റ്റ്നയത്തെ പിന്താങ്ങുന്നതായി പരസ്യപ്രഖ്യാപനം നടത്തുന്നതിനും ഇടയായെങ്കിലും ഈ പ്രകടനങ്ങളെല്ലാം വഞ്ചനാത്മകമായിരുന്നു. ക്രൂഷേവ് ഒട്ടും സമയം കളയാതെ ഒരു ആലോകപര്യടനത്തിനിറങ്ങി. അദ്ദേഹത്തിന്റെ ഉദ്ദേശം അടുത്ത സമ്പൂർണ്ണസമ്മേളനത്തിൽ സെൻട്രൽക്കമ്മിററിയിലെ പ്രമുഖന്മാരായ എല്ലാ അംഗങ്ങളുടേയും സൗമനസ്യം സമ്പാദിക്കുക എന്നതായിരുന്നു. കമ്മിററിയിലെ ബന്ധപ്പെട്ടവരായ അരിസ്റ്റോവ്, ബെല്യേവ്, ബ്രഷ്നേവ് മുതലായവരേയും അതേ ദൗത്യം നിർവ്വഹിക്കുന്നതിനു നിയോഗിച്ചു. 1957 ഫെബ്രുവരിയിൽ നടന്ന "പ്ലീന"ത്തിൽതന്നെ ഇതിന്റെ ഗുണഫലങ്ങൾ പ്രത്യക്ഷമായി. പ്രസ്തുത പ്ലീനം ക്രൂഷേവിന്റെ വ്യവസായ പ്രവർത്തനവികേന്ദ്രീകരണപ്ലാൻ അംഗീകരിച്ചു. തന്മൂലം മോസ്കോയിൽ മൊളോട്ടോവുഗ്രൂപ്പിന്റെ നില ഇളകി. മൊളോട്ടോവിന്റെ വിശ്വസ്തനായ ഷെപ്പിലോവിനെ വിദേശകാര്യമന്ത്രിസ്ഥാനത്തുനിന്നു മാററി, ഒരൊത്തുതീർപ്പെന്നവണ്ണം സെൻട്രൽകമ്മിററിസിക്രട്ടറിയേററിൽ ഒരുദ്യോഗം കൊടുത്തപ്പോൾ അതൊന്നുകൂടി ദുർബലമായി. എങ്കിലും മത്സരം തുടർന്നുകൊണ്ടിരുന്നു.

1957 ജൂൺപ്ലീനത്തെതുടർന്നാണ് വിധിനിർണ്ണായകമായ പരിവർത്തനങ്ങൾ സംഭവിച്ചതു്. അതിനുമുമ്പായി അണിയറയിൽ പല പോരാട്ടങ്ങളും ഉഗ്രമായി നടന്നുവെന്നു അതിന്റെ നിശ്ചയങ്ങൾ വെളിവാക്കുന്നുണ്ടു്. ഏററം പ്രധാനമായ ഒരു പ്രശ്നം ക്രൂഷേവിന്റെ വികേന്ദ്രീകരണനയത്തിനെതിരായി എതിർകക്ഷികൾ കൊണ്ടുവന്നതായിരുന്നു. മൊളോട്ടോവിന്റെ പ്രബലമായ കക്ഷിനിലയെ ക്രൂഷേവു ഭയപ്പെട്ടിരുന്നു. അതുകൊണ്ടു് വേറൊരടവാണ് അദ്ദേഹം സ്വീകരിച്ചതു്. വികേന്ദ്രീകരണനയം പൊതുജനങ്ങളുടെ അഭിപ്രായത്തിനു വിടണമെന്നു അദ്ദേഹം ആവശ്യപ്പെട്ടു. പൊതുജനപിന്തുണ അദ്ദേഹത്തിനു ലഭിച്ചു. മൊളോട്ടോവു കക്ഷി ഈ വാദപ്രതിവാദത്തിൽ ഇടപെട്ടില്ല. ഏതുവിധത്തിലായാലും സുപ്രീംസോവ്യററിന്റെ മേയ്മാസസമ്മേളനത്തിൽ ക്രൂഷേവിന്റെ തിസ്സിസ് നിയമമായി പ്രഖ്യാപിക്കപ്പെട്ടു. മൊളോട്ടോവുഗ്രൂപ്പ് ഈ നിയമത്തോടു് പ്രതികൂലമനോഭാവമാണ് സ്വീകരിച്ചതു്. അതും ക്രൂഷേവിനനുകൂലമായി; കാരണം പൊതുജനാനുകൂല്യം അദ്ദേഹത്തിന്റെ ഭാഗത്തു ഉറപ്പിക്കുന്നതിനു്, ജനഹിതമനുസരിച്ചു സ്വീകരിക്കപ്പെട്ട നിയമത്തിനു മൊളോട്ടോവുപക്ഷം എതിരാണെന്നു ജനങ്ങളെ ബോദ്ധ്യപ്പെടുത്തുവാൻ അതു സഹായിച്ചു. പൊതുജനങ്ങളെ വശീകരിക്കുന്നതിനു പററിയ ചില പദ്ധതികളും ക്രൂഷേവു സന്ദർഭോചിതമായി പ്രയോഗിച്ചു. അടുത്ത രണ്ടുമൂന്നുകൊല്ലത്തിനിടയിൽ മാംസം, പാൽ, വെണ്ണ മുതലായവയുടെ ഉല്പാദനത്തിൽ അമേരിക്കയെപ്പോലും അതിശയിക്കാവുന്ന ഒരു പദ്ധതി; കൃഷിക്കാർ രാജ്യത്തിന്റെ ഇതരഭാഗങ്ങളുടെ ആവശ്യാർത്ഥം അവരുടെ വിളവിൽ ഒരു നിശ്ചിതഭാഗം നിർബന്ധമായി ഗവമ്മെന്റിനെ ഏല്പിച്ചുകൊള്ളണമെന്നുള്ള നിയമം റദ്ദാക്കുന്നതിനു പാർട്ടികമ്മിററി സ്വീകരിച്ച നിലപാടു് എന്നിവയായിരുന്നു അവ. മൊളോട്ടോവുഗ്രൂപ്പിന്റെ നിർഭാഗ്യത്തിനെന്നു പറയാം, പൂർണ്ണസമ്മേളനത്തിൽ ഈ രണ്ടു പദ്ധതികളേയും അവർ എതിർത്തു. ജനരോഷം അവക്കെതിരായി ഉയന്നു. "യാഥാസ്ഥിതികന്മാരും, തത്വവേദാന്തികളും, കക്ഷിതല്പരരും" പുറത്തുപോകട്ടെ എന്നുള്ള മുറവിളിയാണ് സമ്മേളനത്തിൽ മാറെറാലിക്കൊണ്ടതു. യോഗത്തിൽ സ്വീകരിക്കപ്പെട്ട പ്രമേയം ഇതിനു തെളിവാണ്.

സോവ്യററ്റഷ്യയിലെ അന്തരീക്ഷം ക്രൂഷേവിനനുകൂലമായി തെളിഞ്ഞതോടൊപ്പംതന്നെ, വിദേശനയത്തെ സംബന്ധിച്ചും അദ്ദേഹത്തിനു സഹായകമായ സാഹചര്യങ്ങളുണ്ടായി. ഒന്നു് ടിറേറാ ക്രൂഷേവും കാഡറുമായി സന്ധിപ്പെടുന്നതിനു കാണിച്ച താല്പര്യം; രണ്ടു് മൊളോട്ടോവുഗ്രൂപ്പുമൂലം സോഷ്യലിസ്റ്റു പാർട്ടിയിൽ നിലനില്ക്കുന്ന ഭിന്നതകളെ അധികരിച്ചു് മാവോസെതുങ്ങ് ചെയ്ത ഒരു പ്രസംഗം. ഈ പ്രസംഗം ഉടനെതന്നെ പ്രവ്ദായിൽ പ്രാമാണ്യംകൊടുത്തു പ്രസിദ്ധീകരിക്കുന്നതിനു ക്രൂഷേവു വേണ്ട ഏർപ്പാടുകൾ ചെയ്തു. പരിതസ്ഥിതികൾ ഇത്രയും മൂർച്ഛിച്ചപ്പോഴാണ് മൊളോട്ടോവുകക്ഷി സെൻട്രൽകമ്മിററിപ്രസിഡിയത്തിൽ ക്രൂഷേവിനെ എതിർക്കുവാൻ തീർച്ചയാക്കിയതു്. പക്ഷെ സ്റ്റാലിന്റെ വിശ്വസ്താനുയായികളായ മൊളോട്ടോവ്, മലെങ്കോവ്, കഗനോവിച്ച് എന്നീ ത്രിമൂത്തികളേക്കാൾ കൂടുതൽ സ്റ്റാലിനിസ്റ്റ് തന്ത്രങ്ങളെ ക്രൂഷേവു പഠിച്ചുവച്ചിരുന്നു. അവർ പ്രസിദിയത്തിനകത്താണ് പ്രക്ഷോഭണം കൂട്ടിയതു്. ക്രൂഷേവാകട്ടെ, സെൻട്രൽ കമ്മിററിയുടേയും ആഡിററിംഗ് കമ്മിഷന്റെയും ഒരു പൊതുസമ്മേളനം വിളിച്ചുകൂട്ടുകയാണു ചെയ്തതു്. സ്റ്റാലിന്റെ കാലത്തെന്നവണ്ണം ഈ സമ്പൂർണ്ണസമ്മേളനം സെൻട്രൽ കമ്മിററിസിക്രട്ടറിയേററിന്റെ അധികാരത്തിനുവേണ്ടി ഏകയോഗമായി വോട്ടുചെയ്തു. അതായതു് യഥാർത്ഥത്തിലുള്ള അധികാരം അതിൽ നിക്ഷിപ്തമായി. മൊളോട്ടോവുപാർട്ടിയുടെ അഭിപ്രായംതന്നെ അതു ചർച്ചാവിഷയമാക്കിയില്ല. ചുരുക്കത്തിൽ മൊളോട്ടോവും, മലെങ്കോവും, കഗനോവിച്ചുംകൂടി കരുപ്പിടിച്ച ഒരു സംഘടനതന്നെ, അന്നു അജ്ഞാതനായിരുന്നുവെങ്കിലും പിന്നീടു വിക്രമനായിത്തീന്ന ക്രൂഷേവിന്റെ പക്ഷംചേന്നു അവരെ പുറംതള്ളി. ഇപ്രകാരം റഷ്യൻ കമ്മ്യൂണിസത്തിന്റെ ചരിത്രത്തിൽ ഒരു ക്രൂഷേവുയുഗം സമാരംഭിച്ചിരിക്കുന്നുവെന്നാണ് മനസ്സിലാക്കേണ്ടതു്. ക്രൂഷേവിന്റെ ഏകഛത്രാധിപത്യം അരക്കിട്ടുറപ്പിക്കുന്നതിനുള്ള പദ്ധതികളാണ് ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നതു്. മൊളോട്ടോവിനെ 3000 മൈൽ അകലെയുള്ള ഔട്ടർമംഗോളിയായിലെ വരണ്ട നാട്ടിലെ അമ്പാസഡറാക്കി അയച്ചു; മലങ്കോവിനെ എടുത്തെറിഞ്ഞിരിക്കുന്നതു്, 1800 മൈലകലെ ചൈനീസ് അതിർത്തിക്കടുത്തുള്ള ഒരു പവ്വർസ്റ്റേഷനിലേക്കാണ്. ത്രിമൂത്തികളിൽ മൂന്നാമത്തെ ആളായ കഗനോവിച്ചിനെ ഉറാൾപർവ്വതങ്ങളിലെ ഒരു സിമൻറുഫാക്ടറിയിലേക്കാണു പറപ്പിച്ചിരിക്കുന്നതു്. പാവങ്ങൾ! ചതുരംഗത്തിൽ അവരുടെ കരുനീക്കം പിഴച്ചു. ക്രൂഷേവിനു അടിയറപറഞ്ഞു അവർ തോൽവി സമ്മതിക്കയല്ലാതെ ഗത്യന്തരമില്ലല്ലോ.

## വിനോദവീഥി



"എന്തിനാണു ഈ തടിയനിത്രവല്ലരെ തിന്നാൻ കൊടുക്കുന്നതു്. അയാൾ വീട്ടിൽ പട്ടിണി കിടക്കുകയാണോ?"

"ശ്ശ്", പൊന്നു കുഞ്ഞുലക്ഷ്മി, പതുക്കെ പറയൂ. അങ്ങേരു നമ്മുടെ ആപ്പീസറാണ്. പത്തുരൂപ കൂട്ടിത്തരാമെന്നു പറഞ്ഞിരിക്കുകയാണ്, അടുത്ത മാസംമുതൽ."

× × ×

ഭർത്താവ്:- ഈ ആഴ്ച നാണുവിന്റെ പീടികയിൽനിന്നു സാമാനങ്ങളൊന്നും തൂക്കി വാങ്ങിക്കരുതു കേട്ടോ?

ഭാര്യ:- അതെന്താ? അവിടെ നിന്നല്ലേ നാം എന്നും സാമാനം വാങ്ങിക്കുക?

ഭർത്താവ്:- അവരുടെ കട്ടികൾ ശരിപ്പെടുത്താൻ കൊണ്ടുപോയതുകൊണ്ടു് ഈ ആഴ്ചത്തേക്കു നമ്മുടെ കട്ടികൾ അയാൾ വായ്പ കൊണ്ടുപോയിരിക്കുകയാണ്.

× × ×



"എന്റെ ഈ ക്ഷീണം മാറാൻ ഞാനെന്താ കഴിക്കേണ്ടതെന്നു കൂടി ചോദിച്ചുപോരണേ."

"നിന്റെ വായിൽ വരുന്ന വാക്കുകളില്ലേ, അതെന്നുമങ്ങു വിഴുങ്ങിക്കൊണ്ടാൽമതി. ക്ഷീണം താനേ പറന്നുപൊയ്ക്കൊള്ളും."

---

ലെത്തി. പീലാത്തോസ് സ്വയം നശിക്കുന്നതിലും വരിയസ് നസ്രായൻ യേശു മരിക്കുന്നതത്രെ.

ന്യായാസനത്തിലിരുന്നുകൊണ്ടു് കോടതിയിലെ വിധിതീർപ്പുകൾ ജനങ്ങളെ അറിയിക്കുകയായിരുന്നു മുറ. പീലാത്തോസ് ന്യായാസനം പ്രാപിച്ചു. അനന്തരം ഒരു പാത്രം വെള്ളം തന്റെ പക്കലേക്കു കൊണ്ടുവരുവാൻ ആവശ്യപ്പെടുകയും യേശുവിനെ രണ്ടാമതും വാതിൽക്കലേക്കു നീക്കിയപ്പോൾ സദംഭം വെള്ളത്തിൽ കൈകൾ മുക്കിക്കൊണ്ടു്, "ഈ നീതിമാന്റെ രക്തം ചിന്തുന്നതു സംബന്ധിച്ചു് ഞാൻ നിർദ്ദോഷിയാകുന്നു" എന്നു ഉച്ചരിക്കുകയും ചെയ്തു.

അപ്പോൾ ജനങ്ങൾ "ഇയാളുടെ രക്തം ഞങ്ങളുടെമേലും ഞങ്ങളുടെ സന്തതികളുടെമേലും ആയിക്കൊള്ളട്ടെ"എന്നു ആത്തുവിളിച്ചു.

ഈ പ്രാകൃതജനത്തിന്റെ വിഭ്രാന്തിയോർത്തു ഗവണ്ണർ ശ്രസ്തനായി. അധികാരദണ്ഡം പെട്ടെന്നൊടുത്തു് ഭേദിച്ചു അദ്ദേഹം അതിനെ തറയിൽ ഇട്ടു. ഈശോ വധശിക്ഷയ്ക്കു വിധിക്കപ്പെട്ടുവെന്നത്രെ ഇതിന്റെ സാരം. ജനം വിജയോൽഘോഷംമുഴക്കി.

നസ്രായന്റെനേരെ തെല്ലും കണ്ണുതിരിക്കാതെ ഗവണ്ണർ അരമനയിലേക്കു പാഞ്ഞു. താൻ ചെയ്തതിനെപ്പററി വലിയ ഭീതിയും അതിനു തന്നെ പ്രേരിപ്പിച്ച പുരോഹിതവൃന്ദത്തിന്റെ പേരിൽ നിഷ്ഫലമായ അമർഷവും അദ്ദേഹത്തിനു തോന്നി. സ്വന്തം സുദൃഢമായ നിശ്ചയത്തിനു് വിരോധമായി വധത്തിനുള്ള വിധിതന്നിൽനിന്നെങ്ങനെ അവർ തട്ടിയെടുത്തുവെന്നു പീലാത്തോസിനു മനസ്സിലാക്കുവാൻ സാധിച്ചില്ല. അദ്ദേഹം എന്തെന്നില്ലാത്തവിധം ലജ്ജാധീനനായി. ആ നഗരത്തേയും യഹൂദസമുദായത്തേയും തന്നേയും സംബന്ധിച്ചു് പീലാത്തോസിൽ കുടികൊണ്ട ജുഗുപ്സ അദ്ദേഹത്തിനു വേദനാജനകമായിരുന്നു. ഒരു ദോഷവിഹീനനെ കൊലയ്ക്കുവിധിക്കുവാനിടയായതിലല്ലായിരുന്നു ഗവണ്ണരുടെ ഖേദം. ഒരു മനുഷ്യായുസ്സ് അത്ര സാരമോ! പുരോഹിതന്മാർ തന്നെ കളിപ്പിച്ചല്ലോയെന്ന ഓർമ്മ ദുസ്സഹമായ ഖേദം അദ്ദേഹത്തിനുളവാക്കി.

കാര്യനിർവ്വഹണത്തിനാവശ്യമായ പല ഉത്തരവുകൾ ഗവണ്ണരിൽനിന്നു വാങ്ങേണ്ടിയിരുന്നതിനാൽ മാർക്കസ് പീലാത്തോസിനെ അനുഗമിച്ചു. പീലാത്തോസ് ചുരുണ്ടുകൂടി തന്റെ ദുരവസ്ഥ സിക്രട്ടറിയെപ്പോലും അറിയിക്കാൻ വിസമ്മതിക്കുന്ന ഭാവത്തിൽ നീങ്ങുകയായിരുന്നു. അദ്ദേഹം ഉത്തരവുകൾ നൽകി:

"ബറാബാസിനുവേണ്ടി തയാറാക്കിയ കുരിശു് നസ്രായൻ ഏശുവിനുപയോഗിക്കണം."

"ഈശോ നസ്രായൻ, യൂദന്മാരുടെ രാജാവു്" എന്നു കുരിശിൽ എഴുതണം."

"സാന്നെദ്രീനതു ഇഷ്ടപ്പെടുകയില്ല" മാർക്കസ് അഭിപ്രായപ്പെട്ടു.

"ഓ, സാരമില്ല. അതുകൊണ്ടുതന്നെയാണ് അപ്രകാരം വേണമെന്നു ഞാൻ ആവശ്യപ്പെടുന്നതു്. ബറാബാസിനു മോചനം നൽകുവാനും ഏർപ്പാടുചെയ്യണം."

(തുടരും)

# നാളെ ഈശോ വരുന്നു

(ബ്രദർ സി. എം. ജോസ്)

അതൊരു ശനിയാഴ്ചയായിരുന്നു. നേരം സന്ധ്യയായി. ജോണി ഉറങ്ങാൻ തയ്യാറെടുക്കുകയാണ്. എല്ലാ ശനിയാഴ്ചയും ചെയ്യാറുള്ളതുപോലെ അന്നും അമ്മ അവനെ എണ്ണതേപ്പിച്ചു കുളിപ്പിച്ചു. സുഗന്ധവാഹിയായ "പീയേഴ്സ്"സോപ്പാണു അവളുപയോഗിച്ചതു്. നല്ല വൃത്തിയുള്ള വെള്ളവസ്ത്രങ്ങൾ അവൻ ധരിച്ചു. അവനു എന്തെന്നില്ലാത്തൊരു ആഹ്ലാദംതോന്നി. അവന്റെ ജീവിതത്തിലെ എല്ലാ ശനിയാഴ്ചകളുംപോലെയല്ലായിരുന്നു അതു്.

താൻ ശരീരത്തിലും ഹൃദയത്തിലും ഒരുപോലെ ശുദ്ധിയുള്ളവനാണെന്നു അവനു തോന്നി. അന്നു രാവിലെയാണു ചെറുതെങ്കിലും മനോഹരമായ ഗ്രാമീണദേവാലയത്തിൽവച്ചു അവൻ തന്റെ ആദ്യകുമ്പസാരം നിർവ്വഹിച്ചതു്. കിരീടംകുറഞ്ഞു് സദാ പുഞ്ചിരിക്കുന്ന ആ കൊച്ചച്ചൻ! അദ്ദേഹത്തിൽനിന്നും അനുതാപത്തിന്റെ മഹത്തായ ആ കൂദാശ അന്നവൻ സ്വീകരിച്ചു.

ഗ്രാമത്തിന്റെ ഹൃദയത്തിൽ സ്ഥലംപിടിച്ചു് ഗ്രാമദേവതയായി നിലകൊള്ളുകയാണു ആ കൊച്ചുദേവാലയം. നിഷ്കളങ്കരായ കൃഷീവലരാണു അവിടത്തെ നിത്യസന്ദർശകർ. പാടത്തു പണിയെടുക്കുമ്പോഴും കൊയ്ത്തു തകൃതിയായി നടക്കുമ്പോഴും അവരോർക്കും അവരുടെ കൊച്ചുദേവാലയത്തെ.

കുമ്പസാരത്തിനുശേഷം പള്ളിയിൽ അവൻ മുട്ടുകുത്തി, ഒരു കൊച്ചുമാലാഖായെപ്പോലെ; പ്രായശ്ചിത്തമെത്തിച്ചു. ഉണ്ണീയീശോയ്ക്കു നന്ദിപ്രകടിപ്പിച്ചു വീട്ടിലേക്കു മടങ്ങി. ഗൃഹാങ്കണത്തിൽ അവൻ അങ്ങോട്ടുമിങ്ങോട്ടും നടക്കുകയാണ്. അപ്പോൾ അവൻ തന്നോടുതന്നെ പറഞ്ഞു: "നാളെ, ഈശോ വരും."

സന്ധ്യാപ്രാർത്ഥനകളും അത്താഴവും കഴിഞ്ഞു് കിടക്കാൻ പോകാറായി. അവനുവേണ്ടി അമ്മ പായവിരിച്ചുകഴിഞ്ഞു. പായ്ക്കരികിൽ മുട്ടുകുത്തി അവൻ കുരിശിന്റെ അടയാളംവരച്ചു. രാത്രിജപങ്ങൾ ചൊല്ലി തന്റെ വീട്ടുകാരേയും കൂട്ടുകാരേയുംപററി അവനപ്പോൾ ഓർമ്മവന്നു. ഇന്നു ഈശോയിൽനിന്നും ആവശ്യപ്പെടാവുന്നതിൽ കൂടുതൽ നാളെ എനിക്കു ചോദിക്കുവാൻകഴിയും" അവനോർത്തു. നാളെ! തീർച്ചയായും ഈശോ എന്റെ ഹൃദയത്തിൽ എഴുന്നള്ളിവരും. വി. കുർബാനയിൽ ഉണ്ണീയീശോയെ സ്വീകരിച്ചു, ഹൃദയത്തിൽ ചേർത്തു ഞാൻ പുണരും! പ്രതീക്ഷകളുടെ കൊച്ചുമൊട്ടുകൾ മനോദർപ്പണത്തിൽ മെല്ലെ കണ്ണുതുറക്കുകയായി. ജോണിക്കു ഉടനെ ഉറങ്ങുവാൻ കഴിഞ്ഞില്ല. അവൻ വികാരാധീനനായി.

അവനേയും കൂട്ടുകാരേയും ആദ്യദിവ്യകാരുണ്യസ്വീകരണത്തിനു ഒരുക്കിയിരുന്ന ആ സിസ്റ്ററിനെ അവനോർത്തു. പല ദിവസങ്ങളായി അവർ പഠിക്കാൻ തുടങ്ങിയിട്ട്. പള്ളിയിൽ മുട്ടുകുത്തേണ്ടതെങ്ങിനെയെന്നും കൂട്ടുകാരോടൊത്തു മാർച്ചുചെയ്യേണ്ടതു എപ്രകാരമാണെന്നും മററുമൊക്കെ. മുട്ടുകുത്തേണ്ട സമയമറിയിക്കുവാനായി സിസ്റ്റർ അവരുടെ കൈയിലുണ്ടായിരുന്ന തടിച്ച പുസ്തകത്തിൽ മുട്ടാറുണ്ടായിരുന്നു. വികൃതികളെ ഇക്കിളിപ്പെടുത്തുന്ന ആ കൊച്ചുവൂരലിനെപ്പററിയും അവനോർത്തു. അവരുടെ കൊച്ചരിപ്പല്ലുകളിലൂടെ ഊറന്നുവീഴുന്ന, പൂനിലാവൊഴുകുന്ന, ആ നറുംപുഞ്ചിരി! അതവനു വിസ്മരിക്കുവാൻ വഹിയാ. നാളെ അവനും കൂട്ടുകാരും അവരുടെ കഴിവുകളുടെ പരമാവധി പ്രയോഗിക്കണം. നാളെ പരിശീലനമല്ല; യാഥാർത്ഥ്യമാണ്. അതാണു നാളത്തെ ദിവസത്തിന്റെ പ്രാധാന്യം.

അവനുറങ്ങാൻശ്രമിച്ചു, പായിൽ നീണ്ടുനിവന്നുകിടന്നു. പുതപ്പെടുത്തു പുതച്ചു. അപ്പോഴും ആ മുറിയിൽ മങ്ങിക്കത്തിക്കൊണ്ടിരുന്ന ആ 14-ാം നമ്പർ റാന്തൽവിളക്കിന്റെ മങ്ങിയ വെളിച്ചത്തിൽ സ്റ്റാൻഡിൽ തൂങ്ങിക്കിടന്നിരുന്ന അവന്റെ പുതിയ വെള്ളഷർട്ടും ലിനൻമുണ്ടും അവനു കാണാമായിരുന്നു. കോടിയാണതു്. ഇന്നുച്ചതിരിഞ്ഞതാണു അതു വാങ്ങിത്തേച്ചുകൊണ്ടുവന്നതു്. അവനതു നാളെ ധരിക്കും. ഒരു വെള്ളമാടപ്രാവിനെപ്പോലെ. നാളെ കുടുംബാംഗങ്ങളോടുകൂടെ കുണുങ്ങിക്കുണുങ്ങി പള്ളിയിൽ പോകും. പുതിയ ജോഡി വെള്ളഷൂസും കാലിന്മേൽ അവൻ തള്ളിക്കയററും. അടുത്തുള്ള കന്യകാമഠത്തിലെ കന്യാസ്ത്രീകൾ അവനുവേണ്ടി പ്രത്യേകം തയ്യാർചെയ്ത ആ മനോഹരമായ പൂമുടിയുംകൂടി അവൻ നാളെ അണിയും. പൊന്നുപൂശിയ കൊച്ചു പ്രാർത്ഥനപ്പുസ്തകവും വെള്ളികെട്ടിയ റോമൻകൊന്തയും—അതവന്റെ അമ്മാവൻ അവനു സമ്മാനിച്ചതാണു്—നാളെ അവൻ പള്ളിയിൽ കൊണ്ടുപോകും.

എത്രസമയം അങ്ങനെ കടന്നുപോയെന്നു അവനറിവില്ല. ആരുടേയോ പാദവിന്യാസം കേട്ടാണു അവനാ മനോസ്വപ്നത്തിൽ നിന്നുണർന്നതു്. മുറിയിലെ ഒളിവിശേഷത്തിൽ അമ്മ അവിടേക്കു വരുന്നതു അവൻ കണ്ടു.

"ഓമനേ, നീ ഉറങ്ങിയില്ലേ?" അമ്മ ചോദിച്ചു ജോണി കൈമുട്ടുകളിൽ ഒന്നു മടക്കി തലയ്ക്കാധാരമായിവെച്ചു. "ഇല്ല അമ്മ, ഞാൻ ചിന്തിക്കുകയായിരുന്നു" അവൻ പ്രതിവചിച്ചു. "പള്ളിയിൽ നടക്കുന്നതും സിസ്റ്റർ പറഞ്ഞിട്ടുള്ളതുപോലെ കൂട്ടുകാരനെ കാക്കുന്നതുമൊക്കെ ഓർക്കുകയായിരുന്നു. പുതിയ ഉടുപ്പുകളെപ്പററിയും പൂമുടിയെപ്പററിയും ചിന്തിക്കുകയായിരുന്നു"വെന്നും അവൻ അമ്മയോടു പറഞ്ഞു.

ആ പായുടെ ഒരു തലയ്ക്കൽ അമ്മയിരുന്നു. ഓമനപുത്രനെ തഴുകിത്തലോടിക്കൊണ്ടു പറയുകയാണു്, "മകനെ, നിന്റെ വികാരങ്ങൾ ഞാനറിയുന്നു, പക്ഷെ കാര്യമായ ഒരു സംഗതിമാത്രം നീ ചിന്തിക്കുന്നില്ല. ഒന്നു മാത്രമേ കാര്യമായിട്ടുള്ളു. അതു നീ മറന്നു."

അമ്മ പറയാൻ പോകുന്നതെന്താണെന്നു അവനു മനസ്സിലായി എങ്കിലും അവൻ അമ്മയോടു കൂടുതൽ അടുത്തിരുന്നു, ശ്രദ്ധയോടെ കേൾക്കുവാൻ തുടങ്ങി. "മകനെ, നാളെ നമ്മുടെ പള്ളിയിലെ അൾത്താര മനോഹരമായ വെള്ള ലില്ലിപുഷ്പങ്ങളാലലംകൃതമായിരിക്കും. വെള്ളയണിഞ്ഞ കൊച്ചുമാലാഖാമാരുടെ നിർമ്മല ഹൃദയങ്ങൾ ആനന്ദാതിരേകത്താൽ മതിമറക്കും. മകനെ, നിന്റെ ഈ പ്രഥമദിവ്യകാരുണ്യസ്വീകരണാവസരം കഴിവതും മോടിയാക്കണമെന്നു എനിക്കും നിന്റെ പിതാവിനും മറെറല്ലാവർക്കും തന്നെ അതിയായ ആഗ്രഹമുണ്ട്. പക്ഷെ ഇതെല്ലാം ഈശോയുടെ ബഹുമാനത്തിനായിട്ടുമാത്രം"

"അമ്മേ, പ്രധാനമായതെന്തെന്നു എനിക്കറിയാം, തീർച്ചയായും ഞാനതറിയുന്നു." പായിൽ എഴുന്നേററിരുന്നുകൊണ്ടു ഒരാശ്വാസത്തിൽ അവനതു പറഞ്ഞുതീർത്തു.

"പറയൂ, മകനെ." അമ്മയ്ക്കു ധൃതിയായി, കൊച്ചുമകന്റെ മറുപടി കേൾക്കുവാൻ.

"നാളെ, ഈശോ വരുന്നു. പൊന്നുപൂശിയ സക്രാരിയിൽ പള്ളികൊള്ളുന്ന കൊച്ചുണ്ണിയീശോ ദിവ്യയപ്പത്തിലൂടെ നാളെ എന്റെ ഹൃദയത്തിൽ എഴുന്നള്ളിവരും. തീർച്ചയായും ഈശോ വരും. ഒരിക്കലും ഉണ്ണിയീശോയെ പോകാൻ ഞാനനുവദിക്കില്ല. എന്റെ ഹൃദയത്തിൽ ഒരു മണിമന്ദിരവും അതിലൊരു പട്ടുമെത്തയും ഞാൻ സജ്ജമാക്കും. ഞാൻ പൊന്നുണ്ണിയുടെ കളിത്തോഴനാകും. ഉണ്ണിയീശോയെ ഇവിടെ പാർപ്പിക്കാം, അല്ലേ അമ്മേ?" സന്തോഷാധിക്യത്താൽ മതിമറന്നു മാതാവു കൊച്ചുമകന്റെ പൂങ്കവിളിൽ ഒരു നൂറുനൂറായിരം ചുടുചുംബനങ്ങളർപ്പിച്ചു കൃതാർത്ഥയായി.

"മകനെ, നീ ഇപ്പോൾ ഉറങ്ങു നിനക്കിപ്പോൾ ഉറങ്ങുവാൻ കഴിയും." അമ്മ പറഞ്ഞതു വാസ്തവമായിരുന്നു. പായിൽ കിടന്നതു മാത്രമേ അവനോർമ്മയുള്ളു. പിന്നെ ഉണർന്നതു തന്റെ പ്രഥമ ദിവ്യകാരുണ്യസ്വീകരണ ദിനത്തിലായിരുന്നു.

---

ബ: അൽഫോൻസാമ്മയുടെ സഹായത്താൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിനു് ഉപകാരസ്മരണ.

C. T. J.

---


# St. JOSEPH'S ART STUDIO

*Statue Manufacturers and Artists*

**Fatima Nagar, Trichur**

വില കുറച്ചിരിക്കുന്നു

ആവശ്യപ്പെടുക: എല്ലാവിധ തിരുസ്വരൂപങ്ങൾ സിമന്റിലും, പ്ലാസ്റ്റർ ഓഫ് പാരീസിലും, മരത്തിലും, ഏതു തരത്തിലും വലുപ്പത്തിലും ഇഷ്ടാനുസരണം തയ്യാർ ചെയ്തുകൊടുക്കുന്നതാണ്.

*PROPRIETORS:*

**Artist T. P. Joseph & Sons**


## ഇടവകവാർത്തകൾ

**പോത്താനിക്കാട്:** സ്ഥലത്തെ ഒരു പുരാതനകുടുംബമായ മുണ്ടക്കമാലിക്കുടിയിൽ കുരുവിള കുര്യാക്കോസ് അവർകളും കുടുംബവും സെപ്റ്റംബർ 15-ാംനു-ഞായറാഴ്ച കത്തോലിക്കാതിരുസഭയോടു പുനരൈക്യപ്പെട്ടിരിക്കുന്നു. പോത്താനിക്കാടു കത്തോലിക്കാപള്ളിയിൽവച്ചു് റവ. ഫാദർ സി എ ഏബ്രഹാമിന്റെ നേതൃത്വത്തിലും റവ. ഫാദർ വഴതലക്കാട്ട്, റവ. ഫാദർ പാററാനി എന്നിവരുടെ സഹകരണത്തിലും നടത്തിയ സ്വീകരണശുശ്രൂഷയിൽ പല യാക്കോബായസ്നേഹിതന്മാരുൾപ്പെട്ട ഒരു വലിയ സംഘം ആളുകൾ സംബന്ധിച്ചിരുന്നു.

**റാന്നി:** ചെത്തോംകര ക്രിസ്തുരാജപ്പള്ളിയിൽ കുട്ടികൾക്കായി സെപ്റ്റംബർ 2, 3, 4, 5 ഈ തീയതികളിൽ ഒരു ഉപദേശയോഗം നടത്തുകയുണ്ടായി. ഉപദേശം നൽകിയതു് റവ. ഫാദർ പീററർ മുണ്ടയ്ക്കൽ അവർകളാണ്. 6-ാംനു വെള്ളിയാഴ്ച റവ. ഫാദർ ജെയിക്കബ് അയിന്തിയിൽ ആഘോഷമായ വിശുദ്ധ കുർബാന അർപ്പിച്ചു. അനന്തരം സൊഡാലിററിയുടെ ഒരു വിശേഷാൽയോഗം ചേർന്നു. റവ. ഫാദർ ജേക്കബ് അയിന്തിയിൽ ആദ്ധ്യക്ഷംവഹിച്ചു മി. മാമ്മൻ വാവോലി മേപ്രത്തു പരിശുദ്ധകന്യകമറിയവും കുട്ടികളും എന്ന വിഷയത്തെപ്പററി പ്രസംഗിച്ചു കുട്ടികളുടെ കലാപരിപാടികളുമുണ്ടായിരുന്നു. കുട്ടികൾക്കു് മധുരപലഹാരവിതരണവും നടത്തി.

ചെത്തോംകരപ്പള്ളിയിൽ സ്ഥാപിതമായിരിക്കുന്ന നിത്യസഹായമാതാവു് എന്ന പ്രസിദ്ധിയത്തിന്റെ സെപ്റ്റംബർസമ്മേളനം 8-ാംതീയതി കരിമ്പനക്കളം കുര്യാപ്രസിഡണ്ടിന്റെ അദ്ധ്യക്ഷതയിൽ ചേരുകയുണ്ടായി. ബ്രദർ ഫിലിപ്പ് (കോട്ടാങ്കൽ), സിസ്റ്റർ മേരി (പ്ലാച്ചേരി) ഇവർ പ്രസംഗിച്ചു. വിവിധകലാപരിപാടികളുണ്ടായിരുന്നു. സിസ്റ്റർ മറിയാമ്മ വാവോലിമേപ്രത്തു് കൃതജ്ഞത പ്രകാശിപ്പിച്ചു.

**ചാററാട്ടുകര:** സ്ഥലത്തെ ബോയ്സ് എ സി എഫിന്റെ ആഭിമുഖ്യത്തിൽ സെപ്റ്റംബർ 8-ാംനു മി. പി ഡി ജേക്കബിന്റെ അദ്ധ്യക്ഷതയിൽ ഒരു പൊതുയോഗം കൂടി. യോഗത്തിൽ ശ്രീമാന്മാർ വക്കി വടക്കൻ, തോമസ് പാറന്നൂർ, സി വി ജോസഫ് ബി എ ബി ററി മുതലായവർ സംസാരിച്ചു

**പുത്തൻവേലിക്കര:** വിദ്യാഭ്യാസസമിതിയുടെ ആഹ്വാനമനുസരിച്ചു് സ്ഥലത്തു് കത്തോലിക്കാ മാനേജുമെന്റുസ്കൂളുകൾ അടച്ചു് ഹർത്താൽ അനുഷ്ഠിച്ചു.

---

## കൃതജ്ഞത

വി. പത്താംപീയൂസിന്റെ മാദ്ധ്യസ്ഥതാലും സി. അൽഫോൻസാമ്മയുടെ സഹായത്താലും ഉദ്ദിഷ്ടകാര്യം സാധിച്ചതിനു ഉപകാരസ്മരണ.

Thresia

---

നാലുമണിക്കു് വി. ശങ്കരൻകുട്ടിമേനോന്റെ അദ്ധ്യക്ഷതയിൽ ഇളന്തിക്കര നാലുവഴിമൈതാനിയിൽ ഒരു വമ്പിച്ച പൊതുയോഗംചേർന്നു. യോഗത്തിൽ ശ്രീമാന്മാർ തോമസ് വാഴപ്പിള്ളി, ജോസ് മൂഞ്ഞേലി, പി സി ദേവസ്സി (പഞ്ചായത്തുപ്രസിഡണ്ട്) എം എച്ചു് പൗലോസ് തുടങ്ങിയവർ പ്രസംഗിച്ചു. ഇന്ത്യൻ പ്രസിഡന്റിനോടും കേരളാഗവണ്മെന്റോടും വിദ്യാഭ്യാസബില്ലിനു് അംഗീകാരം നൽകരുതെന്നപേക്ഷിക്കുന്ന ഒരു പ്രമേയം ഐകകണ്ഠ്യേന പാസ്സാക്കുകയുംചെയ്തു.

**പൈങ്ങക്കരി:** കേരളകമ്മ്യൂണിസ്റ്റ്മന്ത്രിസഭ അസംബ്ലിയിൽ എതിർപക്ഷങ്ങളുടെ ഏകകണ്ഠമായ എതിർപ്പിനെ തൃണവൽഗണിച്ചു് പാസാക്കിയെടുത്ത മുണ്ടശ്ശേരിയുടെ വിദ്യാഭ്യാസബില്ലിനെ പ്രതിഷേധിക്കുവാൻ സെപ്റ്റംബർ 13-ാംനു സ്ഥലം പള്ളി മൈതാനിയിൽവച്ചു റവ. ഫാദർ ജോസഫ് മഞ്ചുവള്ളിയുടെ അദ്ധ്യക്ഷതയിൽ ഒരു പൊതുയോഗം കൂടി ശ്രീ തോമസ് ടി ഒരു പ്രസംഗം നടത്തി ബില്ലിനു അംഗീകാരം നൽകരുതെന്നു കേരളഗവണ്മെന്റോടും ഇന്ത്യൻ പ്രസിഡണ്ടിനോടും അപേക്ഷിക്കുന്ന ഒരു പ്രമേയം ശ്രീ സി വി മാനുവൽ യോഗത്തിൽ അവതരിപ്പിച്ചു പ്രമേയം യോഗം ഐകകണ്ഠ്യേന പാസാക്കുകയും പ്രമേയം അധികാരസ്ഥാനങ്ങളിൽ കമ്പിമൂലം എത്തിക്കുവാൻ പ്രസിഡണ്ടിനെ അധികാരപ്പെടുത്തുകയും ചെയ്തു. അന്നേദിവസം സ്കൂളുകൾ അടച്ചു പരിപൂർണ്ണഹർത്താൽ ആചരിക്കയുമുണ്ടായി.



എറണാകുളം നോർത്തുസ്റ്റേഷനുസമീപം പണി പൂർത്തിയായിവരുന്ന മാർ അഗസ്റ്റിൻ മെമ്മോറിയൽ ആസ്പത്രി

# സത്യദീപം

പത്രാധിപന്മാർ

വെരി റവ. മോൺസിഞ്ഞോർ ജേക്കബ് നടുവത്തുശ്ശേരി

റവ. ഫാദർ ജോസഫ് വിതയത്തിൽ

Vol. 31. || 1957 SEPTEMBER 25 || No. 7.


## കത്തോലിക്കാ മാതാപിതാക്കന്മാരുടെ കർത്തവ്യാനുഷ്ഠാനം

ലോകത്തിലെ ഏററവും കത്തവ്യബദ്ധമായ ജീവിതരംഗം കുടുംബത്തിലെ മാതാപിതാക്കന്മാരുടേതാണെന്നു അതിശയോക്തിലേശംകൂടാതെ പറയാവുന്നതാണു്. ഭാവിതലമുറയെ വാർത്തെടുക്കുന്ന രംഗമാണതു്. വളരുന്ന തലമുറ സ്വന്തം കുടുംബങ്ങളിൽ ഏതേതാദർശങ്ങളിൽ പരിശീലിപ്പിക്കപ്പെടുന്നുവോ അതനുസരിച്ചായിരിക്കും മാനവസമുദായത്തിന്റെ ഭാവി നിലകൊള്ളുക. അതുകൊണ്ടാണു് കുടുംബത്തിന്റെ സാമ്പത്തികവും ധാർമ്മികവും മതപരവുമായ സുസ്ഥിതിയെ ഭദ്രമാക്കുന്നതിനു സാമൂഹികഘടകങ്ങളെല്ലാം ഒത്തൊരുമിച്ചു സഹകരിക്കുന്നതിനു നിർബ്ബദ്ധമായിരിക്കുന്നതു്. എന്നാൽ ആധുനികലോകത്തിൽ സാമൂഹികഘടകങ്ങളുടെ സഹകരണപരമായ ഈ ഇടപെടലിനു പകരം വളരെയധികം വ്യതിചലിപ്പിക്കുന്നതും വ്യഭിചരിപ്പിക്കപ്പെടുന്നതുമായ പ്രവണതകൾ നുഴഞ്ഞുകയറിക്കൊണ്ടിരിക്കുകയാണു്. കുടുംബത്തിന്റെ പ്രാഥമികവും പാവനവുമായ അധികാരാവകാശങ്ങളെ കൈയേറുന്നതിനുള്ള വാസന ചില സാമൂഹികഘടകങ്ങളിലും സർവ്വോപരി ആധുനികഭൗതികതാരാഷ്ട്രങ്ങളിലും കലശലായി കടന്നുകൂടിയിരിക്കുന്നു. മനുഷ്യന്റെ ദൈവവിശ്വാസത്തെ ഹനിക്കുന്നതും ധാർമ്മികജീവിതത്തെ അധഃപ്പതിപ്പിക്കുന്നതുമായ സാഹചര്യങ്ങൾ ഓരോ വിധത്തിൽ അവ പ്രയോഗിക്കുകയും പ്രചരിപ്പിക്കുകയും ചെയ്യുന്നു. പ്രതിഷേധാർഹമായ ഈ നയവൈകല്യത്തെപ്പററി, കുടുംബത്തിന്റെ ഗൗരവാവഹമായ ഉത്തരവാദിത്വങ്ങൾ ദൈവസന്നിധിയിൽ ഏറെറടുത്തിരിക്കുന്ന മാതാപിതാക്കൾ ജാഗ്രതയായി മനസ്സിലാക്കുകയും നിഷ്ഠയായി അവയെ പാലിക്കുകയും ചെയ്യേണ്ടതത്രെ.

കഴിഞ്ഞമാസത്തിൽ ഇംഗ്ലണ്ടിൽ എഡിൻബർഗ്ഗിൽ സമ്മേളിച്ച സാമൂഹ്യസേവനത്തിനുവേണ്ടിയുള്ള നാഷനൽ കോൺഫറൻസിനെ അഭിസംബോധനംചെയ്തു്, എഡിൻബർഗ്ഗു സർവ്വകലാശാലയിലെ "ശിശുജീവിതവും ആരോഗ്യവും" സംബന്ധിച്ച വിഷയത്തിന്റെ പ്രൊഫസർ മി. റിച്ചാർഡു് എല്ലിസ് ചെയ്ത പ്രസംഗത്തിൽ ഈ വിഷയത്തെ സമഗ്രമായി പ്രതിപാദിച്ചിരുന്നു. കുടുംബത്തിലും വിദ്യാലയത്തിലും കുട്ടികൾക്കു ലഭിക്കുന്ന പ്രേരണകളുടെ ദൂരവ്യാപകമായ ഫലത്തെപ്പററി അദ്ദേഹം ഊന്നിപ്പറഞ്ഞു. കുടുംബവും വിദ്യാലയവും തമ്മിൽ ഇക്കാര്യത്തിൽ ഉണ്ടാകാവുന്ന വൈരുദ്ധ്യങ്ങൾ, കുടുംബത്തിൽ പരസ്പരം ശണ്ഠകൂടുന്ന മാതാപിതാക്കന്മാരിൽനിന്നു കുട്ടികൾക്കുണ്ടാകുന്ന ശിക്ഷണരാഹിത്യംതന്നെയാണുണ്ടാക്കുന്നതെന്നാണു് അദ്ദേഹം പ്രസ്താവിച്ചതു്. "ഒരു കത്തോലിക്കാ കുട്ടി ഒരു അകത്തോലിക്കാവിദ്യാലയത്തിൽ പഠിക്കുമ്പോൾ ഏറെക്കുറെ ഇതുപോലുള്ള ഒരു വൈരുദ്ധ്യത്തിലാണു് ആയിരിക്കുക. ഒരു കത്തോലിക്കാ വിദ്യാർത്ഥി ഒരു കത്തോലിക്കാ വിദ്യാലയത്തിൽ പഠിക്കുമ്പോൾ മാത്രമേ ശരിയായ സുസ്ഥിതിക്കുറപ്പുണ്ടാവുകയുള്ളു. ബ്രിട്ടനിൽ സ്കൂളുകളെ തിരിഞ്ഞെടുക്കുന്നതിനുള്ള മാതാപിതാക്കന്മാരുടെ അവകാശം നിയന്ത്രിക്കപ്പെട്ടിരിക്കുകയോ നിരാകരിക്കപ്പെട്ടിരിക്കുകയോ ആണു്. അവരുടെ സന്താനങ്ങളെ ആരാണു് പഠിപ്പിക്കേണ്ടതെന്ന വിഷയത്തിൽ അവരുടെ അഭിപ്രായം ആദരിക്കപ്പെടുന്നില്ല. അതുകൊണ്ടു കത്തോലിക്കർ ഈ വിഷമതയെ തരണംചെയ്യുന്നതിനു ഏററവും പററിയ മാർഗ്ഗങ്ങൾ അവലംബിക്കുന്നു. പക്ഷെ അതിനുവേണ്ടി എത്ര ദുർവഹമായ ഭാരമാണു് അവർ പേറുന്നതെന്നാരു കണ്ടു!"

കോൺഫറൻസ് ഉൽഘാടനം ചെയ്തുകൊണ്ടു് സർ ജോൺ വോൾഫെൻറൻ അവർകൾ ചെയ്ത പ്രസംഗത്തിലും കത്തോലിക്കാവിദ്യാലയങ്ങളുടെ അവശ്യാവശ്യകതയെ ശക്തിയുക്തം പിന്താങ്ങുകയുണ്ടായി. കുട്ടികളുടെ പരിശീലനത്തിന്റെ എല്ലാ രംഗങ്ങളും അദ്ധ്യാപകന്മാരിലേക്കു കൈമാറുന്ന ആധുനികസമ്പ്രദായത്തെ അദ്ദേഹം നിശിതമായി വിമർശിച്ചു. "കുട്ടികളെ വിദ്യാലയങ്ങളിലയക്കുന്നതു് എഴുതുവാനും വായിക്കുവാനും കണക്കു കൂട്ടുവാനും പഠിക്കുന്നതിനും ഭൂമിശാസ്ത്രം ചരിത്രം സയൻസ് മുതലായ ചില വിഷയങ്ങൾ മനസ്സിലാക്കുവാനുമാണെന്നാണു് ധരിച്ചുവച്ചിരുന്നതു്. പക്ഷെ ഇന്നാകട്ടെ കുട്ടികൾ വിദ്യാലയങ്ങളിൽ പോകുന്നതു് സകലകാര്യങ്ങളും അവിടെവച്ചു പഠിക്കാനാണെന്നാണു് പരക്കെ വിശ്വസിക്കപ്പെടുന്നതു്. ഭക്ഷണം കഴിക്കുന്നതിലുള്ള ചട്ടങ്ങളും, തെരുവീഥിയിൽ ആചരിക്കേണ്ട നിയമങ്ങളും, മതാനുഷ്ഠാനം സംബന്ധിച്ച കാര്യങ്ങളും, ദാമ്പത്യജീവിതമുറകളും എല്ലാം അതിൽ പെടുമത്രെ! അദ്ധ്യാപകന്മാർ ഈവിധത്തിൽ കൈയേറുന്നതു മാതാപിതാക്കന്മാർക്കവകാശപ്പെട്ട രംഗങ്ങളാണെന്നു നാം മനസ്സിലാക്കണം. ഇതിന്റെയെല്ലാം പരിണതഫലം മാതാപിതാക്കന്മാരുടെ കർത്തവ്യങ്ങൾ അപഹരിക്കപ്പെടുന്നുവെന്നുള്ളതാണു്. ഇപ്രകാരം അദ്ധ്യാപകന്മാരുടെ കൈകടത്തൽ എത്രമാത്രം വർദ്ധിക്കുന്നുവോ അത്രയ്ക്കു കൂടുതലായി കത്തോലിക്കാ അദ്ധ്യാപകന്മാർ പഠിപ്പിക്കുന്ന കത്തോലിക്കാ വിദ്യാലയങ്ങളിൽ കത്തോലിക്കാ കുട്ടികൾ പോകേണ്ടതിനുള്ള ആവശ്യവും വർദ്ധിച്ചുവരികയാണു്."

പ്രൊഫസർ എല്ലിസ് അവർകൾ അദ്ദേഹത്തിന്റെ പ്രസംഗത്തിൽ ഉന്നയിച്ച സർവ്വപ്രധാനമായ പ്രശ്നം, ഇന്നത്തെ ഈ ഭൗതികത്വയുഗത്തിൽ വിദ്യാലയങ്ങൾവഴി നല്ല ആരോഗ്യമുള്ള ഒരുഗണം കിശോരജനതയെ നാം വാർത്തുകൂട്ടുകയല്ല എന്നാണു്. "ഇംഗ്ലണ്ടിൽ കഴിഞ്ഞ ശതാബ്ദക്കാലമായി [illegible] വിദ്യാർത്ഥികളുടെ കായികാഭ്യാസകാര്യത്തിൽ അത്യധികമായ ശ്രദ്ധ പതിച്ചുപോരുന്നുണ്ടു്. പക്ഷെ മാനസികമായ ആരോഗ്യത്തേയും സ്ഥിരചിത്തതയേയും സംബന്ധിച്ചു നോക്കുമ്പോൾ അത്ര ശ്രദ്ധയുണ്ടെന്നു പറയാൻ ധൈര്യംപോരാ." ഈ പ്രസ്താവത്തെ ഉദാഹരിച്ചുകൊണ്ടു് അദ്ദേഹം ഭീജനകമായ ചില കണക്കുകൾ ഉദ്ധരിച്ചു. "കഴിഞ്ഞ ആറുവർഷങ്ങളിൽ 14 മുതൽ 16 വരെ വയസ്സു പ്രായമുള്ള കുട്ടികളുടെ ഇടയിൽ മദ്യപാനത്തിനു ശിക്ഷിക്കപ്പെട്ടവരുടെ സംഖ്യ 5 ഇരട്ടിയായി വർദ്ധിച്ചിരിക്കുന്നു. യുവാക്കന്മാരുടെ ഇടയിലുള്ള കുററങ്ങൾ എല്ലാവർക്കും അറിയാവുന്ന ഒരു പ്രശ്നമാണു്. അതിനു കാരണം കുടുംബങ്ങളുടെ ശിഥിലീകരണം—മാതാപിതാക്കന്മാരുടെ ഉത്തരവാദിത്വത്തിലുള്ള കൈകടത്തൽ—കുടുംബജീവിതത്തിലുള്ള തകരാറുകൾ മുതലായവയാണു്. എങ്കിലും വ്യക്തമല്ലാത്ത പല കാരണങ്ങളും യുവത്വത്തിന്റെ ഈ ധാർമ്മികാധഃപ്പതനത്തെ പ്രോത്സാഹിപ്പിക്കുന്നുണ്ടു്." ഇവയുടെയെല്ലാം ഉത്തരവാദിത്വത്തിൽനിന്നൊഴിയുവാൻ സ്റ്റേററിനു സാധിക്കുമോ എന്നദ്ദേഹം ചോദിക്കുന്നു.

ഇംഗ്ലണ്ടിലെ ഈ സ്ഥിതിഗതികൾ തന്നെയാണു് പ്രകാരാന്തരേണ നമ്മുടെ രാജ്യത്തും പ്രചരിച്ചുകൊണ്ടിരിക്കുന്നതു്. അവസ്ഥയ്ക്കൊത്ത പ്രതിവിധികൾ തേടേണ്ടതു് നമ്മുടെ അവശ്യകർത്തവ്യമാണെന്നു പ്രത്യേകം പറയേണ്ടതില്ല. മാതാപിതാക്കന്മാർ അവരുടെ കർത്തവ്യങ്ങളിൽ ശ്രദ്ധാലുക്കളാകുന്നതിനും സന്താനങ്ങളുടെ വിദ്യാഭ്യാസവും പരിശീലനവും അവരുടെതന്നെ നിയന്ത്രണത്തിൽ പുരോഗമിപ്പിക്കുന്നതിനു വേണ്ട ശട്ടംകെട്ടുകൾ ചെയ്യുന്നതിനും ഒട്ടും അമാന്തിക്കാവുന്നതല്ല. ഇങ്ങനെയുള്ള ഒരവസരത്തിലാണു് കേരളഗവമ്മെൻറു് ഏററവും വിനാശകരമായ കമ്മ്യൂണിസ്റ്റ് സിദ്ധാന്തങ്ങളെ ഇളംതലമുറയിൽ കുത്തിവയ്ക്കുന്നതിനു രംഗപ്രവേശം ചെയ്തിരിക്കുന്നതും ഇവിടത്തെ വിദ്യാലയങ്ങളെല്ലാം പിടിച്ചെടുത്തു നിരീശ്വരപരവും ഭൗതികത്വാദർശപരവുമായ വിദ്യാഭ്യാസം അടിച്ചേല്പിക്കുന്നതിനു ബദ്ധകങ്കണരായിരിക്കുന്നതും. കേരളത്തിലെ എല്ലാ മാതാപിതാക്കന്മാരേയും പ്രത്യേകിച്ചും കത്തോലിക്കാമാതാപിതാക്കന്മാരേയും കർത്തവ്യനിരതരാക്കേണ്ട ഒരു അടിയന്തിരപ്രശ്നമാണിതെന്നു എത്ര ശക്തിയായി പറഞ്ഞാലും അതൊട്ടും അധികമാകയില്ല. വ്യവസ്ഥാപിതമായ ഭരണരീതിയും പൗരാവകാശങ്ങളോടുള്ള ബഹുമാനവും കുടുംബത്തിന്റെ അധികാരാവകാശങ്ങളോടുള്ള ആദരവും നിലനില്ക്കുന്ന ഇംഗ്ലണ്ടുപോലുള്ള പരിഷ്കൃതരാജ്യങ്ങളിൽ ഇളംതലമുറയുടെ സുരക്ഷിതത്വം ഇത്ര അപകടത്തിലാണെങ്കിൽ കമ്മ്യൂണിസ്റ്റ്ഭീഷണിക്കു വിധേയമായിരിക്കുന്ന നമ്മുടെ ഭാവി എന്തായിരിക്കുമെന്നു ചിന്തിക്കേണ്ടതാണു്.

### പ്രസാധകക്കുറിപ്പുകൾ

## വിദ്യാഭ്യാസരംഗത്തു ക്രിസ്ത്യാനികൾ നടത്തുന്ന അപഹരണം?

വിദ്യാഭ്യാസരംഗത്തു സ്കൂളുകളധികവും ക്രിസ്ത്യാനികൾ കൈയടക്കിക്കളഞ്ഞെന്നും അവർ സ്വസമുദായാംഗങ്ങളെ അദ്ധ്യാപകന്മാരായി നിയമിക്കുന്നതുകൊണ്ടു് ശമ്പളത്തുക മുഴുവൻ ഒരു സമുദായത്തിലേക്കുമാത്രം ഒഴുകുന്നുവെന്നുമാണു് വിദ്യാഭ്യാസപ്രശ്നത്തിനു വർഗ്ഗീയനിറംകൊടുത്തു ക്രിസ്ത്യാനികൾ നടത്തുന്ന പ്രൈവററു സ്കൂളുകളെല്ലാം ഗവമ്മെൻറിൽ ലയിപ്പിക്കുന്നതിനു വർഗ്ഗീയവാദികൾ പൊക്കിക്കാണിക്കുന്ന ഒരു ശക്തിമത്തായ വാദം. ശ്രീ മന്നത്തു പത്മനാഭനെപ്പോലെയുള്ളവർ അവർക്കു സ്വായത്തമായ ഭാഷാശൈലിയിൽ ആ ന്യായം ആവിഷ്കരിച്ചു കഴിയുമ്പോൾ പൊതുജനങ്ങളുടെ മുമ്പിൽ ക്രിസ്ത്യാനികൾ പൊതുമുതൽ തട്ടിപ്പറിക്കാരും മററും മററുമായി പ്രത്യക്ഷപ്പെടുകയുംചെയ്യും. കഴിഞ്ഞ ആഗസ്റ്റ് 27-ാംനു ശ്രീ മന്നം ഇപ്പോഴത്തെ വിദ്യാഭ്യാസപ്രക്ഷോഭണത്തെപ്പററി പ്രസ്താവിച്ചതുതന്നെ ഇവിടെ മാതൃകയായി ഉദ്ധരിക്കാം: "അന്യന്മാർക്കു അവകാശമുള്ള പണം അന്യായമായി തട്ടിയെടുത്തുകൊണ്ടിരുന്ന പതിവു് തുടരാൻ ഈ ബില്ലു പാസ്സാകുന്നപക്ഷം സാധിക്കാതെ വരുമെന്നോർത്തു മരണവേദനയെടുത്തു പായുന്ന പള്ളിനിയന്ത്രണക്കാരാണു് ബില്ലിനെതിരായി പ്രക്ഷോഭണം നടത്തുന്നതു്." ജാതിമതഭേദമെന്യേ എണ്ണപ്പെട്ട നേതാക്കന്മാരുടേയും അഖിലലോകപ്രശസ്തിയുള്ള രാഷ്ട്രീയചിന്തകന്മാരുടേയും ഏകയോഗമായ അഭിപ്രായത്തിൽ തികച്ചും വിനാശകരമായതും കേരളകമ്മ്യൂണിസ്റ്റ് ഗവമ്മെൻറിന്റെ പാർട്ടിരാഷ്ട്രീയത്തിന്റേയും നിരീശ്വരകമ്മ്യൂണിസപ്രചാരണത്തിന്റേയും സ്വേച്ഛാധിപത്യമുറകളുടെ ആദ്യപടിയായിട്ടുള്ളതുമായ ഈ ബില്ലിനെ ജാതിക്കുശുമ്പുകൊണ്ടു ബുദ്ധിഭ്രമംവന്ന ഒരു വൃദ്ധമനസ്സു ഇങ്ങനെയാണു ഗ്രഹിക്കുന്നതെന്നതിൽ അത്ഭുതപ്പെടാനില്ല. എങ്കിലും വസ്തുതകളെ യഥാതഥം മനസ്സിലാക്കാത്ത സാധാരണന്മാർ ഈദൃശപ്രസ്താവനകൾകൊണ്ടു അന്ധാളിച്ചുപോവുകയോ, അതിൽ ഏറെക്കുറെ പരമാർത്ഥമുണ്ടാകാമെന്നു സംശയിക്കുകയോ ചെയ്തുപോവുക അസാധാരണമല്ല. അതുകൊണ്ടു് കേരളസ്റ്റേററിലെ വിദ്യാലയങ്ങളെ സംബന്ധിച്ചും അവയിലെ അദ്ധ്യാപകന്മാരെ സംബന്ധിച്ചും ചില കണക്കുകൾ എല്ലാവരും മനസ്സിലാക്കിയിരിക്കേണ്ടതാണു്. ഗവമ്മെൻറുതന്നെ ഒരു യഥാർത്ഥ സ്ഥിതിവിവരക്കണക്കു ഇക്കാര്യത്തിൽ ജനങ്ങളുടെ അറിവിലേക്കായി പ്രസിദ്ധപ്പെടുത്താത്തതു കഷ്ടമാണു്. സെപ്റ്റംബർമാസം 16-ാംനു കോട്ടയത്തു സമ്മേളിച്ച സ്കൂൾ മാനേജേഴ്സ് മീററിംഗിൽ അസോസിയേഷൻ പ്രസിഡണ്ടു് ശ്രീ വി. ഒ. എബ്രാഹം അദ്ദേഹത്തിന്റെ അദ്ധ്യക്ഷപ്രസംഗത്തിൽ അധികൃതസ്ഥാനങ്ങളിൽനിന്നു അദ്ദേഹത്തിനു ലഭ്യമായ ചില വിശദമായ കണക്കുകൾ വ്യക്തമാക്കുകയുണ്ടായി. പ്രസംഗത്തിലെ സംഗതമായ ഭാഗങ്ങൾ എടുത്തുകാണിക്കാം.

### കേരളത്തിൽ പ്രൈവററ് സ്കൂളുകളുടെ നിലപാട്

കേരളത്തിലാകെ 9,389 സ്കൂളുകളുണ്ടു്. ഇവയിൽ പ്രൈവററ് ഏജൻസികളുടെവക 5,893 ആണു്. ബാക്കിയുള്ള 3,496 സ്കൂളുകൾ സക്കാരിന്റേയും പ്രാദേശികസമിതികളുടേയുമാണു്. പ്രൈവററു ഏജൻസികൾ നടത്തുന്ന സ്കൂളുകളിൽ 3,004 എണ്ണം പഴയ തിരുക്കൊച്ചിയിലും 2,889 എണ്ണം പഴയ മലബാർവിഭാഗത്തുമാണു്. തിരുക്കൊച്ചിയിൽ 2,287 സക്കാർസ്കൂളുകളും, മലബാറിൽ 1,153 ഡിസ്ട്രിക്ട് ബോർഡുസ്കൂളുകളും 56 ഡിപ്പാർട്ടുമെൻറൽസ്കൂളുകളുമുണ്ടു്. ഈ സ്കൂളുകളിലെല്ലാംകൂടി 26,08,823 കുട്ടികളാണു പഠിക്കുന്നതു്. അവരിൽ 14,57,639 പേർ 5893 പ്രൈവററുവിദ്യാലയങ്ങളിലും 11,51,184 പേർ 3,495 സക്കാർസ്കൂളുകളിലും പ്രാദേശികസമിതിസ്കൂളുകളിലും പഠിക്കുന്നു. ഈ സ്കൂളുകളുടെയെല്ലാം നടത്തിപ്പിൽ സമുദായനീതി പാലിക്കപ്പെടുന്നുണ്ടോ ഇല്ലയോ എന്നു പരിശോധിക്കേണ്ടിയിരിക്കുന്നു. വെറും സമുദായഭിന്നതയ്ക്കുവേണ്ടിമാത്രം തല്പരകക്ഷികൾ ബില്ലുസംബന്ധിച്ചു നടത്തുന്ന കള്ളപ്രചരണങ്ങളുടേയും ആരോപണങ്ങളുടേയും ഉള്ളുകള്ളി മനസ്സിലാക്കുന്നതിനു ശ്രീ വി. ഒ. എബ്രാഹമിന്റെ പ്രസംഗത്തിലെ ഒരു ഖണ്ഡിക ഇവിടെ ഉദ്ധരിച്ചുകൊള്ളട്ടെ:-

"നിയമസഭയിലും പുറത്തും വിദ്യാഭ്യാസമന്ത്രിയും മി. ടി. സി. എൻ. നമ്പ്യാരും ചെയ്തിട്ടുള്ള പ്രസ്താവനകളും 27-8-57-ൽ ശ്രീ മന്നത്തു പത്മനാഭൻ തിരുവനന്തപുരത്തുനിന്നു പുറപ്പെടുവിച്ച സ്റ്റേററുമെൻറും മുൻനിർത്തി ഇതു വിശദീകരിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. 1957 സെപ്റ്റംബർ 2-ാംനു ശ്രീ ടി. സി എൻ. നമ്പ്യാർ നിയമസഭയിൽ ചെയ്ത പ്രസ്താവനയിൽ പ്രൈവററുസ്കൂളുകളിൽ 47,879-ൽപ്പരം അദ്ധ്യാപകർ ഉണ്ടെന്നും അവരിൽ ഭൂരിപക്ഷവും മലബാറിലാണെന്നും പറഞ്ഞിരുന്നു. കേരളത്തിൽ പ്രൈവററ് ഏജൻസികൾ നടത്തുന്ന സ്കൂളുകളിൽ 48,897 അദ്ധ്യാപകന്മാർ ഉണ്ടെന്നു അന്നുതന്നെ വിദ്യാഭ്യാസമന്ത്രി മി. മുണ്ടശ്ശേരി അസംബ്ലിയിൽ ചെയ്ത പ്രസംഗത്തിൽ പറയുകയുണ്ടായി. 1957 ആഗസ്റ്റ് 27-ാംനു മി. മുണ്ടശ്ശേരി നിയമസഭയിൽ ചെയ്ത പ്രസ്താവനയിൽ കേരളത്തിൽ പ്രൈവററ് ഏജൻസികൾ നടത്തുന്നതായി 6,500 സ്കൂളുകൾ ഉണ്ടെന്നു പറഞ്ഞിരുന്നു. ഈ ഏഴായിരത്തോളമുള്ള പ്രൈവററ് സ്കൂളുകളിൽ 3,059 സ്കൂളുകൾ തിരുക്കൊച്ചിയിലാണെന്നു മന്ത്രി പിന്നീടു പറഞ്ഞു. കേരളത്തിൽ 7000-ൽപ്പരം പ്രൈവററ് സ്കൂളുകളും ഏകദേശം 48,897 അദ്ധ്യാപകന്മാരും ഉണ്ടെന്നുള്ള മുണ്ടശ്ശേരിയുടെ കണക്കു സ്വീകരിക്കുകയാണെങ്കിൽ ഒരു പ്രൈവററുസ്കൂളിൽ ഏകദേശം 7 അദ്ധ്യാപകന്മാർവീതം ഉണ്ടാകണം. ഈ സംഖ്യകൾ ശരിയാണെങ്കിൽ തിരുക്കൊച്ചിപ്രദേശത്തു ആകെയുള്ള അദ്ധ്യാപകന്മാരുടെ എണ്ണം 21,413 ആകുന്നു. ഈ തുക മൊത്തംതുകയിൽനിന്നു കുറച്ചാൽ മലബാർപ്രദേശത്തെ അദ്ധ്യാപകരുടെ എണ്ണം 27,484 ആണെന്നു കാണാം. അന്നുതന്നെ വിദ്യാഭ്യാസമന്ത്രി നിയമസഭയിൽ ചെയ്ത മറെറാരു പ്രസ്താവനയിൽ വിദ്യാഭ്യാസബില്ലിനെതിരായി പ്രക്ഷോഭണം നയിക്കുന്നവർക്കു 1259 സ്കൂളുകളേ ഉള്ളുവെന്നു പറഞ്ഞിരിക്കുന്നു. ഈ സ്കൂളുകൾ ക്രിസ്ത്യാനികളുടേതാണെന്നു വിചാരിക്കാം. മുൻപറഞ്ഞ കണക്കനുസരിച്ചു് ഈ സ്കൂളുകളിൽ ആകെയുള്ള അദ്ധ്യാപകരുടെ എണ്ണം 8,813 ആയിരിക്കും.

"തിരുക്കൊച്ചി വിഭാഗത്തിൽ അദ്ധ്യാപകരുടെ മൊത്തം സംഖ്യ 21,413 ആണെന്നുമുകളിൽ ഞാൻ പറഞ്ഞു. അതിൽനിന്നു 8813 ക്രൈസ്തവാദ്ധ്യാപകന്മാരെ നീക്കിയാൽ തിരുക്കൊച്ചി വിഭാഗത്തിൽ ശേഷിക്കുന്നതു് 12,600 അക്രൈസ്തവ അദ്ധ്യാപകന്മാരാണെന്നു കാണാം. നായർ സമുദായത്തിലെ അനിഷേദ്ധ്യ നേതാവായ ശ്രീ മന്നത്തു പത്മനാഭന്റെ അഭിപ്രായത്തിൽ "വൈദികരുടേയും പള്ളികളുടേയും വകയായ വിദ്യാലയങ്ങൾ" (ക്രൈസ്തവരുടേതെന്നർത്ഥം) അദ്ധ്യാപകശമ്പള ഇനത്തിൽ ഒന്നരക്കോടി രൂപാ വാങ്ങിക്കുന്നു, ഈ തുക ശമ്പളയിനത്തിൽ പോകുന്നതു് സക്കാർ ഖജനാവിൽ നിന്നാകയാൽ ഇതു് 8813 ക്രൈസ്തവ അദ്ധ്യാപകന്മാർക്കു മാത്രമായി നൽകാതെ സംസ്ഥാന

ത്തെ എല്ലാ വിഭാഗങ്ങളിലും പെട്ടവരുടെ ഇടയിൽ തുല്യമായി വിതരണം ചെയ്യപ്പെടണമെന്നാണു് പറയുന്നതു്. ഈ അടിസ്ഥാനത്തിൽ നോക്കിയാൽ തിരുകൊച്ചി വിഭാഗത്തുള്ള 12600 അക്രൈസ്തവഅദ്ധ്യാപകർ രണ്ടേകാൽ കോടി ഉറുപ്പിക ശമ്പളം ഇനത്തിൽ പററുന്നുണ്ടാവണം. ഇനി മലബാറിലെസ്ഥിതിയെന്താണു്? മലബാറിൽ മേൽപറഞ്ഞ കണക്കിൻെറ അടിസ്ഥാനത്തിൽ 26,466 അദ്ധ്യാപകരുണ്ടു്. മലബാറിൽ ക്രൈസ്തവവിദ്യാലയങ്ങൾ 85 എണ്ണമേയുള്ളു. അവിടെ ഉണ്ടാകാവുന്നതു് $85 \times 7 = 595$ ക്രൈസ്തവ അദ്ധ്യാപകരാണു്. മലബാറിൽ 25,871 അദ്ധ്യാപകർ കൂടി കാണണം. അവർ അക്രൈസ്തവരുമായിരിക്കണം. 8813 അദ്ധ്യാപകർക്കൂടി ഒന്നരകോടി രൂപാ പററുന്നുഎന്ന മന്നത്തു പത്മനാഭൻെറ കണക്കിനെ ആശ്രയിക്കാമെങ്കിൽ മലബാറിലെ ഈ 25871 അദ്ധ്യാപകർ നാലരക്കോടി രൂപാ പററുന്നുണ്ടാവണം. ഇതുകൂടിയാകുമ്പോൾ, കേരളം മൊത്തമായി എടുത്താൽ, അക്രൈസ്തവാദ്ധ്യാപകന്മാർ $2\frac{1}{4}+4\frac{1}{2}=6\frac{3}{4}$ കോടി രൂപാ പററുന്നുണ്ടാവണം. ക്രൈസ്തവാദ്ധ്യാപകന്മാർ പററുന്നതു് ഒന്നരക്കോടി. ആകെ മൊത്തം എട്ടേകാൽ കോടി രൂപാ. കേരളത്തിലെ മൊത്തം ജനസംഖ്യയിൽ ക്രൈസ്തവർ 25 ശതമാനം വരുന്നു. ജനസംഖ്യാനുപാതികമാണു് അടിസ്ഥാനമെങ്കിൽ എട്ടേകാൽ കോടി രൂപയുടെ 25 ശതമാനമായ രണ്ടു കോടി ആറു ലക്ഷം രൂപായ്ക്കു ക്രൈസ്തവർ അർഹരാണു്. ഈ വസ്തുത ഗവമ്മെണ്ടിൻെറ ശ്രദ്ധയിൽ പെടുത്തി അവക്കു വരേണ്ട 56 ലക്ഷം രൂപാകൂടി നൽകണമെന്നു വാദിക്കുവാൻ ശ്രീ മന്നത്തു പത്മനാഭൻ തയ്യാറാകുമോ?"

ഈദൃശയാഥാത്ഥ്യങ്ങളെ മറച്ചുവച്ചുകൊണ്ടാണു് ക്രൈസ്തവവിരുദ്ധ ഘടകങ്ങൾ പ്രക്ഷോഭണം കൂട്ടുകയും പുലഭ്യം പറയുകയും ചെയ്യുന്നതെന്നു പൊതുജനങ്ങൾ മനസ്സിലാക്കണമെന്നാണു് ഞങ്ങൾക്കവരോടു് പറയുവാനുള്ളതു്.

## അടുത്തയാഴ്ചയിൽ

സെപ്റ്റംബർ
26 വ്യാ: വി. കുപ്രിയാനോസും യുസ്തീനായും
27 വെ: വി. കുസ്മോസും ദമിയാനോസും
28 ശ: വി. വെഞ്ചെസ്ലാവോസ്
29 ഞാ: പന്തക്കുസ്താ 16-ാം ഞായർ
30 തി: വി. ഈറാനിമോസ്
ഒക്ടോബർ
1 ചൊ: വി. റെമിജീയോസ്
2: ബു: വി. കാവൽമാലാഖാ

(1-ാംപേജ് തുടർച്ച)

പ്പിൻെറ മകൻ ഇന്നു നമ്മോടുകൂടിയുണ്ടു്. ഓരോ തൊഴിലാളിയിലും നാം മിശിഹായെതന്നെ കാണണം. അങ്ങനെ ചെയ്യുന്നെങ്കിൽ മുതലാളിമാർ തൊഴിലിനെ മാനിക്കും. തൊഴിലാളികൾ അതിൽ അപമാനം കാണുകയുമില്ല. ദൈവമായ മിശിഹായ്ക്കു് മഹനീയമായിരുന്നതു് മനുഷ്യനായ തൊഴിലാളിക്കു് എങ്ങനെ അപമാനകരമാകും? ആദശയോഗ്യനായ ഈ ദിവ്യ തൊഴിലാളിയെ അനുകരിച്ചു് അവൻ സത്യത്തിനും നീതിക്കും ധാമ്മികതത്വങ്ങൾക്കും അനുസൃതമായി ജോലിചെയ്യട്ടെ. ജീവനക്രൂലിക്കുവേണ്ടി എല്ലാ വ്യവസ്ഥാപിത മാർഗ്ഗങ്ങളിലൂടെയും സംഘടിതമായി അവനു സമരം ചെയ്യാം. എന്നാൽ ധമ്മം വെടിഞ്ഞു് ഒരു നാളും പ്രവത്തിക്കാൻ പാടില്ലതന്നെ. അങ്ങനെ തത്വാനുസൃതം ജീവിക്കുവാൻ നിർബന്ധനാകുമ്പോൾ അവനു് ക്ലേശങ്ങൾ അനുഭവിക്കേണ്ടതായി വരും, സംശയമില്ല. എന്നാൽ തൻെറ കണ്ണുനീരു് തുടച്ചുകളയുവാൻ ഒരു തൊഴിലാളിസ്നേഹിയുടെ കരം ഉയരുന്നുണ്ടു്, അവിടുന്നു് അവനു് നിത്യസമ്മാനം നൽകി എന്നേക്കും അവനെ സമ്പന്നനാക്കും. ഇതൊരു വെറുംകഥയല്ല, മാററമില്ലാത്ത സത്യമാണു്. ഈ വൈകിയ വേളയിലെങ്കിലും മുതലാളിയും ഒരു സത്യം ഗ്രഹിച്ചു് പ്രവത്തിക്കേണ്ടതുണ്ടു്. മരപ്പണിക്കാരനായ മിശിഹായെ ഒരു സഹോദരനിലോ സഹോദരിയിലോ കാണേണ്ട മുതലാളി സ്നേഹാർദ്രമായ നീതിയോടുകൂടി അവരോടു വത്തിക്കണം. ഫാക്ടറികൾ മാത്രമല്ല വിദ്യാഭ്യാസസ്ഥാപനങ്ങളും തൊഴിൽസ്ഥലങ്ങളാണു്. വസ്തുതകളെ മറച്ചുവെച്ചുകൊണ്ടു് ലോകത്തെ കബളിപ്പിക്കാൻ സാദ്ധ്യമല്ല, ദൈവത്തെ വഞ്ചിക്കുവാൻ ഒട്ടും സാദ്ധ്യമല്ല. കോളിളക്കങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുന്ന കാലത്തുപോലും ചില അധികൃതർ "പത്രോസിൻേറതു് എടുത്തു പൗലോസിനു് കൊടുക്കുന്ന" നയം സ്വീകരിക്കുന്നില്ലേ. ഇതു് അപഹാസ്യമായ അപഹരണമല്ലേ? സാമത്ഥ്യമോ സന്മനസ്സോ ഉണ്ടെന്നുവച്ചു് അങ്ങനെയുള്ളവക്കു് ജോലി കൂടുതൽ കൂടുതൽ കൊടുത്തു്, കരുണയുടേയോ സ്നേഹത്തിൻേറയോ കണികപോലുമില്ലാതെ അധീനരുടെ ഭാരം വർദ്ധിപ്പിക്കുകയും, കടമയുള്ള ജോലിപോലും ചെയ്യാതെ സ്വയം സുഖിക്കുകയും ചെയ്യുന്ന അധികാരികളെക്കുറിച്ചു് എന്താണു് പറയേണ്ടതു്. അങ്ങേയററംവരെ ജോലിചെയ്യുന്ന ഒരു വ്യക്തിയുടെമേൽ വീണ്ടും ഭാരം കയററുമ്പോൾ അതു് തനിക്കു വഹിക്കുവാൻ വഹിയാ എന്നു പറയുവാൻ അയാൾ നിർബന്ധിതനാകുമ്പോൾ അതു് അധികൃതരുടെ കോപത്തിനു കാരണമാകുന്നുണ്ടെങ്കിൽ അത്തരം അധികാരസ്ഥാനസ്ഥിതരെക്കുറിച്ചു എന്താണു് പറയേണ്ടതു്?

ഇതാ സമയം സമാഗതമായി. ആത്മശോധനയ്ക്കുള്ള സമയം സമാഗതമായി, അല്ല വൈകിയിരിക്കുകയാണു്. മുതലാളികളും തൊഴിലാളികളും മരപ്പണിക്കാരൻെറ മകനായ, തൊഴിലാളിയായ മിശിഹായെ കാണട്ടെ. തൊഴിൽ, മനുഷ്യരുടെ ദൃഷ്ടിയിൽ എമ്മാത്രം ഹീനമായജോലിപോലും, ദൈവദൃഷ്ടിയിൽ മഹനീയമാണു്. നിസ്വാർത്ഥമായ സ്നേഹവും നീതിയും, മനുഷ്യോചിതമായ വീക്ഷണഗതിയും നാം പരിപാലിക്കുമെങ്കിൽ, സുഖപ്രിയവും, കള്ളത്തരവും, ധാർഷ്ട്യവും, ദുരഭിമാനവും വെടിഞ്ഞു പ്രവത്തിക്കുമെങ്കിൽ ധാമ്മികതത്വങ്ങളെ സ്വാർത്ഥതയുടെ മുൻപിൽ ബലികഴിക്കാതെ പ്രവത്തിക്കുമെങ്കിൽ ഒരു നല്ല നാളയെ നമുക്കു കാണുവാൻ കഴിയും. അനീതിയോ, അക്രമമോ, കള്ളത്തരമോ ചെയ്തിട്ടുള്ള, ചെയ്തുകൊണ്ടിരിക്കുന്ന പണിക്കാരും യജമാനന്മാരും അവ ഉള്ളുകൊണ്ടെങ്കിലും ഏററു പറഞ്ഞു്, വസ്തുതകളെ അഭിമുഖീകരിച്ചും, തൊഴിലാളിയായ മിശിഹായെ ദശിച്ചുംകൊണ്ടു് മുൻപോട്ടുപോകുമെങ്കിൽ മാത്രമേ സംതൃപ്തവും സമാധാനസമ്പൂർണ്ണവുമായ അന്തരീക്ഷം സംജാതമാകയുള്ളു. അതിനായി നമുക്കു് പ്രാത്ഥിക്കാം.

## വി. ചെറുപുഷ്പത്തിൻെറ തിരുനാൾ

### മൂക്കന്നൂർ ചെറുപുഷ്പാശ്രമദേവാലയത്തിൽ

മൂക്കന്നൂർ ചെറുപുഷ്പാശ്രമദേവാലയത്തിൽ വിശുദ്ധ കൊച്ചുത്രേസ്യായുടെ തിരുനാൾ 1957 ഒക്ടോബർ 6-ാംനു ഞായറാഴ്ച സാഘോഷം കൊണ്ടാടുന്നതാണു്. തിരുനാളിനു ഒരുക്കമായിട്ടുള്ള നവനാൾ സെപ്തംബർ 27-ാംനു വെള്ളിയാഴ്ച ആരംഭിക്കുന്നു. നൊവേനയിൽ നേരിട്ടു സംബന്ധിക്കുവാൻ സൗകര്യമില്ലാത്തവർ അപേക്ഷകൾ നേരത്തെ എഴുതി അയച്ചുതരുന്നപക്ഷം അവ വിശുദ്ധയുടെ പീഠത്തിൽവച്ചു നിയോഗാത്ഥം പ്രാത്ഥിക്കുന്നതാണു്.

ഫാദർ ബസീലിയസ് സി. എസ്. ടി.

സുപ്പീരിയർ

## വൈദികാദ്ധ്യക്ഷന്മാരുടെ നിവേദനം

കേരളക്രൈസ്തവ വൈദികമേലദ്ധ്യക്ഷന്മാരുടെ കോൺഫറൻസിനെ പ്രതിനിധീകരിച്ചുകൊണ്ടു് കത്തോലിക്കാ ഹൈരാക്കിയിലെ ചങ്ങനാശേരി മെത്രാപ്പോലീത്താ മോസ്റ്റ് റവ. ഡോക്ടർ മാത്യു കാവുകാട്ട്, തിരുവനന്തപുരം മെത്രാപ്പോലീത്താ മോസ്റ്റ് റവ. ബനഡിക്ട് മാർ ഗ്രിഗോറിയോസ്, കൊല്ലംമെത്രാൻ റൈററു് റവ. ഡോക്ടർ ജെറോം ഫർണാണ്ടസ്, യാക്കോബായ ഓത്തഡോക്സ്സഭയിലെ മെത്രാപ്പോലീത്താ മാർ ഡയനീഷ്യസ്, മാത്തോമ്മാ ബിഷപ്പ് മാർ ക്രിസോസ്റ്റം, ദക്ഷിണേന്ത്യൻസഭകളുടെ ബിഷപ്പ് റൈററു് റവ. ലഗ്ഗ് എന്നി അഭിവന്ദ്യതിരുമേനിമാർ തിരുവനന്തപുരത്തു രാജഭവനിൽവച്ചു് കേരളഗവർണ്ണർ ഡോക്ടർ ബി. രാമകൃഷ്ണറാവുവിനെ സന്ദർശിച്ചു വിദ്യാഭ്യാസബില്ല് നിയമമായി അംഗീകരിക്കരുതെന്നു് അഭ്യത്ഥിക്കുന്ന ഒരു മെമ്മോറാണ്ഡം സമപ്പിച്ചിരിക്കുന്നു. ഉച്ചയ്ക്കു 12 മണിക്കു ആരംഭിച്ച സംഭാഷണം 40 മിനിററു ദീർഘിച്ചു. നിവേദനത്തിൽ ഉന്നയിച്ചിട്ടുള്ള എല്ലാ വാദമുഖങ്ങളെയും ഗവർണ്ണർ സനുഭാവം ശ്രദ്ധിച്ചു വിശദീകരണചർച്ച നടത്തുകയുണ്ടായി.

—o—

## വിദ്യാഭ്യാസബില്ല് അസ്വീകാര്യം

### കത്തോലിക്കാ കോൺഗ്രസ് വക്കിംഗ്കമ്മിററിയുടെ പ്രമേയങ്ങൾ

അഖിലകേരള കത്തോലിക്കാ കോൺഗ്രസ് വക്കിങ്ങ്കമ്മിററി സെപ്തംബർ 15-ാംനു പ്രസിഡണ്ടു് ശ്രീ പി. ജെ. സെബാസ്റ്റ്യൻെറ അദ്ധ്യക്ഷതയിൽ ഹെഡാപ്പീസിൽചേന്നു് താഴെക്കാണുന്ന പ്രമേയങ്ങൾ ഐകകണ്ഠ്യേന പാസ്സാക്കിയിരിക്കുന്നു.

1) ഈ രാജ്യത്തിൽ ഒരററം മുതൽ മറേറ അററംവരെ തുടർച്ചയായ ബഹുജനപ്രതിഷേധം ഉയരുകയും ലക്ഷക്കണക്കിനാളുകൾ ഒപ്പിട്ട മെമ്മോറാണ്ഡംവഴി പിൻവലിക്കണമെന്നു നിവേദനം നടത്തുകയും ചെയ്തിരുന്നിട്ടും അവയൊന്നും വകവയ്ക്കാതെ കേരളത്തിലെ കമ്മ്യൂണിസ്റ്റ്ഗവമ്മെൻറു കേരളവിദ്യാഭ്യാസബില്ല് കേവലം രണ്ടു വോട്ടിൻെറ വെറും നിസ്സാരഭൂരിപക്ഷത്തെ ആശ്രയിച്ചു് നിയമസഭയിൽ പാസ്സാക്കിയിരിക്കുന്നു. ആദ്യബില്ലിലെ വ്യവസ്ഥകളിൽ സിലക്ട്കമ്മിററി ചില ഭേദഗതികൾ വരുത്തിയിട്ടുണ്ടെങ്കിലും, അതുകൊണ്ടു് ഈ ബില്ലിൻെറ അപകടസ്വഭാവത്തിനു യാതൊരു മാററവും വന്നിട്ടില്ലെന്നും, ഭേദപ്പെടുത്തപ്പെട്ട രൂപത്തിലും ഈ ബിൽ തീത്തും അസ്വീകാര്യമായിരിക്കുന്നുവെന്നും ചൂണ്ടിക്കാണിക്കുവാൻ ഈ കമ്മിററി ആഗ്രഹിക്കുന്നു. ബില്ലിൽ പുതുതായി വരുത്തിയിരിക്കുന്ന ഭേദഗതി—പബ്ളിക്ക്സവ്വീസ് കമ്മീഷൻ മുഖേനയുള്ള അദ്ധ്യാപകനിയമനം—പ്രൈവററു് വിദ്യാലയങ്ങളുടെ ലക്ഷ്യം പാടേ നശിപ്പിക്കുന്നതിനു പര്യാപ്തമാണെന്നും, ആ വിദ്യാലയങ്ങളുടെ അസ്തിത്വത്തെതന്നെ ചോദ്യംചെയ്യത്തക്ക സാമൂഹ്യവിരുദ്ധശക്തികളുടെ നുഴഞ്ഞുകയററത്തിനു അതു വഴിതെളിക്കുമെന്നും ഈ കമ്മിററി പൂർണ്ണമായി വിശ്വസിക്കുന്നു

ഈ ചുററുപാടിൽ, നിയമസഭ പാസ്സാക്കിയ രൂപത്തിലുള്ള ബില്ലിനെ ഈ കമ്മിററി അതിശക്തിയായി പ്രതിഷേധിക്കുകയും ഇതിനു അംഗീകാരം നൽകരുതെന്നു കേരളഗവമ്മെൻറിനോടും ഇൻഡ്യൻ പ്രസിഡണ്ടിനോടും അഭ്യത്ഥിക്കുകയും ചെയ്യുന്നു. മൗലികാവകാശധ്വംസകവും കുട്ടികളുടെ വിദ്യാഭ്യാസം കമ്മ്യൂണിസ്റ്റ്മയമാക്കിത്തീരിക്കുന്നതുമായ ഈ ബില്ലിനെ പ്രതിഷേധിച്ചും ഇതിനു അംഗീകാരം നൽകരുതെന്നു അഭ്യത്ഥിച്ചുംകൊണ്ടുള്ള പ്രതിഷേധനിശ്ചയങ്ങൾ പാസ്സാക്കി അധികാരസ്ഥാനങ്ങളിൽ അയച്ചുകൊടുക്കുവാൻ എല്ലാ ശാഖകളിലേയും സമുദായാഭിമാനികളായ അംഗങ്ങളേയും ഈ കമ്മിററി ഉൽബോധിപ്പിക്കുന്നു.

രക്ഷാകത്താക്കളുടെ അവകാശത്തെ അവഗണിച്ചും കുഞ്ഞുങ്ങൾ രാഷ്ട്രത്തിൻെറ വകയാണെന്നുള്ള കമ്മ്യൂണിസ്റ്റ്സിദ്ധാന്തത്തിനു അനുയോജ്യമാംവിധവും കരുപ്പിടിപ്പിച്ചിരിക്കുന്ന ഈ വിദ്യാഭ്യാസബില്ല് നിയമമായി നടപ്പിൽ വരാതിരിക്കുന്നതിനു ആവശ്യമായ അനന്തരനടപടികൾ സ്വീകരിക്കുവാനും അതിലേക്കു വേണ്ടിവരുന്ന എല്ലാവിധ ത്യാഗങ്ങളും സഹിപ്പാനും തയ്യാറായിരിക്കണമെന്നു് രക്ഷാകത്താക്കളോടു് ഈ കമ്മിററി അഭ്യത്ഥിക്കുന്നു.

2) പട്ടികജാതിക്കാക്കു് നൽകപ്പെടുന്ന എല്ലാ ആനുകൂല്യങ്ങളും അവശക്രൈസ്തവക്കും അനുവദിക്കുന്നതാണെന്നു് പ്രകടനപത്രിക മുഖേന പ്രഖ്യാപനംചെയ്തുകൊണ്ടു് വോട്ടുവാങ്ങി അധികാരത്തിൽ കയറിപ്പററിയ കമ്മ്യൂണിസ്റ്റ്പാർട്ടി, അവശക്രൈസ്തവക്കു പുതുതായി യാതൊരാനുകൂല്യങ്ങളും നൽകിയിട്ടില്ലെന്നു മാത്രമല്ല, മുൻഗവമ്മെൻറുകൾ അനുവദിച്ചിരുന്ന ആനുകൂല്യങ്ങൾ എടുത്തുകളയുകയും ചെയ്തിരിക്കുന്നു. പിന്നോക്ക സമുദായോന്നമന അഡ്വൈസറിബോർഡിൽ അവശക്രൈസ്തവക്കു മുൻഗവമ്മെൻറുകൾ നൽകിയിരുന്ന പ്രാതിനിദ്ധ്യം ഇപ്പോൾ അവക്കു നിഷേധിച്ചിരിക്കുന്നതും, സാങ്കേതികവിദ്യാലയങ്ങളിലേക്കു നടത്തപ്പെട്ട തെരഞ്ഞെടുപ്പിൽ അവശക്രൈസ്തവരെ അവഗണിച്ചതും, കോളേജുക്ലാസുകളിൽ പഠിക്കുന്ന അവശക്രൈസ്തവവിദ്യാത്ഥികൾക്കു നൽകുന്ന രീതിയിൽ പ്രതിമാസവേതനം തുടർച്ചയായ നിവേദനങ്ങൾക്കുശേഷവും അനുവദിക്കാതിരിക്കുന്നതും പബ്ളിക്ക് സവ്വീസിൽ അവക്കു മതിയായ പ്രാതിനിദ്ധ്യം നൽകാത്തതും കമ്മ്യൂണിസ്റ്റ്ഗവർമ്മെൻറിൻെറ വിവേചനാപരമായ നയത്തിനു ഉത്തമലക്ഷ്യങ്ങളാകുന്നു. തങ്ങളുടെ ന്യായമായ അവകാശങ്ങൾ സാധിച്ചുകൊടുക്കുന്നതിലേക്കു് സിക്രട്ടറിയേററുപടിക്കൽ സത്യഗ്രഹം നടത്തുന്ന അവശക്രൈസ്തവരെ മററു സത്യഗ്രഹികളോടു കാണിക്കാത്തതരത്തിൽ ജയിലിലാക്കിയിരിക്കുന്നതും മറെറാരു തെളിവാണു്. കമ്മ്യൂണിസ്റ്റ്ഗവമ്മെണ്ടിൻെറ ഗർഹണീയമായ ഈ വിവേചനനയത്തെ ഈ കമ്മിററി അതിശക്തിയായി പ്രതിഷേധിക്കുന്നതോടുകൂടി, ഈ കോൺഗ്രസിൽനിന്നും തുടരെ നടത്തിയിട്ടുള്ള നിവേദനങ്ങളെ വീണ്ടും ഗവമ്മെൻറിൻെറ ശ്രദ്ധയ്ക്കു വിഷയീഭവിപ്പിക്കുകയും അവശക്രൈസ്തവരോടു ഇനിയെങ്കിലും നീതി കാണിക്കണമെന്നു് അഭ്യത്ഥിക്കുകയും ചെയ്യുന്നു.

—o—

## കൃതജ്ഞത

തിരുക്കുടുംബത്തിൻെറ സഹായത്താൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിനു ഉപകാരസ്മരണ.

ചിറയത്തു ദേവസ്സി ആനീസ്,
കോടനാട്ടു്

## ക്രമരഹിതമായ വസ്ത്രധാരണത്തിനു പ്രോസിക്യൂഷൻ

റോം നഗരത്തിൽ അശ്ലീലമായ വിധത്തിൽ വസ്ത്രധാരണംചെയ്തു ആരെങ്കിലും പുറത്തു പ്രത്യക്ഷപ്പെടുകയാണെങ്കിൽ പോലീസ് ഒന്നാമതായി അവക്കു താക്കീതു നൽകുകയും വീണ്ടും അതേ രീതിയിൽ കാണുകയാണെങ്കിൽ അവരെ പ്രോസിക്യൂട്ടുചെയ്യുകയുംചെയ്യുന്നു. വിദേശികളായ സന്ദർശകർ പ്രത്യേകിച്ചും ഇത്തരത്തിൽ ആഭാസമായ വസ്ത്രധാരണ രീതി അനുകരിക്കുന്നതു സംബന്ധിച്ചു കഴിഞ്ഞ മാസത്തിൽ ഒസർവത്തോരെ റൊമാനോ എന്ന വത്തിക്കാൻ പത്രം പരാതിപ്പെടുകയും രണ്ടു ദിവസം കഴിഞ്ഞപ്പോൾ പോലീസ് കേന്ദ്രങ്ങളിൽനിന്നു ഈ നടപടിയെപ്പററിയുള്ള സ്റ്റേററുമെൻറു പുറപ്പെടുവിക്കുകയുമാണുണ്ടായതു്. പരിശുദ്ധ സിംഹാസനവും ഇററലിയും തമ്മിലുള്ള കൊൺകോർദാത്തിൽ, റോമാ നഗരത്തിൽ കത്തോലിക്കാകേന്ദ്രമെന്നുള്ള പരിഗണനയ്ക്കനുസരിച്ചുള്ള സദാചാരനിലവാരം സിവിൽ അധികാരം പാലിച്ചുകൊള്ളാമെന്നു വ്യവസ്ഥയുണ്ടു്. "വിദേശസന്ദശകരും നിയമത്തിനു വിധേയരാണു്. അതുകൊണ്ടു് സന്ദശകരാണെന്നുള്ള കാരണത്താൽ നിയമത്തിൽനിന്നൊഴിവു കൊടുക്കാതെ പോലീസ് അവരുടെ കത്തവ്യം നിവ്വഹിക്കേണ്ട ഘട്ടം വന്നിരിക്കുന്നു" എന്നാണു് ഒസ്സർവത്തോരെ മുന്നറിയിപ്പു നൽകിയതു്. ഇതിനിടെ ഏതാനും പേക്കു ഇക്കാരണത്താൽ സെൻറു് പീറേറഴ്സിൽ പ്രവേശനം നിഷേധിക്കപ്പെട്ടു. വിദേശികൾ പോലീസിൻെറ നിദ്ദേശം സ്വീകരിക്കുന്നില്ലെങ്കിൽ അവരെ അറസ്റ്റുചെയ്തു അതതു എംബസികളിൽ ഏല്പിക്കുന്നതാണു്. വിദേശസന്ദശകരും സ്വദേശികളും ഈ ആഭാസമായ നടപടിയെപ്പററി പരാതിപ്പെട്ടിട്ടുമുണ്ടു്.

—o—

# കേരളവാർത്തകൾ

മലബാർ ഡിസ്ട്രിക്ട്ബോർഡുവകയായും മുനിസിപ്പാലിററികളുടെ വകയായുമുള്ള എല്ലാ വിദ്യാഭ്യാസസ്ഥാപനങ്ങളും ഒക്ടോബർ 1-ാംനു മുതൽ ഏറെറടുത്തു നടത്തുവാൻ കേരളഗവമ്മെൻറു തീരുമാനിച്ചിരിക്കുന്നു. ഇവയിൽ പട്ടാമ്പി സംസ്കൃതകോളെജ് കലാലയവിദ്യാഭ്യാസഡയറക്ടറുടേയും മററു സ്ഥാപനങ്ങളെല്ലാം വിദ്യാഭ്യാസഡയറക്ടറുടേയും നിയന്ത്രണത്തിലായിരിക്കും.

—കേരളവിദ്യാഭ്യാസബില്ലിനെ മുസ്ലീംലീഗ് നഖശിഖാന്തം എതിക്കുന്നുവെന്നും ബിൽ നിയമമായാലും എതിപ്പു തുടരുമെന്നും ഇൻഡ്യൻ യൂണിയൻ മുസ്ലിംലീഗ് കേരളബ്രാഞ്ചിൻെറ ജോയിൻറു സെക്രട്ടറി മി. പി. അബ്ദുൾമജീദ് ഒരു പ്രസ്കോൺഫറൻസിൽ പ്രസ്താവിച്ചിരിക്കുന്നു.

—അവശക്രൈസ്തവർ സെപ്റ്റം: 30-ാംനു സെക്രട്ടറിയേററുപടിക്കൽ ഒരു കൂട്ടസത്യഗ്രഹം നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു. ഇതുവരെ 100-ൽപ്പരംപേരെ ഇതുസംബന്ധിച്ച് അറസ്റ്റു ചെയ്തു ശിക്ഷിച്ചിട്ടുണ്ട്.

—കേരളനിയമസഭ പാസാക്കിയ "വനംമാനേജ്മെൻറ്ഏറെറടുക്കൽബില്ലി"ന് കേന്ദ്രം അനുമതി നിരസിക്കുകയും ബില്ലിലെ പല വ്യവസ്ഥകളും സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് മടക്കിഅയക്കുകയും ചെയ്തിരിക്കുന്നതായറിയുന്നു.

—കണ്ണൂർ ഒന്നാംമണ്ഡലത്തിൽ നിന്നുള്ള അസംബ്ളിമെമ്പർ മി. സി. കണ്ണൻെറ തിരിഞ്ഞെടുപ്പിനെ ചോദ്യംചെയ്തുകൊണ്ട് സമപ്പിക്കപ്പെട്ടിരുന്ന ഹർജി ഇലക്ഷൻട്രിബ്യൂണൽ തള്ളിക്കളഞ്ഞിരിക്കുന്നു. ഈ വിധിയിന്മേൽ ഹർജിക്കാരനായ കോൺഗ്രസ് സ്ഥാനാത്ഥി അപ്പീൽ ബോധിപ്പിക്കുന്നതാണെന്നറിയുന്നു.

—അഖിലകേരളാടിസ്ഥാനത്തിൽ ഒരു ആയുവ്വേദകൺവൻഷൻ സെപ്റ്റം: 28, 29 എന്നീ തീയതികളിൽ ആലുവായിൽവച്ചു നടത്തപ്പെടുന്നതാണ്.

# ഇൻഡ്യാ വാത്തകൾ

കേന്ദ്ര ധനകാര്യമന്ത്രി കൃഷ്ണമാചാരി പശ്ചിമ ജമ്മനി സന്ദശിച്ചശേഷം അമേരിക്കയിലെത്തിയിരിക്കുന്നു. ഇൻഡ്യയുടെ രണ്ടാം പഞ്ചവത്സര പദ്ധതിക്കാവശ്യമായ വിദേശസഹായം തേടുകയാണ് അദ്ദേഹത്തിൻെറ പര്യടനോദ്ദേശം.

—മദ്രാസ് ഗവണ്ണർ ശ്രീ എ ജെ ജോൺ ചികിത്സാത്ഥം മദ്രാസ് ജനറലാശുപത്രിയിൽ പ്രവേശിച്ചിരിക്കുന്നു.

—കേന്ദ്ര തൊഴിൽകാര്യമന്ത്രി മി. ഗുൽസാരിലാൽനന്ദ സെപ്റ്റംബർ 23-തീയതി എറണാകുളത്തെത്തിയിരിക്കുന്നു. 28-ാംനു വരെ അദ്ദേഹം കേരളത്തിലുണ്ടായിരിക്കുന്നതാണ്.

—അപൂവ്വങ്ങളായ പഴയ ഹസ്തലിഖിതഗ്രന്ഥങ്ങൾ കൈവശമുള്ള വ്യക്തികളും സ്ഥാപനങ്ങളും അവ രാഷ്ട്രത്തിനു സംഭാവന ചെയ്യാൻ കേന്ദ്രഗവമ്മെൻറ് അഭ്യത്ഥിച്ചിരിക്കുന്നു

—ആചാര്യ വിനോബായുടെ അദ്ധ്യക്ഷതയിൽ സെപ്റ്റംബർ 21 22 എന്നീ തീയതികളിൽ മൈസൂർവച്ച് ഒരു അഖിലകക്ഷി ഗ്രാമദാനപരിഷത്തു് നടത്തപ്പെട്ടിരിക്കുന്നു. പ്രസിഡൻറു രാജേന്ദ്രപ്രസാദ്, പ്രധാനമന്ത്രി നെഹ്റു, പണ്ഡിററു് പന്തു്, മി. മൊറാർജി ദേശായി, മി. ജയപ്രകാശ്, മി. അശോകമേത്ത, മി. ഇ. എം. എസ്. നമ്പൂതിരിപ്പാട്ട് മുതലായവർ ഇതിൽ സംബന്ധിക്കുകയുണ്ടായി.

—ഇൻഡോനേഷ്യൻ പ്രസിഡൻറ് ഡോ. സുക്കാർണൊ, മാർഷൽ ടിറെറാ, ബ്രിട്ടീഷ് പ്രധാനമന്ത്രി മി. ഹരോൾഡ് മാക്മില്ലൻ മുതലായ പ്രശസ്താതിഥികൾ അടുത്തശീതകാലത്തു് ഇന്ത്യ സന്ദശിക്കുന്നതാണെന്നറിയുന്നു.

—യൂണിയൻ നിയമമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ഈയിടെ ഡൽഹിയിൽ സമ്മേളിച്ച സംസ്ഥാന നിയമമന്ത്രിമാരുടെ കോൺഫറൻസ് കോടതികളിൽ കുടിശിഖയായി കിടക്കുന്ന കേസുകൾ കഴിയുന്നതുംവേഗത്തിൽ തീക്കുക എന്ന ലക്ഷ്യത്തോടുകൂടി താഴെ പറയുന്ന തീരുമാനങ്ങൾ സ്വീകരിച്ചിരിക്കുന്നു: 1957-നു മുമ്പു ഫയൽ ചെയ്തിട്ടുള്ള എല്ലാ അപ്പീൽ കേസുകളും അടുത്ത വർഷാന്ത്യത്തോടുകൂടി തീരുമാനിക്കപ്പെടേണ്ടതാണ്. ഒരു വർഷത്തിൽ കുറഞ്ഞതു് 210 ദിവസമെങ്കിലും ഹൈക്കോടതികൾ പ്രവൃത്തിയെടുക്കണം. പ്രവൃത്തിസമയം ദിവസത്തിൽ അഞ്ചര മണിക്കൂറിൽ കുറഞ്ഞുകൂടാ. ആഴ്ചയിൽ ഒരു അസാധാരണ അവധി വരികയാണെങ്കിൽ ശനിയാഴ്ച ജോലിചെയ്യേണ്ടതാണ്. സിവിൽ കേസുകൾക്ക് 2 വർഷവും ക്രിമിനൽ കേസുകൾക്ക് 6 മാസവും പരമാവധി സമയമെടുക്കാം. വിവിധ ഹൈക്കോടതികളിലായി 19 അഡിഷനൽ ജഡ്ജിമാരെ നിയമിക്കുന്നതാണ്.

---

വി. റീത്താപുണ്യവതിയുടെ സഹായത്താൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിനു ഉപകാരസ്മരണ.

C. M. Mary

---

—പശ്ചിമബംഗാൾ അസംബ്ളിയിലെ പ്രതിപക്ഷനേതാവു് മി. ജ്യോതിബാസു ഉൾപ്പെടെ 10 പ്രതിപ്രക്ഷ മെമ്പർമാർ, അവശ്യസാധനങ്ങളുടെ വിലക്കയററത്തിൽ പ്രതിഷേധിച്ച് 144 ലംഘിച്ചുകൊണ്ട് പ്രകടനം നടത്തിയതിൻെറ ഫലമായി അറസ്റ്റു ചെയ്യപ്പെട്ടിരിക്കുന്നു.

—ആന്ധ്രാ പ്രദേശത്തു് അരിയുടേയും നെല്ലിൻേറയും വില നിയന്ത്രിച്ചുകൊണ്ട് ഇന്ത്യാ ഗവമ്മെണ്ടു് ഉത്തരവു പുറപ്പെടുവിച്ചിരിക്കുന്നു.

---



നിത്യസഹായമാതാവിൽനിന്നു ലഭിച്ചിട്ടുള്ള നിരവധി അനുഗ്രഹങ്ങൾക്കു് ഉപകാരസ്മരണ.

ടി. വി. എം.

---

## ചരമവാർത്തകൾ

മുട്ടുചിറ: മുട്ടുചിറ ഫൊറോനാപ്പള്ളി ഇടവക ശ്രീ ജോസഫ് കൊട്ടുകാപ്പള്ളിയുടെ പുത്രൻ ശ്രീ കെ ജെ തോമസ് 25 ാമത്തെ വയസ്സിൽ ബുധനാഴ്ച നിര്യാതനായിരിക്കുന്നു ശവസംസ്കാരം അന്നുതന്നെ യഥാവിധി നിവ്വഹിക്കപ്പെട്ടു.

കേട്ടുവള്ളി: സ്ഥലത്തെ കുന്നത്തു മത്തായി മാത്തു അവർകൾ 84_ാമത്തെ വയസ്സിൽ നിര്യാതനായി. ഇദ്ദേഹത്തിൻെറ പുത്രനും, മലബാർ കോളായാട്ട് കൊണ്ട്ലീയൂസ് മിഷൻെറ സുപ്പീരിയരുമായ റവ ഫാദർ ലൂക്കാസ് ഒ സി ഡി യുടെ പ്രധാനകാമ്മികത്വത്തിലും, 21 വന്ദ്യവൈദികർ ആദിയായവരുടെ സാന്നിദ്ധ്യസഹകരണത്തിലും മൃതദേഹം കല്ലറയിൽ സംസ്കരിക്കപ്പെട്ടു.

തോട്ടക്കര: ഈ ഇടവക കൊടകപ്പിള്ളി ശ്രീ പൈലി ഭാര്യ അന്ന തൻെറ 82-ാമത്തെ വയസ്സിൽ അന്ത്യകൂദാശകളെല്ലാം കൈക്കൊണ്ടു് സെപ്റ്റം: 17-ാംനു കത്താവിൽ നിദ്രപ്രാപിച്ചിരിക്കുന്നു. ശവസംസ്കാരം തോട്ടക്കരപള്ളി സിമിത്തേരിയിൽ യഥാവിധി നടത്തപ്പെട്ടു.

R. I. P

## വിവാഹവാർത്തകൾ

വടക്കപ്പുറം: ഈ ഇടവകയിൽ അയ്യനേത്തു ഗീവർഗീസിൻെറ മകൾ മറിയാമ്മയും, മൈലപ്രാ ഇടവക തേക്കുംമൂട്ടിൽ മത്തായിയുടെ മകൻ വറുഗീസും തമ്മിലുള്ള വിവാഹം റവ. ഫാ. എ ജി അബ്രാഹം തെങ്ങുന്താനമേടയിൽ അവർകളുടെ പ്രധാനകാമ്മികത്വത്തിൽ നടന്നിരിക്കുന്നു.

കല്ലേലി: ഈ ഇടവകയിൽ പട്ടരുമഠത്തിൽ പി സി ത്രേസ്യാമ്മയും, വകയാർ ഇടവകയിൽ പൂവണ്ണാൽ പി ഐ കോശിയും തമ്മിലുള്ള വിവാഹം 1957 സെപ്റ്റംബർ 15-ാംനു നടന്നിരിക്കുന്നു. വിവാഹം ആശീവ്വദിച്ചതു് ഫാ. ശാമുവേൽ ശങ്കരത്തിൽ അവർകളായിരുന്നു.

---

ബ: അൽഫോൻസാമ്മയുടെ സഹായത്താൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിനു ഉപകാരസ്മരണ.

Thankamma

---

## തൊഴിലാളികൾ മറിയത്തിനു സ്വയം പ്രതിഷ്ഠിക്കുന്നു

"വ്യവസായികളുടെ റോസറിക്രൂസേഡി"ൽ പെട്ട ഡബ്ളിനിലെ പതിനയ്യായിരം തൊഴിലാളികൾ "നോക്കി"ലുള്ള പരിശുദ്ധ കന്യകാമറിയത്തിൻെറ തീത്ഥസ്ഥലം സന്ദശിക്കുകയും അവരേയും അവരുടെ സഹതൊഴിലാളികളേയും "വ്യവസായമാതാവി"നു പ്രതിഷ്ഠിക്കുകയും ചെയ്തിരിക്കുന്നു. ഐർലണ്ടിലുള്ള മിക്കവാറും ഫാക്ടറികളിൽ സ്ഥിരമായ ഒരു മരിയകപ്പേള സ്ഥാപിക്കുകയും ദിവസംതോറും തൊഴിലാളികൾ അവിടെ കൂട്ടമായി ജപമാല എത്തിക്കുന്നതിനു അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

## മോൺ: നോക്സിനുവേണ്ടിയുള്ള കർമ്മത്തിൽ പ്രശസ്ത വ്യക്തികൾ

പരേതനായ മോൺ: നോക്സിനുവേണ്ടി വെസ്റ്റുമിനിസ്റ്റർ കത്തീഡ്രലിൽ ആക്സിലിയറി ബിഷപ്പ് ക്രാവെൻ തിരുമേനി ദിവ്യബലിയപ്പിച്ചു. ആർച്ചു ബിഷപ്പ് ഗോഡ്ഫ്റെ തിരുമേനി ഒപ്പീസ് നടത്തി. അപ്പസ്തോലിക്ക് ഡെലഗേററ് ഓഹാരാ തിരുമേനിയും ഇംഗ്ലണ്ടിലേയും വെയിത്സിലേയും സ്കോട്ട്ലണ്ടിലേയും ഹയരാക്കിയിലെ അംഗങ്ങളും മദ്ധ്യബഹായിൽ സന്നിഹിതരായിരുന്നു. പ്രധാനമന്ത്രി മി. ഹാരോൾഡ് മാക്മില്ലൻ അദ്ദേഹത്തിൻെറ പ്രൈവററ് സിക്രട്ടറി മി. വി. ഈ. ടെസ്ലു എന്നിവരുമൊന്നിച്ചു തിരുക്കമ്മങ്ങളിൽ സംബന്ധിച്ചു. പ്രൈംമിനിസ്റ്റർ ഓക്സ്ഫോർഡിൽ മോൺ. നോക്സിൻെറ സഹപാഠിയും ആപ്തമിത്രവുമാണ്. ബല്ലിയോൾ യൂണിവേഴ്സിററിയുടെ ഡീൻ റവ. എഫ്. എൽ. എം. വില്ലിസ്ബണ്ടു് അവർകളും തദവസരത്തിൽ സന്നിഹിതനായിരുന്നു.

## [illegible]വാർത്തകൾ

ഐക്യരാഷ്ട്ര ജനറൽ സംബ്ളിയുടെ 12-ാമതു സമ്മേളനം സെപ്റ്റം: 18-ാംനു ആരംഭിച്ചു. യു. എൻ. ഒ. യിലെ ന്യൂസിലണ്ട് പ്രതിനിധിയും അമേരിക്കയിലെ ന്യൂസിലണ്ട് അമ്പാസഡറുമായ മി. ലെസ്ലി മൺറോയാണ് അസംബ്ളിയുടെ ഇത്തവണത്തെ പ്രസിഡണ്ടായി തിരിഞ്ഞെടുക്കപ്പെട്ടിരിക്കുന്നതു്. മലയായും പുതുതായി അംഗത്വം ലഭിച്ചതോടെ യു. എൻ. ഒ യുടെ അംഗസംഖ്യ ഇപ്പോൾ 82 ആയി വർദ്ധിച്ചിരിക്കുന്നു.

—തെയ്ലണ്ടിൽ മാർഷൽ പിബുൾ സോൺഗ്രാമിൻെറ നേതൃത്വത്തിലുള്ള മന്ത്രിസഭയെ നിഷ്കാസനംചെയ്തു് അവിടത്തെ സൈനികാധികാരികൾ ഭരണമേറെറടുത്തിരിക്കുന്നു. അപ്രത്യക്ഷനായ പ്രധാനമന്ത്രി സോൺഗ്രാം കമ്പോഡിയായിൽ അഭയംതേടിയിരിക്കയാണെന്നു റിപ്പോർട്ടുചെയ്യപ്പെട്ടിട്ടുണ്ട്. സൈന്യം അധികാരമേററതോടെ തെയ്ലണ്ടിലെ രാജാവു് ഫുമിഫോൺ അതുൽദത്തു് പാർലമെൻറ് പിരിച്ചുവിടുകയും 90 ദിവസത്തിനകം പുതിയ തിരിഞ്ഞെടുപ്പു നടക്കുന്നതാണെന്നു പ്രഖ്യാപിക്കുകയും ചെയ്തിരിക്കുന്നു. പശ്ചിമരാഷ്ട്രങ്ങൾക്കനുകൂലമായ തെയ്ലണ്ടിൻെറ വിദേശനയം അതേപടി തുടരുന്നതാണെന്നു പുതിയ ഭരണാധികാരികൾ പ്രഖ്യാപിച്ചിരിക്കുന്നു.

—ഹങ്കറിപ്രശ്നം ഐക്യരാഷ്ട്രജനറലസംബ്ളിയുടെ അജണ്ടായിൽ ഉൾപ്പെടുത്തുവാൻ ഐക്യരാഷ്ട്രസ്റ്റീയറിംഗ് കമ്മിററി രണ്ടിനെതിരായി 13 വോട്ടുകളോടെ തീരുമാനിച്ചിരിക്കുന്നു.

—റോമിലെ ഇൻഡ്യൻ അമ്പാസഡർ മി. ജോൺ എ. തിവി നെതർലൻഡ്സിലെ ഇൻഡ്യൻ അമ്പാസഡർകൂടിയായി നിയമിതനായിരിക്കുന്നു.

—ചൈനയിൽ 10 ദിവസത്തെ സന്ദർശനാർത്ഥം ഇൻഡ്യൻ വൈസ്പ്രസിഡണ്ട് ഡോക്ടർ രാധാകൃഷ്ണൻ സെപ്റ്റം: 18-ാംനു പീക്കിംഗിലെത്തിയിരിക്കുന്നു.

—ബ്രിട്ടൺ ബാങ്കുറേററ് ഏഴു ശതമാനമാക്കി വർദ്ധിപ്പിച്ചിരിക്കുന്നു.

—ഐക്യരാഷ്ട്രസംഘടനയിൽ ചൈനയ്ക്കു അംഗത്വം നൽകണമെന്നുള്ള ഇൻഡ്യൻപ്രമേയം യു. എൻ. സ്റ്റീയറിംഗ്കമ്മിററിയിൽ പരാജയപ്പെട്ടിരിക്കുന്നു.








# നമ്മുടെ പ്രൈമറിവിദ്യാഭ്യാസം എങ്ങനെ ഉദ്ധരിക്കാം

(ലേവി)

ഏററവും അപകടനിലയിൽ, എപ്പോഴും നിലംപതിക്കാവുന്ന അവസ്ഥയിൽ, കാണികളിൽ ഭീസംഭ്രമാദിവികാരങ്ങളുദ്ദീപിപ്പിക്കാവുന്ന ഒരു മഹാസൗധത്തിന്റെ അവസ്ഥയിലത്രെ ഇന്നത്തെ നമ്മുടെ വിദ്യാഭ്യാസനിലയെന്നു അതിശയോക്തിലേശമെന്യേ പറയാവുന്നതാണ്.

നിഷ്പക്ഷമതികളായ ഇന്നാട്ടുകാർക്ക്, വിദ്യാഭ്യാസാന്തരീക്ഷത്തിലെ ഇന്നത്തെ കലുഷാവസ്ഥ എന്തുമാത്രം വേദനാജനകമാണെന്നു പറഞ്ഞറിയിക്കേണ്ടതില്ല. ഇതിന്റെയൊക്കെ ആവശ്യകത എന്താണെന്നു എത്രയൊക്കെ ആലോചിച്ചിട്ടും മനസ്സിലാകുന്നില്ല. നമ്മുടെ കുഞ്ഞുങ്ങളുടെ ഭാവി ശോഭനമായിരിക്കണമെന്നുള്ളതായിരിക്കേണ്ടേ നമ്മുടെ ലക്ഷ്യം? മാതാവും പിതാവും തമ്മിൽ ശണ്ഠയും, അറപ്പും വെറുപ്പുമുണ്ടാക്കുന്ന ഒച്ചപ്പാടും കൂട്ടുമ്പോൾ വീട്ടിലെ പിഞ്ചുകുഞ്ഞുങ്ങൾക്കുസമം, ഭരണകർത്താക്കളും ജനങ്ങളും തമ്മിൽ ചേരിതിരിഞ്ഞുനിന്നു് വിദ്യാഭ്യാസത്തിന്റെ പേരിൽ പ്രയോജനരഹിതമായി കലഹിച്ചുകൊണ്ടിരിക്കുമ്പോൾ, ഇവിടത്തെ വിദ്യാഭ്യാസശിശു എവിടെയാണു രക്ഷയെന്നു അമ്പരന്നു പരക്കംപായുകയാണ്. ഈ അലോഹ്യങ്ങൾ ഇന്നാട്ടിനോ, ഇന്നാട്ടിലെ വിദ്യാഭ്യാസത്തിനോ എന്തെങ്കിലും നന്മയുണ്ടാക്കുമെന്നു സുബുദ്ധിയുള്ളവർ വിചാരിക്കുന്നില്ല.

തെറിക്കുമേൽ തെറിപറഞ്ഞും അടിക്കുമേലടിനടത്തിയും രാജ്യത്തു അരാജകാവസ്ഥ ഉൽഭൂതമാക്കിയിട്ടു് ആരെന്തു സാധിക്കുവാൻ പോകുന്നുവെന്നാണു് അസ്മാദൃശർ സന്ദേഹിക്കുന്നതു്. ഒരു നന്മയും ആവഴിക്കുണ്ടാവാൻ പോകുന്നില്ല.

ഉപയോഗവും പ്രയോജനവും ലക്ഷ്യമാക്കി വർത്തിക്കുക. അതിനു സുഗമമായ മാർഗ്ഗം കണ്ടുപിടിക്കുക. രാജ്യത്തിന്റെ ആവശ്യം നിറവേററുക!

ഇന്നാട്ടിലെ കുഞ്ഞുങ്ങളുടെ വിദ്യാഭ്യാസമാണു ലക്ഷ്യമെങ്കിൽ ഇന്നു കാണുന്ന ഈ കടിപിടികൂട്ടലുകളെല്ലാം എന്തിനാണെന്നു ചോദിച്ചുപോവുക സ്വാഭാവികമാണ്.

പ്രൈമറിസ്കൂളിലെ ഇന്നത്തെ വിദ്യാഭ്യാസത്തെക്കുറിച്ചു മാത്രം കുറഞ്ഞൊന്നു പറയണമെന്നല്ലാതെ മററംശങ്ങളിലേക്കു കടക്കണമെന്നു് ഈ ലേഖനംകൊണ്ടുദ്ദേശിക്കുന്നില്ല.

ഈ ലേഖനത്തിൽ നിർദ്ദേശിക്കുന്ന കാര്യങ്ങൾ നല്ല മനസ്സുള്ളവരുടെ ചിന്തയ്ക്കു വിഷയമാക്കണമെന്നേ ഈ ലേഖകനു് ഇന്നത്തെ കലുഷാന്തരീക്ഷത്തിൽ ഉദ്ദേശമുള്ളൂ.

മാതാപിതാക്കൾ തങ്ങളുടെ കുഞ്ഞുങ്ങളുടെ "കണ്ണു തെളിക്കണം" എന്നാഗ്രഹിക്കുന്നതുപോലെതന്നെ, രാഷ്ട്രത്തിന്റെ പൊതുവായ വിദ്യാഭ്യാസത്തിൽ ഭരണാധികാരികളും ആഗ്രഹിക്കണം. ഭരണാധികാരികൾ അങ്ങനെ ആഗ്രഹിക്കാതിരുന്നതിന്റെ പരിണതഫലമാണ്, നമ്മുടെ വിദ്യാഭ്യാസത്തിനു പൊതുവേയും പ്രൈമറിവിദ്യാഭ്യാസത്തിനു പ്രത്യേകമായും സംഭവിച്ചിരിക്കുന്ന ഇന്നത്തെ ദുരവസ്ഥ. ഈ ദുരവസ്ഥയ്ക്കു പരിഹാരം ആരായുകയാണു് ഇന്നത്തെ അടിയന്തിരാവശ്യം.

ഓരോ കൊല്ലം കഴിയുംതോറും വിദ്യാർത്ഥികൾ വർദ്ധിച്ചുകൊണ്ടിരിക്കുന്നു. അതിനനുസരണമായി വിദ്യാലയങ്ങളും അദ്ധ്യാപകന്മാരും വർദ്ധിക്കേണ്ടതാണ്. ഇവിടത്തെ വിദ്യാർത്ഥികളുടെ വർദ്ധനവിനനുസരിച്ചു് വിദ്യാഭ്യാസച്ചുമതല മുഴുവൻ വഹിക്കുന്നതിനു് ഒരു കാലത്തും ഇവിടത്തെ ഗവമ്മെൻറിനു ശക്തിയുണ്ടായിരുന്നില്ല. ഇപ്പോഴും ഉണ്ടെന്നു പറഞ്ഞുകൂടാ. പ്രൈവററുവിദ്യാലയങ്ങളാണു് രാഷ്ട്രത്തെ സഹായിച്ചുകൊണ്ടു് രാജ്യക്ഷേമകരമായ ഈ സേവനം സ്തുത്യർഹമായി നിർവ്വഹിച്ചുകൊണ്ടുപോന്നിട്ടുള്ളതു്. പ്രൈവററുവിദ്യാലയങ്ങൾ ഏറിയകൂറും ഇപ്പോൾ ക്രിസ്ത്യാനികളുടേതുമാണ്.

ഭാരിച്ച തുകമുടക്കി സ്കൂളുകൾ പോലെയുള്ള ധർമ്മസ്ഥാപനങ്ങൾ നടത്തുക വ്യക്തികൾക്കു പ്രായേണ സാദ്ധ്യമല്ല. അതുകൊണ്ടു് എൻ. എസ്. എസ്; എസ്. എൻ. ഡി. പി. മുതലായ മററുചില സാമുദായികസംഘടനകളല്ലാതെ വ്യക്തിഗതമായി അധികമാരും ഇക്കാര്യത്തിൽ മുന്നോട്ടു വന്നിരുന്നില്ല. അങ്ങിങ്ങായി ചില വ്യക്തികൾ ഈ രംഗത്തു ചാടിയിറങ്ങിയതിന്റെ ഫലമായി, ഏതാണ്ടൊരു "കച്ചവട"മനോഭാവം പരിശുദ്ധമായ ഈ വേദിയിൽ സംഭവിക്കാനും ഇടവന്നു. ക്രിസ്ത്യൻമാനേജുമെൻറുസ്കൂളുകളെ സംബന്ധിച്ചു് ശത്രുക്കൾക്കുപോലും ഈ ചെളി വാരിയെറിയാൻ സാദ്ധ്യമല്ല. തികച്ചും പരിശുദ്ധമായ ആന്തരികപ്രേരണയുടെ പ്രചോദനത്തിലത്രെ അവർ സ്കൂളുകൾ നടത്തുന്നതു്.

വിദ്യാഭ്യാസരംഗത്തുള്ള ക്രിസ്ത്യാനികളുടെ നില സർ സി. പി. ക്കു സഹിച്ചില്ല. അദ്ദേഹത്തിൽ കുടികൊണ്ടിരുന്ന വർഗ്ഗീയസർപ്പം ഫണമുയർത്തി. വിദ്യാലയങ്ങളും അദ്ധ്യാപകരും വർദ്ധിക്കേണ്ടിയിരുന്നെങ്കിലും ഗവമ്മെൻറിനതിനു സ്വന്ത നിലയിൽ കഴിവുണ്ടായിരുന്നില്ല. ആവശ്യമനുസരിച്ചു് പ്രൈവററുസ്കൂളുകൾ വളർത്തി രാജ്യത്തിന്റെ വിദ്യാഭ്യാസാവശ്യം നിറവേററാമെന്നുവച്ചാൽ, ക്രിസ്ത്യൻസ്കൂളുകൾ വീണ്ടും കൂടുതലായി വർദ്ധിക്കുമെന്നു് അദ്ദേഹം ഭയപ്പെട്ടു. എങ്ങനേയും ക്രിസ്ത്യാനികളെ ഉന്മൂലനം ചെയ്യാൻ കച്ചബന്ധം ചെയ്തിരുന്ന സർ സി. പി. ക്കു് ക്രിസ്ത്യാനികൾക്കു കൂടുതൽ സ്കൂളുകളുണ്ടാകുമെന്നുള്ളതുകൊണ്ടു്, രാജ്യത്തിന്റെ വിദ്യാഭ്യാസാവശ്യം സുഗമമായി നേടാമായിരുന്ന പ്രൈവററുവിദ്യാലയവർദ്ധനാപരിപാടിക്കുള്ള നല്ല ആലോചന തള്ളിക്കളയേണ്ടതായിവന്നു.

അതേസമയം, ഭരണാധികാരി എന്ന നിലയിൽ രാജ്യത്തിന്റെ വിദ്യാഭ്യാസപ്രശ്നത്തെ നേരിടുന്നതിനു് ധിഷണാസമ്പന്നനായ അദ്ദേഹം ശാപാർഹമായ ഇന്നത്തെ ഷിഫ്ററുസിസ്റ്റം കണ്ടുപിടിക്കേണ്ടിവന്നു. ഈ ഷിഫ്ററുസിസ്റ്റം എത്ര വലിയ ദോഷമാണു രാജ്യത്തിൽ വരുത്തിക്കൂട്ടിയിരിക്കുന്നതെന്നു ആരും ആരോടും പറഞ്ഞറിയിക്കേണ്ടതില്ലല്ലോ!

തങ്ങളുടെ കുഞ്ഞുങ്ങളെ എഴുതാനും വായിക്കാനും പരിചയിപ്പിക്കണമെന്നു വിചാരിക്കുന്ന എല്ലാ മാതാപിതാക്കളും അവരവരുടെ സാമ്പത്തികനിലയ്ക്കനുസരണമായി, പ്രൈവററുട്യൂഷനും കുടിപ്പള്ളിക്കൂടങ്ങളും വഴിയായി അക്കാര്യം ഇന്നു നിർവ്വഹിച്ചുകൊണ്ടിരിക്കയാണെന്നുള്ളതു പരസ്യമായ ഒരു രഹസ്യമാണ്.

സർ സി. പി. രാമസ്വാമി അയ്യർ അവർകൾ കത്തിച്ച അസൂയാഗ്നി ഇതാ ഇപ്പോഴും നമ്മുടെ വിദ്യാഭ്യാസസൗധത്തെ നശിപ്പിച്ചുകൊണ്ടിരിക്കുന്നു. പ്രൈമറിവിദ്യാഭ്യാസരംഗത്തു പലപല പരിഷ്കാരങ്ങളും വരുത്തി. നാലുക്ലാസ്സ് അഞ്ചാക്കി. ഫലം? അക്ഷരവുമായി പിടികിട്ടുന്നില്ല. കാരണം? പഠിക്കാനോ പഠിപ്പിക്കാനോ സമയമില്ല.

ഈ കഷ്ടാവസ്ഥയ്ക്കു ശരിയായ പരിഹാരമാർഗ്ഗം കണ്ടുപിടിക്കണമെന്നുള്ള ഒരു നല്ല പുരോഗമനോദ്ദേശമുള്ള ഭരണകൂടം തുടർന്നിതുവരേയും രൂപമെടുക്കാതിരുന്നതു ഈ രാജ്യത്തിന്റെ കഷ്ടകാലമെന്നല്ലാതെ എന്തുപറയട്ടെ!

ഷിഫ്ററുമാററി ഇവിടത്തെ പ്രൈവററുവിദ്യാഭ്യാസം ഉദ്ധരിക്കുന്നതിനു പല പദ്ധതികളും പലരും ഉന്നയിക്കുകയുണ്ടായി. വലിയ ധനവ്യയം വേണ്ടിവരുമെന്നുള്ളതുകൊണ്ടു് പ്രൈമറിസ്കൂളിലെ ഷിഫ്ററുപദ്ധതിയുടെ മുമ്പിൽ ഭരണാധികാരികൾ പകച്ചുനിൽക്കയാണ്. രക്ഷയ്ക്കാവശ്യമായ ബോധം അവർക്കുദിച്ചിരിക്കാമെങ്കിലും സർ സി. പി യെപ്പോലെതന്നെ "മകൻ ചത്താലും മരുമകളുടെ ദുഃഖം കാണാൻ" കാത്തിരിക്കയാണ്.

ഇവിടത്തെ വിദ്യാഭ്യാസശിശു ആസന്നമരണനിലയിൽ കിടക്കുമ്പോൾ അതിന്റെ രക്ഷാകർത്തൃസ്ഥാനത്തുള്ളവർക്കു ചൂതാട്ടം! യഥാർത്ഥ രാജ്യസ്നേഹികൾക്കു ഈ അവസ്ഥ തികച്ചും പ്രതിഷേധാർഹമാണ്. സൗന്ദര്യപ്പിണക്കങ്ങളും, പകപോക്കലുകളും, പാർട്ടിസ്പിരിററുകളും, വർഗ്ഗീയവിദ്വേഷങ്ങളുമൊക്കെ വെടിഞ്ഞു് രാജ്യത്തിന്റെ നന്മയെ ലക്ഷ്യമാക്കി ഉദ്ദേശ്യശുദ്ധിയോടുകൂടിയ പദ്ധതി ആവിഷ്കരിക്കുക!

ഇവിടത്തെ പ്രൈമറിവിദ്യാഭ്യാസം ഉദ്ധരിക്കുന്നതിനു് "അരയിലിരിക്കുന്ന അരിക്കു് അങ്ങാടിയിൽ തിരക്കുണ്ടാക്കേണ്ട" ആവശ്യമില്ല. "പോക്കററിലെ പേനയെടുക്കാൻ അയൽക്കാരന്റെ കൈവേണ്ട."

ഷിഫ്ററുമാററുമ്പോൾ ഇവിടത്തെ പ്രൈമറിവിദ്യാഭ്യാസം ശരിക്കു ശ്വാസോച്ഛ്വാസംചെയ്യും. ഷിഫ്ററുമാററാൻ പ്രൈവററു് പ്രൈമറിസ്കൂൾ വർദ്ധിപ്പിക്കണം. അതിനു പ്രേരകമായ ഒരു നല്ല അവസ്ഥ ആവിർഭവിപ്പിക്കണം. നിലവിലിരിക്കുന്ന ഡിപ്പാർട്ടുമെൻറുചട്ടങ്ങൾ അനുസരിക്കുന്ന പുതിയ സ്കൂളുകൾക്കു് അംഗീകാരവും ഗ്രാൻറും നൽകുക. രാജ്യത്തെങ്ങും ധാരാളം സ്കൂളുകൾ ഉണ്ടാകും. നമ്മുടെ കുഞ്ഞുങ്ങൾ മുഴുവൻ സമയവും പഠിക്കും. അഭ്യസ്തവിദ്യരായ അനേകർക്കു തൊഴിലും ലഭിക്കും. ക്ലിപ്തകാലാവധിക്കകം പരിശീലനം കഴിച്ചുകൊള്ളണമെന്ന വ്യവസ്ഥയിൽ ട്രെയിനിംഗില്ലാത്തവരേയും അദ്ധ്യാപകരായി നിയമിക്കണം. കെട്ടിടം, അകസാമാനങ്ങൾ മുതലായവയ്ക്കാവശ്യമായ ഭീമമായ തുക ഗവമ്മെൻറിനു ലാഭിക്കാം. രാജ്യത്തെ വിദ്യാഭ്യാസത്തിന്റെ അടിത്തറയായ പ്രൈമറിവിദ്യാഭ്യാസം കഴമ്പുള്ളതും പ്രയോജനമുള്ളതുമാകും. നമ്മുടെ കുഞ്ഞുങ്ങൾക്കു് എഴുതാനും വായിക്കാനും കഴിവുണ്ടാകും. തുടർന്നുള്ള അദ്ധ്യയനവും സുഗമമാകും. നമ്മുടെ കുഞ്ഞുങ്ങളുടെ വിദ്യാഭ്യാസത്തിൽ താല്പര്യമുള്ള യഥാർത്ഥ രാജ്യസ്നേഹികൾ ഇക്കാര്യത്തിൽ ശ്രദ്ധ ചെലുത്തണമേയെന്നു ഒരിക്കൽക്കൂടി ഓർമ്മിപ്പിച്ചുകൊള്ളുന്നു.

രാവിലെ എട്ടുമുതൽ പന്ത്രണ്ടരവരെ നാലരമണിക്കൂറും, ഉച്ചമുതൽ നാലരമണിക്കൂറും എന്നിങ്ങനെ അദ്ധ്യയനസമയം ഭേദപ്പെടുത്തിക്കൊണ്ടു്, അദ്ധ്യാപകരെ ഇരട്ടിച്ചു് സ്കൂൾ നടത്തുന്ന ഒരു പദ്ധതി വിദ്യാർത്ഥിഷിഫ്ററു മാററാൻ രൂപമെടുത്തുവരുന്നതായി കേൾക്കുന്നു. സ്കാഥാമിന്റെ കാലത്തു പരീക്ഷിച്ചുനോക്കി, ഇന്നാട്ടിലെ ജനങ്ങളുടെ രീതിക്കും ശീതോഷ്ണാവസ്ഥയ്ക്കും അനുകൂലമല്ലെന്നു് അനുഭവപ്പെട്ടു് പരാജയമടഞ്ഞ ഈ സമയഭേദഗതി വീണ്ടും പ്രയോഗിച്ചുനോക്കുന്നതിന്റെ അനൗചിത്യം ആലോചനാർഹമാണ്!

ഡിപ്പാർട്ടുമെൻറുമേലധികാരികളുടേയും മാനേജുമെൻറിന്റേയും അധികാരത്തിൻകീഴ് ഇവിടത്തെ മാനേജ്മെൻറുസ്കൂളുകൾ അവയുടെ കർത്തവ്യനിർവ്വഹണം എത്രമാത്രം സ്തുത്യർഹമായിട്ടാണു് നിറവേററിവന്നിട്ടുള്ളതെന്നോർക്കുമ്പോൾ നമ്മുടെ ആവശ്യം, നമ്മുടെ നാട്ടിലെ കുഞ്ഞുങ്ങൾ ശരിയായ വിദ്യാഭ്യാസമുള്ളവരായിത്തീരുക എന്നുള്ളതാണെങ്കിൽ, ആർക്കുമാർക്കും ദോഷംകൂടാത്തതും ഗവമ്മെൻറിനു വമ്പിച്ച ധനവ്യയത്തിൽനിന്നൊഴിയാവുന്നതുമായ പ്രൈവററുസ്കൂൾ അഭിവൃദ്ധിപ്പെടുത്തി വളർത്തുന്ന പദ്ധതി ഭരണാധികാരികൾ കൈക്കൊള്ളുകയും ശാപമായിത്തീർന്നിരിക്കുന്ന ഷിഫ്ററു് അവസാനിപ്പിച്ചു് സുഗമമായ നിലയിൽ പ്രൈമറിവിദ്യാഭ്യാസത്തെ പുനരുദ്ധരിക്കുകയുംചെയ്തു് ഇന്നാട്ടിലെ കുഞ്ഞുങ്ങളുടെ ഭാവി സുരക്ഷിതമാക്കിത്തീർക്കേണ്ടതാണ്.




# വിശുദ്ധ ഫ്രാൻസിസ് അസ്സീസിയുടെ വിശുദ്ധകർബാനയോടുള്ള ഭക്തി

(വിദ്വാൻ പി. ജെ. ജോസഫ് എം. എ.)

വിശുദ്ധ കർബാന കൈക്കൊള്ളൽ വിപുലതരമാക്കുന്നതിനായി, തിരുസഭ അടുത്തകാലത്തു്, ഉപവാസം സംബന്ധിച്ചു് സാരമായ വിട്ടുവീഴ്ചകൾ ചെയ്തിട്ടുള്ള വസ്തുത സുവിദിതമാണല്ലോ. ആദ്ധ്യാത്മികമായ ഔന്നത്യത്തേക്കാൾ കുലീനത്വം, സമ്പൽസമൃദ്ധി, സർവ്വകലാശാലാബിരുദം മുതലായവയ്ക്കു മേന്മ കല്പിക്കുന്ന ഒരു സംഘമാളുകൾ, സഭയുടെ ഈ ആനുകൂല്യത്തിന്റെ മൂല്യം ഗ്രഹിക്കുന്നതിൽ ദയനീയമാംവണ്ണം പരാജയപ്പെട്ടിരിക്കുകയാണ്. ശരീരത്തിനു് മസൃണതയുണ്ടാക്കുന്നതിനു് ഇക്കൂട്ടർ സഹിച്ചുകൊണ്ടിരിക്കുന്ന ക്ലേശം കുറച്ചൊന്നുമല്ല. വെട്ടിത്തിളങ്ങുന്ന പട്ടുവസ്ത്രങ്ങൾകൊണ്ടു ശരീരത്തെ മോടിപിടിപ്പിക്കാനും ഇത്തരക്കാർ നിതാന്തകുതുകികളാണ്. എന്നാൽ, അതിനുള്ളിൽ അനശ്വരമായ ഒരാത്മാവുണ്ടെന്നും, അതിനെ അലങ്കരിക്കുന്നതിലാണ് മറെറന്തിനെയുംകാൾ കൂടുതൽ വ്യഗ്രത പ്രദർശിപ്പിക്കേണ്ടതെന്നുമുള്ള വിചാരം ഒരിക്കലെങ്കിലും അവരുടെ ശിരസ്സിൽ കയറിയിട്ടില്ലെന്നേ തോന്നുകയുള്ളൂ, വിശുദ്ധ കൂദാശകളുടെ നേർക്കു് അവർ പ്രദർശിപ്പിക്കുന്ന അനാസ്ഥ കാണുമ്പോൾ.

അസ്സീസിയിലെ വി. ഫ്രാൻസീസ് പരിശുദ്ധ കർബാനയുടെ നേരെ പ്രദർശിപ്പിച്ചുവന്ന ഭക്തി, ഇത്തരക്കാരെ അമ്പരപ്പിക്കാൻ പോരുന്നതായിരുന്നു. കുലീനതയിലോ, സമ്പത്തിലോ, സൗന്ദര്യത്തിലോ ഫ്രാൻസീസ് ഒട്ടും പിന്നണിയിലായിരുന്നില്ല; എന്നല്ല, മുന്നണിയിൽത്തന്നെ നിന്നിരുന്നു. എന്നാൽ, ജീവിതപാരാവാരത്തിലെ അനശ്വരമായ മുത്തുകളും രത്നങ്ങളും സംഭരിക്കുന്നതിലായിരുന്നു അദ്ദേഹത്തിന്റെ ശ്രദ്ധ മുഴുവൻ. "ചപ്പുചിപ്പുകൾ"ക്കുവേണ്ടി വിലയേറിയ മനുഷ്യജീവിതം ദുരുപയോഗിക്കാൻ അദ്ദേഹം ഒട്ടുംതന്നെ സന്നദ്ധനായിരുന്നില്ല.

"The ideals of St. Francis of Assisi"എന്ന ബൃഹദ്ഗ്രന്ഥത്തിന്റെ മൂന്നാമദ്ധ്യായത്തിൽ, വി. ഫ്രാൻസീസിനു പരിശുദ്ധ കർബാനയുടെ നേർക്കുണ്ടായിരുന്ന ഭക്തിയുടെ സമഞ്ജസവും ആവേശജനകവുമായ ഒരു വിവരണം കാണാം. വിശുദ്ധ കർബാനയെ ഒഴിച്ചുനിറുത്തിക്കൊണ്ടു് ദിവ്യരക്ഷകനെക്കുറിച്ചു ചിന്തിക്കാനോ സംസാരിക്കാനോ അദ്ദേഹത്തിനു സാധിക്കുമായിരുന്നില്ല. ശതാബ്ദങ്ങൾക്കു മുൻപു വിദൂരത്തു ജീവിച്ചിരുന്ന ക്രിസ്തുവല്ല, ദിവ്യകൂദാശയിൽ അൾത്താരയിൽ സദാ സന്നിഹിതനായിരിക്കുന്ന ക്രിസ്തുവാണ്, അദ്ദേഹത്തിന്റെ മനോമുകുരത്തിൽ അനവരതം പ്രതിഫലിച്ചിരുന്നതു്. അദ്ദേഹത്തിന്റെ ചിന്തയുടേയും, വ്യാപാരങ്ങളുടേയും കേന്ദ്രം അൾത്താരയായിരുന്നെന്നു പറയാം. ചുരുക്കിപ്പറഞ്ഞാൽ, വിശുദ്ധ കർബാനയായിരുന്നു അദ്ദേഹത്തിന്റെ ആദ്ധ്യാത്മികജീവിതത്തിന്റെ ശക്തികേന്ദ്രം.

വി. ഫ്രാൻസീസിനു ക്രിസ്തുവിന്റെ ദിവ്യശരീരത്തോടുണ്ടായിരുന്ന ഈ അപരിമിതമായ ഭക്തിയെപ്പററി അദ്ദേഹത്തിന്റെ കുമ്പസാരക്കാരനായിരുന്ന "ബ്രദർ ലെയോ" ഊന്നിപ്പറഞ്ഞിട്ടുണ്ടു്.

ക്രിസ്തു അപ്പത്തിലും വീഞ്ഞിലും മറഞ്ഞിരിക്കാൻ തിരുമനസ്സായതിൽ പ്രദർശിപ്പിച്ചിരിക്കുന്ന താഴ്മ നമ്മുടെ വിശുദ്ധനെ അത്ഭുതപരതന്ത്രനാക്കിയിരുന്നതായി "സെലാനോ"യിലെ തോമസ് പ്രഖ്യാപനം ചെയ്യുന്നു. തക്ക പ്രതിബന്ധമുള്ളപ്പോഴല്ലാതെ വിശുദ്ധ കർബാന കാണാതിരിക്കുന്നതു് അക്ഷന്തവ്യമായ ഒരപരാധമായി വി. ഫ്രാൻസീസ് ഗണിച്ചിരുന്നു. "എനിക്കു വിശുദ്ധ കർബാനയിൽ സംബന്ധി

ക്കാൻ സാധിക്കാതെ വന്നാൽ, ഞാൻ ധ്യാനനിരതനായി ക്രിസ്തുനാഥൻെറ ദിവ്യശരീരത്തെ ആരാധിക്കുകയും, ആത്മീയചക്ഷുസ്സുകൊണ്ട് കുർബാനയിലെന്നപോലെ, ദിവ്യകാരുണ്യനാഥനെ ദശിക്കുകയും ചെയ്യും" എന്നു വിശുദ്ധൻ പ്രസ്താവിച്ചിട്ടുണ്ട്.

വി. ഫ്രാൻസീസിനു ഫ്രഞ്ചു ഭാഷയോടും, ഫ്രഞ്ചു ആചാരമയ്യാദകളോടും വളരെ പ്രതിപത്തിയുണ്ടായിരുന്നു. അതിനു കാരണം, അദ്ദേഹം ഒരു ഫ്രഞ്ചുകാരിയുടെ പുത്രനായി ജനിച്ചതോ, വീരയോദ്ധാക്കളുടേയും കീത്തനകവികളുടേയും നാടായ "പ്രോവൻസ്" ഫ്രാൻസിൽ സ്ഥിതിചെയ്യുന്നതോ മാത്രമല്ല; പ്രത്യുത ഫ്രാൻസ് വിശുദ്ധ കുർബാനയുടെ ഒരു വിശ്വസ്തമിത്രമായിരുന്നതാണ്. മററു നാടുകളിലെ കത്തോലിക്കരേക്കാൾ വളരെ കൂടുതലായി വിശുദ്ധ കുർബാനയെ ബഹുമാനിക്കുന്ന ഒരു കത്തോലിക്കാജനത ഫ്രാൻസിലുണ്ടെന്നും, അ

Chakola's SILK HOUSE
TRICHUR-ERNAKULAM

# കല്യാണ സാരികൾ

ആവശ്യത്തിനും, അവസരത്തിനും അനുസരിച്ചുള്ള വിവിധ ജവുളിത്തരങ്ങൾ ധാരാളം സ്റ്റോക്കുണ്ട്.

EP

ളുകൊണ്ട് അവിടെ താമസിക്കാനും അദ്ധ്യാത്മികളുമായി സമ്പക്കം പുലത്താനും താൻ അഭിലഷിക്കുന്നുവെന്നും വിശുദ്ധൻ തന്നെ പ്രസ്താവിച്ചിട്ടുള്ളതായി കാണുന്നു. വിശുദ്ധ കൂദാശയോടുള്ള ഭക്തിബഹുമാനാദികൾ നിമിത്തം, ഫ്രാൻസിൽവച്ചുതന്നെ മരിക്കുന്നതിനും അദ്ദേഹം ആഗ്രഹിച്ചിരുന്നത്രെ.

പരമരഹസ്യമായ ഈ ദിവ്യ കൂദാശയുടെ നേക്കുള്ള വിശുദ്ധൻെറ ഭക്തി അതിനോടു ബന്ധപ്പെട്ട വസ്തുക്കളിലേക്കും സംക്രമിക്കാറുണ്ടായിരുന്നു. വിശുദ്ധ കുർബാനയ്ക്കുപയോഗിക്കുന്ന വിശേഷപ്പെട്ട തിരുവസ്ത്രങ്ങളും തിരുപ്പാത്രങ്ങളും നല്ല വിലകൊടുത്തുവാങ്ങി, ശുദ്ധമായി, ദരിദ്രരായ വൈദികക്കും സ്വത്തില്ലാത്ത പള്ളികൾക്കും അയച്ചു കൊടുത്തുകൊണ്ടിരുന്നതു് ഇതിനുദാഹരണമായി ഉന്നയിക്കപ്പെടാവുന്നതാണ്.


ഒരിക്കൽ ഒരു തീത്ഥയാത്രയായി റോമിലെത്തിയ ഫ്രാൻസീസ്, വിശുദ്ധ പത്രോസിൻെറ ബസിലിക്കായുടെ അററകുററപ്പണികൾക്കായി തീത്ഥാടനക്കാർ നൽകിയ തുച്ഛമായ തുകകൾകണ്ട് അസ്വസ്ഥചിത്തനായി തീനു. "എന്തു്! അപ്പസ്തോലപ്രവരനു നിങ്ങൾ നൽകുന്നതു് ഇത്ര നിസ്സാരമായ സംഭാവനയോ?" എന്നു ഗജ്ജിച്ചുകൊച്ച് അദ്ദേഹം തൻെറ പേഴ്സ്സൂറന്ന് ഒരു പിടി നാണയം വാരി അൾത്താരയിൽ തൂവി. ആ നാണയങ്ങളുടെ കിലുക്കം അവിടെ കൂടിയിരുന്നവരെ ഹഠാദാകർഷിക്കുകയും അവർ ഫ്രാൻസീസിൻെറ ഔദാര്യബുദ്ധിയെ മുക്തകണ്ഠം പ്രശംസിക്കുകയും ചെയ്തു.

ദേവാലയം അടിച്ചുവാരുക, തിരുപ്പാത്രങ്ങൾ ശുചിയാക്കുക, താണതും പഴയതുമായ തിരുവസ്ത്രങ്ങൾ മാററി, വില കൂടിയതും പുതിയതുമായവ പകരം വയ്ക്കുക മുതലായ പ്രവത്തനങ്ങളിൽ വിശുദ്ധ ഫ്രാൻസീസ് നിതരാം വ്യാപൃതനായിരുന്നു.

വി. ഫ്രാൻസീസിൻെറ ദിവ്യകാരുണ്യഭക്തിയുടെ വിവിധ രൂപങ്ങളെപ്പററി പറയത്തിപ്പറയാൻ ഇനിയുമുണ്ട് പലതും. പരിമിതമായ ഈ പംക്തികളിൽ അവ ഒതുക്കാൻ നിവൃത്തിയില്ലാത്തതിനാൽ, ഇത്രയും കൊണ്ടു നിറുത്തുന്നു.

ലീജിയൻ പംക്തി

# പട്രീഷ്യൻ പ്രസ്ഥാനം




ക്രിസ്തീയവിശ്വാസസത്യങ്ങളെ പൊതുജനങ്ങൾക്കു മനസ്സിലാക്കിക്കൊടുക്കുന്നതിനു ഫലപ്രദമായവിധത്തിൽ അവയെ ആവിഷ്കരിക്കുന്നതിനുള്ള പരിശീലനം കത്തോലിക്കക്കു നൽകി അവരെ ഈ പ്രേഷിതവേലയ്ക്കു പ്രാപ്തരാക്കുന്ന പദ്ധതിയാണ് ലീജിയൻ സംഘടനയുടെ പട്രീഷ്യൻപ്രസ്ഥാനം. മതത്തെപ്പററി കത്തോലിക്കേതരന്മാരോടെന്നു മാത്രമല്ല കത്തോലിക്കരോടുതന്നെ സംസാരിക്കുന്നതിൽ സാധാരണ കത്തോലിക്കർ വിമുഖരാണ്. ഈ മനോഭാവത്തെ ഫ്രഞ്ചുജനത പരാമർശിക്കുന്നതു് "മൗനാചരണപാപ" മായിട്ടാണ്. മോൺസിഞ്ഞോർ ഡ്യൂനാനൻസിൻെറ തിരുസഭാചരിത്രത്തിൽ ഈ അഭിപ്രായം വിശദീകരിച്ചിട്ടുണ്ട്. അദ്ദേഹം പറയുന്നു: "കത്തോലിക്കാസഭയ്ക്കു പുറത്തുള്ളവർ നമ്മുടെ പഠനങ്ങൾ മനസ്സിലാക്കുന്നില്ല എന്നു നാം പരാതിപ്പെടുന്നു. എന്നാൽ, നമ്മുടെ മതപഠനങ്ങളെപ്പററി മററുള്ളവരോടു നാം സംസാരിക്കാറില്ല എന്നതാണ് യഥാത്ഥം."

ഒരു കൊല്ലം മുമ്പു ബ്രസീലിലേക്കു പൊയ്ക്കൊണ്ടിരുന്ന ഒരു കപ്പലിൽ രണ്ടു ലീജിയൻ എൻവോയി (Envoys) മാർ യാത്രചെയ്തിരുന്നു. സാധാരണഗതിയിൽ യാത്രക്കാരുടെ ഇടയിൽ മതത്തെപ്പററിയുള്ള സംഭാഷണങ്ങൾ നടന്നുകൊണ്ടിരുന്നു. കത്തോലിക്കാമതത്തെപ്പററിയുള്ള ആക്ഷേപങ്ങൾക്കും ചോദ്യങ്ങൾക്കും ആ യാത്രക്കാരിലുണ്ടായിരുന്ന കത്തോലിക്കർ മറുപടി പറയാൻ സാധിച്ചിരുന്നില്ല. പല ചോദ്യങ്ങളും ഉന്നയിച്ചതു് സത്യമറിയണമെന്നു ആത്മാത്ഥമായി അഭിലഷിച്ചിരുന്ന സത്യാന്വേഷികളായിരുന്നുതാനും. ഇതു ശോചനീയമായ ഒരു സ്ഥിതിവിശേഷമല്ലേ? ഭാഗ്യവശാൽ കപ്പലിലുണ്ടായിരുന്ന ലീജിയൻ എൻവോയിമാക്കു ഈ സാഹചയ്യത്തെ നേരിടുന്നതിനു സാധിച്ചു. പട്രീഷ്യൻപ്രസ്ഥാനത്തിൽ സുശിക്ഷിതരായിരുന്നതുകൊണ്ട് അവക്കു് സുപരിചിതമായ ഒരു പ്രേഷിതരംഗമായിരുന്നു അതു്.

വേറൊരു സംഭവം. ആ പട്ടണത്തിൽ മൂന്നിലൊരുഭാഗം കത്തോലിക്കരാണ്. അവിടത്തെ പൊതുവിഹാരരംഗത്തിൽ കത്തോലിക്കരും പ്രോട്ടസ്റ്റൻറുകാരും എല്ലാവരും സമ്മേളിക്കുക പതിവാണ്. പ്രോട്ടസ്റ്റൻറുകാർ സാധാരണ മതകാര്യങ്ങളെപ്പററി വാദപ്രതിവാദം നടത്തുന്നതിൽ കൗതുകമുള്ളവരാണല്ലോ.അങ്ങിനെ പ്രോട്ടസ്റ്റൻറുകാർ കത്തോലിക്കാമതതത്വങ്ങളെക്കുറിച്ചു പല ചോദ്യങ്ങളും ചോദിച്ചിരുന്നു. പക്ഷെ കത്തോലിക്കക്കു അവരുടെ ചോദ്യങ്ങൾക്കു തക്ക മറുപടി പറയുന്നതിനോ അവരുടെ ആരോപണങ്ങളെ ഖണ്ഡിക്കുന്നതിനോ സാധിച്ചിരുന്നില്ല. ഭാഗ്യവശാൽ അവിടെ പട്രീഷ്യൻ സമ്പ്രദായത്തിൽ ശിക്ഷിതരായ ഏതാനും ലീജിയൻ അംഗങ്ങൾ ചെല്ലുന്നതിനിടയായി. അവർ വിജയപ്രദമായവിധം എതിർപ്പുകളെ നേരിടുകയും പ്രോട്ടസ്റ്റൻറുകാരുടെ തെററിദ്ധാരണകൾ നീക്കിക്കൊടുക്കുകയും ചെയ്തു. ഒരിക്കൽ 90 വയസ്സായ ഒരു പ്രോട്ടസ്റ്റൻറുകാരി പറയുകയാണ്: "ഞാനെൻെറ ജീവിതകാലം മുഴുവനും കത്തോലിക്കരുടെ ഇടയിലാണ് കഴിച്ചിട്ടുള്ളതു്. പക്ഷെ അവരിൽ ഒരാൾപോലും എന്നോടു പറഞ്ഞിട്ടില്ല, ഞാൻ കത്തോലിക്കാസഭയിൽ ചേരണമെന്നു്. സത്യമതം വിശ്വസിക്കുന്നു എന്നു പറയുന്ന അവരുടെ ഈ അലസത എനിക്കു വിസ്മയജനകമായിരിക്കുന്നു. സാധാരണ കത്തോലിക്കർ മതകാര്യങ്ങളിൽ മററുള്ളവരെ സഹായിക്കാത്തതു് ഖേദകരമാണ്." ഈ അനുഭവങ്ങൾ കത്തോലിക്കരുടെ അപഗാഢമായ ചിന്തയ്ക്കു വിഷയമാകേണ്ടതാണ്. കത്തോലിക്കക്കു അവർ വിശ്വസിക്കുന്ന സത്യങ്ങളെപ്പററി ബോദ്ധ്യമില്ലാതിരുന്നിട്ടോ, മററുള്ളവരുടെ ആത്മാവിൻെറ രക്ഷയെ അവർ ആത്മാത്ഥമായി അഭിലഷിക്കാതിരുന്നിട്ടോ, പ്രേഷിതപ്രവത്തനങ്ങൾ അവശ്യാവശ്യകവും കത്തവ്യബദ്ധവുമാണെന്നു അറിയാതിരുന്നിട്ടോ അല്ല ഈ പരിതസ്ഥിതി വന്നുചേരുന്നതു്. പ്രത്യുത, അതിനുവേണ്ട പരിശീലനം അവക്കു ലഭിച്ചിട്ടില്ല എന്നതാണ് കാരണം.

പട്രീഷ്യൻ യോഗത്തിൽ ആദ്യമായി പങ്കെടുത്ത ഒരു മാന്യൻ വികാരഭരിതനായി ഫാദർ ഓസ്‌ലം മാക്ക്ഗ്രാത്തിനോട് പറഞ്ഞു: "ഈവിധയോഗങ്ങൾ എന്നുകൊണ്ടാണ് എല്ലാ സ്ഥലങ്ങളിലും നടപ്പാക്കാത്തതു്? ഞാൻ എൻെറ സ്കൂൾപഠനം പൂത്തിയാക്കി; മറെറല്ലാവരേയുംപോലെ മതപഠനവും നിവ്വഹിച്ചു. എങ്കിലും ഈ യോഗത്തിൽ ചർച്ചചെയ്യപ്പെട്ട ഒരൊററ ചോദ്യത്തിനുപോലും ശരിയായ സമാധാനം പറയാൻ എനിക്കു സാധിക്കുമായിരുന്നില്ല. ചോദ്യങ്ങൾ വളരെ പ്രയാസമുള്ളവയായിട്ടോ, വിഷയത്തെപ്പററി പൊതുവായി അറിവില്ലാതിരുന്നതുകൊണ്ടോ അല്ല. എങ്ങിനെയാണ് ശരിയായ സമാധാനംകൊടുക്കേണ്ടതു് എന്നാണ് പിടിയില്ലായിരുന്നതു്." കത്തോലിക്കരിൽ ബഹുഭൂരിപക്ഷത്തിൻേറയും സ്ഥിതിയിതാണ്. മതത്തെ സംബന്ധിക്കുന്ന ഒരു ചോദ്യത്തെ വേണ്ടവിധത്തിൽ മനസ്സിലാക്കി, അതിനെ വിശകലനംചെയ്തു്, ചോദ്യകത്താവിനു ബോദ്ധ്യം വരത്തക്കവിധത്തിൽ, തനിക്കുള്ള അറിവിനെ പ്രകടിപ്പിക്കുവാൻ കഴിയാതാവുന്നു. അതുകൊണ്ട് അങ്ങിനെയുള്ള ചോദ്യത്തിനുള്ള അവസരങ്ങളെ ഒഴിഞ്ഞുമാറി രക്ഷപെടുകയോ, അജ്ഞതഭാവിച്ച് മൗനം അവലംബിച്ച് പരാജയം സ്വീകരിക്കുകയോ ചെയ്യുന്നു. ഇതിനുള്ള ഒരു പ്രതിവിധിയാണ് പട്രീഷ്യൻ പ്രസ്ഥാനം.

ലീജിയൻ ഓഫ് മേരിയുടെ ആഭിമുഖ്യത്തിൽ നടത്തപ്പെടുന്ന പട്രീഷ്യൻപ്രസ്ഥാനത്തിൻെറ പരിപാടികൾ വളരെ ആകർഷകങ്ങളും എളുപ്പത്തിൽ പ്രായോഗികമാക്കപ്പെടാവുന്നവയുമാണ്. ലീജിയൻെറ ഒരു സജീവാംഗമായിരിക്കും അതിൻെറ അദ്ധ്യക്ഷൻ. പ്രതിമാസം പട്രീഷ്യൻ യോഗം സമ്മേളിക്കുന്നു. പ്രത്യേകപ്രാത്ഥനയോടുകൂടിയാണാരംഭിക്കുക. സാധാരണ ലീജിയൻ മീററിംഗുകളിലെന്നവണ്ണം ലീജിയൻ അൾത്താരയും അതിനു മുമ്പിലായി ഒന്നോ രണ്ടോ നിരയായി കസേരകളും ഇട്ടിരിക്കും. മുൻവരിയിലാണ് വൈദികനും അദ്ധ്യക്ഷനും ഇരിക്കുക. അദ്ധ്യക്ഷൻെറസ്ഥാനം ഒരു നിയമസഭാസ്പീക്കറുടേതിനോടുപമിക്കാം. സാധാരണ ജീവിതരംഗത്തിൽ ഉദിക്കുന്ന പ്രശ്നങ്ങളാണ് പ്രധാനമായും ചർച്ചാവിഷയമാകുക. ഒരാൾ പ്രസംഗിക്കുകയും മററുള്ളവർ അതു കേട്ടു മനസ്സിലാക്കുകയും ചെയ്യുന്ന ഒരു രീതിയല്ല പട്രീഷ്യൻപദ്ധതി. സാധാരണ വേദപാഠക്ലാസ്സുകളുടേയോ, അദ്ധ്യയനമണ്ഡലത്തിൻേറയോ രീതിയുമല്ല അതിനുള്ളതു്. ഇതിൽ പ്രാർത്ഥനയ്ക്കുശേഷം അംഗങ്ങളിൽ ഒരാൾ കൂടിയാൽ 15 മിനിട്ടുനേരത്തേക്കു ഒരു പ്രസംഗം ചെയ്യുകയും വിഷയം അവതരിപ്പിക്കുകയും ചെയ്യും. തുടന്നു നടക്കുന്നതു് അംഗങ്ങളുടെ ചർച്ചയാണ്. ഒരു മണിക്കൂറാകുമ്പോൾ 15 മിനിററുനേരത്തേക്കു യോഗം നിത്തിവച്ച് വിശ്രമവും അതിനിടയിൽ ലഘുഭക്ഷണവും കഴിക്കുന്നു. കാൽമണിക്കൂർ കഴിഞ്ഞു യോഗം വീണ്ടും ചേരുമ്പോൾ 15 മിനിററിൽ കൂടാത്ത ഒരു പ്രസംഗം വൈദികൻ നിവ്വഹിക്കുന്നു. അതു ആദ്യത്തെ പ്രസംഗത്തിൻെറ തുടർച്ചയായിരിക്കണമെന്നില്ല. പട്രീഷ്യൻ പ്രസ്ഥാനത്തെ സംബന്ധിക്കുന്ന ഏതെങ്കിലും വിഷയമാകാം. തുടർന്നു അരമണിക്കൂർനേരത്തേക്കു വാദപ്രതിവാദം. അതിനുശേഷം അടുത്ത യോഗത്തിലേക്കുള്ള പരിപാടി നിശ്ചയിക്കുകയും അവസാനപ്രാത്ഥനയോടെ യോഗം പിരിയുകയും ചെയ്യുന്നു. അംഗങ്ങളെല്ലാം എഴുന്നേററുനിന്നു വിശ്വാസപ്രമാണം ചൊല്ലുകയും നിന്നുകൊണ്ടുതന്നെ വൈദികാശീവ്വാദം സ്വീകരിക്കുകയുമാണ് ക്രമം. യോഗം രണ്ടു മണിക്കൂറിൽ കവിയരുതു്. എല്ലാ അംഗങ്ങളും എല്ലാ മീററിംഗിലും ഹാജരാകണമെന്നു നിർബന്ധമില്ല. ഓരോ മീററിംഗിലും 70 ഓ 80ഓ ആളുകളിൽ കൂടുതലുണ്ടാവുന്നതു സൗകയ്യപ്രദമായിരിക്കുകയില്ല. അകത്തോലിക്കരെ ഇതിൽ സംബന്ധിപ്പിക്കാറില്ല.

പട്രീഷ്യൻപ്രസ്ഥാനത്തെ ഒരു ഗൃഹനിമ്മാണപ്രവത്തനത്തോടുപമിക്കാം. ഒരു ഭവനം നിമ്മിക്കാൻ വേണ്ട സാമഗ്രികൾ അവിടവിടെ കൊണ്ടുവന്നു ശേഖരിച്ചാൽ മാത്രം അതു വീടാവുകയില്ലല്ലോ. അവയോരോന്നും ക്രമമനുസരിച്ച് അതതിൻെറ സ്ഥാനത്തു കൂട്ടി സംയോജിപ്പിക്കണം. അതുപോലെ കത്തോലിക്കാമതത്തെപ്പററി നമുക്കു പല അറിവുകളും ഉണ്ടായിരിക്കാം. പക്ഷെ അവയെല്ലാം ക്രമമായി യുക്തിയുക്തം സംഘടിപ്പിക്കുന്നതിനും മററുള്ളവക്കു ബോദ്ധ്യമാകത്തക്കവണ്ണം വിശദീകരിക്കുന്നതിനും പരിശീലനംകൂടാതെ സാദ്ധ്യമല്ല. പട്രീഷ്യൻ യോഗങ്ങൾകൊണ്ട് ഈ പരിശീലനമാണ് സാധിക്കുന്നതു്. സംശയങ്ങളെ പരിഹരിച്ചും, അഭിപ്രായങ്ങൾ തമ്മിൽ തമ്മിൽ വിനിമയംചെയ്തും, വിമശനങ്ങളെ യുക്തിപൂവ്വം ഖണ്ഡിച്ചും മതകാര്യങ്ങളെ മററുള്ളവരുടെ മുമ്പിൽ അവതരിപ്പിക്കുന്നതിനുള്ള ഈ പ്രായോഗിക പരിശീലനം കത്തോലിക്കരുടെ ആത്മധൈര്യരാഹിത്യത്തെ വിപാടനം ചെയ്യുന്നതിനും അവരിടപെടുന്നവരുടെ അടുത്തു ഫലവത്തായ പ്രേഷിതവേല നിവ്വഹിക്കുന്നതിനും അവരെ പ്രാപ്തരാക്കാതിരിക്കുകയില്ല. കത്തോലിക്കരുടെ ഇടയിൽ സവ്വസാധാരണമായിരിക്കുന്ന മതകാര്യങ്ങളെപ്പററിയുള്ള മൗനാചരണമനോഭാവത്തേയും ഒഴിഞ്ഞുമാറൽ രീതിയേയും നിമ്മാജ്ജനം ചെയ്തു അവരെ പ്രേഷിതചൈതന്യമുള്ളവരാക്കുന്നതിനു എല്ലാ സ്ഥലങ്ങളിലും ഈ പട്രീഷ്യൻ പദ്ധതി നടപ്പാക്കുന്നതിനു ശ്രമിക്കാം.

—o—

കാളൻ'സ്

# ദ്രാക്ഷാഘൃതം

സ്നിഗ്ദ്ധം, ഗുരു, ശീതം, ഉഷ്ണം എന്നീ ഗുണങ്ങളുള്ള—ബൃംഹണവും ശീതോഷ്ണവുമായിട്ടുള്ള—ഒരു ഔഷധമായതിനാൽ,

വാതവും പിത്തവും (വായുവും ചൂടും) അമിതമായി വദ്ധിക്കുകകൊണ്ടും,

ദേഹത്തിലെ സൌമ്യാംശം (കഫവും, രസം, രക്തം, മാംസം, മേദസ്സ്, അസ്ഥി, മജ്ജ, ശുക്ലം എന്നീ ധാതുക്കളും) ക്രമംവിട്ട് ക്ഷയിക്കുക—ശരീരത്തിൻെറ തൂക്കം കുറയുക—ശരീരം മെലിയുക—ഓജസ്സ് ക്ഷയിക്കുക—കൊണ്ടും,

മലബന്ധം (മലം വളരെ വരണ്ടോ, രണ്ടും മൂന്നും ദിവസം കൂടുമ്പോഴോ, നാടപോലെ കനംകുറഞ്ഞോ, അല്പാല്പമായോ പോവുക) കൊണ്ടും,

ഗ്യാസ്ട്രബ്ൾ (വയറു വീക്കൽ—വായുസ്തംഭനം—ഉദരത്തിങ്കൽനിന്നു കീഴ്പോട്ട് പോകേണ്ടതായ വായുവിൻെറ ഗതി മേല്പോട്ടാവുക) കൊണ്ടും,

ഉണ്ടാവുന്നതായിട്ടുള്ളതരം നീർവീഴ്ച, തുമ്മൽ, തലവേദന, ചുമ, ഏങ്ങൽ, വയറുവേദന, നെഞ്ചു വേദന, പള്ളവേദന, വയറുകത്ത്യാളിച്ച, നേരിയ പനി, ഓമ്മക്കുറവ്, അഗ്നിമാന്ദ്യം മുതലായ രോഗങ്ങളുള്ളവക്കും, സ്വതവെ മെലിഞ്ഞിട്ടുള്ള ദേഹപ്രകൃതിക്കാക്കും,

ശരീരംകൊണ്ടും മനസ്സുകൊണ്ടും വിശ്രമമില്ലാതെ അദ്ധ്വാനിക്കുക, പതിവായി ഉറക്കമൊഴിക്കുക,ശരീരപോഷണത്തിന്നാവശ്യമായിട്ടുള്ള അന്നപാനങ്ങൾ വേണ്ടത്ര ഉപയോഗിക്കാതിരിക്കുക മുതലായ കാരണങ്ങൾകൊണ്ട് ദിനംപ്രതി ശരീരത്തിലെ ധാതുക്കൾ ക്ഷയിച്ചുകൊണ്ടിരിക്കുന്നവക്കും ദിനംപ്രതി ഉപയോഗിപ്പാൻ ഏററവും ഉത്തമമായിട്ടുള്ളതാണെന്നു് അനേകം പേരുടെ അനുഭവങ്ങൾതന്നെ വിളിച്ചുപറയുന്നുണ്ട്.

N. B. അനുകരണക്കാരുടെ വ്യാജ 'ഘൃത'ങ്ങളാൽ വഞ്ചിതരാകാതിരിപ്പാൻ ലേബലിന്മേൽ സാക്ഷാൽ കാളൻ സ്ഥാപനത്തെക്കുറിക്കുന്ന ഈ മുദ്രകൂടി കാണുന്നുണ്ടോയെന്നു് പ്രത്യേകം പരിശോധിക്കേണ്ടതാണ്.

KALAN

കൂടുതൽ വിവരങ്ങൾക്കു് സൌജന്യമായി ലഭിക്കുന്ന പുസ്തകത്തിന്നെഴുതുക.

കാളൻ, നെല്ലായി (S. India)

# ചെറുകഥ

## "നീ എങ്കിലും!"

(മാത്യു പുളിക്കൽ എസ്. ജെ.)

അന്ന് തൃശ്ശൂർ റെയിൽവേസ്റ്റേഷനിൽ പതിവുപോലെ വലിയ ആൾത്തിരക്കുണ്ടായിരുന്നില്ല. സി എസ് യു വിൻെറ ഒരു സമ്മേളനത്തിൽ സംബന്ധിക്കുവാൻ ഞാൻ ഒരു സഹപാഠിയുമൊത്ത് മെയിൽവണ്ടി കാത്ത് നിൽക്കുകയായിരുന്നു. പഞ്ചവത്സരപദ്ധതി, ആലപ്പുഴയിലെ ഹർത്താൽ, സൂയസ് കനാൽ, മർദ്ദിതയായ ഹംഗറി, ഇങ്ങനെ പലതിനെപ്പററിയും ഞങ്ങൾ സംസാരിച്ചു. അധികനേരം കഴിയുന്നതിനുമുൻപ് ഒരുകൂട്ടം ആളുകൾ സ്റ്റേഷനിൽവന്നുചേർന്നു. സ്ഥലത്തെ ചില പൗരപ്രമാണികളും അവിടെ എത്തി. ഒരു കുട്ടിയെ ദൂരദേശത്തെവിടെയോ പഠനത്തിനു വിടുകയായിരിക്കാമെന്ന് എനിക്കു തോന്നി. പക്ഷേ അതിനിത്രമാത്രം ആളുകളെന്തിനാണെന്നൂഹിക്കുവാൻ എനിക്കു സാധിച്ചില്ല.

"ഞാൻ ഇതാ വരുന്നു" എന്നും പറഞ്ഞു് എൻെറ സ്നേഹിതൻ അവരുടെ അടുക്കലേക്കുപോയി. ഞാനാണെങ്കിൽ അവിടെ കൂടിയ ആളുകളുടെ പെരുമാററത്തെ സൂക്ഷിച്ചുകൊണ്ടു് ചിന്തയിലമന്നു. എന്നെ ചിന്തയിൽനിന്നുണർത്തിയതു് എൻെറ സ്നേഹിതനാണു്.

"എന്താ, യൂറോപ്പു പിടിച്ചടക്കാനാലോചിക്കയായിരിക്കും?"

"അല്ല! ഞാൻ ആ നില്ക്കുന്നവരെപ്പററി ആലോചിക്കുകയായിരുന്നു."

"ഓ! അതൊരു യാത്രയയപ്പാണു്." പതിനഞ്ചുകൊല്ലം കഴിഞ്ഞേ ആ കുട്ടി തിരികെ വരികയുള്ളൂ."

"അതിനിത്രമാത്രം ആളുകൾ?"

"സ്നേഹിതാ! ഇന്നത്തെ കാലത്തു് അതു വിശ്വസിക്കുവാൻ വളരെ വിഷമമാണു്. എങ്കിലും അതു സംഭവിച്ചു."

"എന്തു്? അതു ഞാനറിയുന്നതിൽ വിഷമമുണ്ടോ?" ഞാൻ ജിജ്ഞാസ പ്രദർശിപ്പിച്ചു.

"ഒരിക്കലുമില്ല. ഞാൻ പറയാം."

പെട്ടെന്നു് നീണ്ട ഒരു ചൂളം വിളിയോടുകൂടി ഞങ്ങളുടെ വണ്ടി സ്റ്റേഷനിലെത്തി. രണ്ടു പെട്ടികളുമെടുത്തു് ഞങ്ങൾ വണ്ടിയിൽ കയറി.

"ക്രഷ്, ഓറഞ്ച്, ബീഡി, മുറുക്കാൻ, സിഗരററ്..." അവിടെയെല്ലാം വല്ലാത്ത കോലാഹലം. എൻെറ സ്നേഹിതൻ ഒരു പാക്കററ് "സിസ്സേർസ്" സിഗററുമായി എൻെറ അടുത്തുവന്നിരുന്നു. വണ്ടിയിൽ വലിയ ആൾത്തിരക്കില്ലാതിരുന്നതിനാൽ ഞങ്ങൾക്കു് സുഖമായി യാത്രചെയ്യുവാൻ സാധിച്ചു. ഏതാനും മിനിററുകൾക്കുള്ളിൽ വണ്ടി തൃശ്ശൂർസ്റ്റേഷൻ വിട്ടു. ഞങ്ങൾക്കു അല്പം ആശ്വാസം കിട്ടി.

"ഹേയ്, മി.ജോസഫ്, നിങ്ങളാ കുട്ടിയുടെ കാര്യം മറന്നുകളഞ്ഞോ?" ഞാൻ സ്നേഹിതനെ ഓർമ്മപ്പെടുത്തി.

"ഇല്ല. ശബ്ദമൊന്നൊതുങ്ങട്ടെയെന്നു ഞാൻ കരുതി."

"ആ കുട്ടി എൻെറ അപ്പൂൻെറ ഒരു സ്നേഹിതൻെറ മകനാണു്." എൻെറ സുഹൃത്തു് ആരംഭിച്ചു.

"പണവും പ്രതാപവും അവർക്കൊട്ടും കുറവല്ലായിരുന്നു. ആ കുട്ടി—അലക്സ്— അതാണവൻെറ പേരു്, അവരുടെ ഏകസന്താനമാണു്. ആ കുടുംബത്തിൻെറ നേർച്ചകളുടേയും കാഴ്ചകളുടേയും ഫലമാണു്. പതിനഞ്ചുവർഷത്തോളം "അമ്മേ" എന്ന വിളികേൾക്കാൻ ദൈവഭക്തയായ അവൻെറ മാതാവു് വളരെ ആശിച്ചിരുന്നു. അവരുടെ സർവ്വസ്വവും അവനായിരുന്നു. ഭാരിച്ച സ്വത്തിൻെറ ഏകാവകാശി."

"ഓഹോ! അതാണു് അത്രമാത്രം ആളുകൾ സ്റ്റേഷനിൽ വരാൻ കാരണം, പണം പണം. അതുണ്ടെങ്കിൽ എന്താണു സാധിക്കാത്തതു്?" ഞാൻ പറഞ്ഞു.

"വരട്ടെ. ഞാൻ തുടങ്ങിയതല്ലേയുള്ളു." എൻെറ സ്നേഹിതൻ തുടർന്നു. "അവനു് അയൽക്കാരനായ ഒരു സഹപാഠി ഉണ്ടായിരുന്നു. അപ്പച്ചൻ. അവൻെറ മാതാപിതാക്കന്മാർ ധനികരല്ലായിരുന്നെങ്കിലും കഴിഞ്ഞുകൂടുവാനുള്ള വക അവർക്കുണ്ടായിരുന്നു. അലക്സും അപ്പച്ചനും ഉററസ്നേഹിതന്മാരായിരുന്നു. ദിവസവും രാവിലെ അലക്സ് അപ്പച്ചൻെറ വീട്ടിൽ ചെല്ലും. കൈകോർത്തുപിടിച്ചു് ഇരുവരും സ്കൂളിൽ പോകും. അപ്പച്ചനെ പാച്ചുപിള്ളസാർ തല്ലിയാൽ കരയുന്നതു് അലക്സായിരിക്കും. അലക്സിനെ മേരിടീച്ചർ പിച്ചുമ്പോൾ അപ്പച്ചൻെറ മുഖം ഒരു "കൊട്ട"യുണ്ടായിരിക്കും. ഇങ്ങനെ ഇണപിരിയാത്ത സ്നേഹിതന്മാരായി അവർ വളർന്നുവന്നു.

"ദിവസങ്ങൾ മാസങ്ങളായി, മാസങ്ങൾ ആണ്ടുകളായി. മനുഷ്യൻെറ ജീവിതരീതിയിലും, വിചാരങ്ങളിലും, വികാരങ്ങളിലും വിപ്ലവം സൃഷ്ടിച്ചുകൊണ്ടു് ലോകം മുന്നോട്ടുനീങ്ങി. അവരിരുവരും സ്കൂൾഫൈനൽ പരീക്ഷ പാസായി. അലക്സിനെ കോളേജിലയക്കുവാൻ അവൻെറ പിതാവു് ചാക്കോച്ചേട്ടൻ തീരുമാനിച്ചു. അപ്പച്ചനു് അതിനു വഴിയുണ്ടായിരുന്നില്ല. എങ്കിലും സ്വപുത്രനോടൊപ്പം അപ്പച്ചൻെറ വിദ്യാഭ്യാസച്ചിലവും വഹിക്കാമെന്നു് അലക്സിൻെറ പിതാവു് സമ്മതിച്ചു.

ലോകത്തിൻെറ പുരോഗതി അലക്സിൽ പല മാററങ്ങളും വരുത്തിയിരുന്നു. പിതാവിൻെറ അതിരില്ലാത്ത ധനം അവനെ ഒരു ധൂർത്തനാക്കി. അപ്പച്ചൻെറ പല ഉപദേശങ്ങളും അവൻ കൂട്ടാക്കിയില്ല. അവൻ സദാ സ്വപ്നലോകത്തിൽ സഞ്ചരിക്കുവാൻ തുടങ്ങി ഒരു നല്ല ബിരുദം. ഉയർന്നുദ്യോഗം. സ്ഥാനമാനങ്ങൾ. ഇങ്ങനെ പോയി അലക്സിൻെറ ചിന്തകൾ.

അപ്പച്ചനാകട്ടെ, ഒരേഒരഭിലാഷം. അവനൊരു വൈദികനാകണം. അവൻെറ അഭിലാഷം അവൻ അലക്സിനെ അറിയിച്ചിരുന്നു. പക്ഷെ അലക്സ് അതൊട്ടും കാര്യമാക്കിയില്ല. കോളേജിൽ ചേർന്നു പഠിച്ചു് കുറേക്കൂടി പണം ചിലവാക്കിയശേഷം ഏതെങ്കിലും ഒരു സന്യാസാശ്രമത്തിൽ ചേരുന്നതിനുപകരം, അപ്പോൾ തന്നെ ചേരുന്നതായിരിക്കും നല്ലതെന്നു അവനു തോന്നിയതിനാൽ അവൻ സ്വന്തം ആഗ്രഹത്തെ അവൻെറ പിതാവിനെ അറിയിച്ചു. അയാൾ അതു കൂട്ടാക്കിയില്ല. കോളേജിൽ ചേരുവാനുള്ള ഒരുക്കങ്ങൾ നടന്നുകൊണ്ടിരിക്കുമ്പോൾ അപ്പച്ചൻ അവസാനമായി സ്വാഭിലാഷം പിതാവിനെ അറിയിച്ചു. ആ സമയം അയാൾ അല്പം കുടിച്ചിരുന്നുവെന്നു അവനറിഞ്ഞില്ല. അയാൾക്കു ദേഷ്യം വന്നു.

"ചാക്കോച്ചേട്ടൻെറ നല്ല മനസ്സുകൊണ്ടു് നിന്നെ പഠിപ്പിക്കാമെന്നു വെച്ചപ്പം എല്ലാം ഇട്ടെറിഞ്ഞു് എവിടെയാടാ പോകാൻ പോണതു്? നിൻെറ താഴെ പെൺകൊച്ചുങ്ങളല്ല നാലാ ഒള്ളതു്. നീൻെറ കണ്ണു തെളിഞ്ഞിട്ടുവേണം അവരെ ഓരോന്നിനേയും പറഞ്ഞയക്കാൻ."

"അപ്പച്ചാ! ഞാൻ അവരുടെ പണവുംപററി പഠിച്ചാൽ ഞാൻ എന്നും അവർക്കൊരു കടക്കാരനായിരിക്കും."

"എടാ! അഹംഭാവി! താണെനിലത്തേ നീരോടത്തുള്ളൂ. നിൻെറ കടം."

"ഈ പെൺകൊച്ചുങ്ങടെ കാര്യം എന്തു ചെയ്യും" അവൻെറ മാതാവു് ഇടയ്ക്കുകേറി പറഞ്ഞു.

"അവരെ ദൈവം നോക്കിക്കൊള്ളും. അപ്പച്ചാ! മക്കളുടെ നല്ല ആഗ്രഹങ്ങളെ മാതാപിതാക്കൾ സാധിച്ചുകൊടുത്തില്ലെങ്കിൽ പിന്നെയാരാണു്... ..."

"എടാ! അധികപ്രസംഗി" അയാൾ അലറി. സ്വതേ മുൻകോപിയായിരുന്ന അയാൾക്കതു രസിച്ചില്ല. അയാളവനെ കണ്ടമാനം തല്ലി. കൈയിൽ കിട്ടിയതെല്ലാം മെടുത്തു തല്ലി. ദേഷ്യം വന്നാൽ പിന്നെ അയാളൊരു രാക്ഷസനാണെന്നു് ആ നാട്ടുകാർക്കറിയാം. അതുകൊണ്ടു് ആരും തടുത്തില്ല. നിലവിളികേട്ടു് ചാക്കോച്ചേട്ടൻ ഓടിവന്നു നിസ്സഹായനായി നിലത്തു കിടക്കുന്ന അപ്പച്ചനേയും സംഹാരരുദ്രനെപ്പോലെ നിൽക്കുന്ന അവൻെറ പിതാവിനേയുമാണു് അയാൾ കണ്ടതു്. അയാൾ അവരുടെയിടയിൽ ചാടി വീണില്ലായിരുന്നുവെങ്കിൽ അപ്പച്ചൻെറ നില അപകടകരമാകുമായിരുന്നു.

x x x

അപ്പച്ചനു കഠിനമായ പനി. നാട്ടുവൈദ്യന്മാർ പലരും ചികിത്സിച്ചു. പനി ഒന്നിനൊന്നിനു കൂടുന്നതേയുള്ളു. അലക്സിൻെറ നിർബന്ധത്താൽ ചാക്കോച്ചേട്ടൻ പല ഡോക്ടർമാരേയും വരുത്തി. അവർ കഴിവുപോലെ ശ്രമിച്ചു. സുഖക്കേടു കൂടിയും കുറഞ്ഞുമിരുന്നു. അലക്സിനു് ഊണില്ല. ഉറക്കമില്ല. ആ ബാല്യകാലസഖാവിൻെറ കട്ടിലിന്നരുകിൽ അവൻ ചിന്താമഗ്നനായിരിക്കും. അപ്പച്ചൻ പിച്ചുംപേയും പറയുമ്പോൾ കഴിഞ്ഞകാലങ്ങളുടെ സ്മരണ അവനെ കരയിക്കും. ദിവസങ്ങൾ കടന്നുപോയി. ജ്വരമാണു് സുഖക്കേടെന്നും ശുശ്രൂഷയിലാണു് മിക്കവാറും രക്ഷ ആശ്രയിച്ചിരിക്കുന്നതെന്നും ഡോക്ടർമാർ അഭിപ്രായപ്പെട്ടു. അലക്സ്തന്നെ ആ ജോലി ഭരമേററു."

"ഇന്നത്തെ കാലത്തു് ഏതു കുട്ടികാരനാണു് ഇതുപോലെ ചെയ്യുക?" എൻെറ സ്നേഹിതൻ ചോദിച്ചു. ഞാനൊന്നും മിണ്ടിയില്ല.

അന്നു് അപ്പച്ചൻ പതിവിലധികം പ്രസന്നനായി കാണപ്പെട്ടു. കുമ്പസാരിച്ചു് വിശുദ്ധ കർബാന ഉൾക്കൊള്ളണമെന്നുള്ള അവൻെറ ആഗ്രഹം, അവൻെറ ആദ്ധ്യാത്മികഗുരു സാധിച്ചുകൊടുത്തു. ദിവ്യനാഥനുമായുള്ള സല്ലാപത്തിൽ അവൻ വളരെ നേരം കഴിച്ചു. അതിനുശേഷം അവൻ അരുകിലിരുന്ന അലക്സിനോടു പറഞ്ഞു: "അലക്സേ! എനിക്കുവേണ്ടി നീ എത്രമാത്രം കഷ്ടപ്പെട്ടു. നിസ്വാർത്ഥമായ നിൻെറ സ്നേഹത്തിനു ഞാൻ എന്തു പ്രതിഫലമാണു നൽകുക? ഏതായാലും ഞാൻ സ്വർഗ്ഗത്തിലെത്തുമ്പോൾ നിനക്കുവേണ്ടി പ്രത്യേകം പ്രാർത്ഥിക്കാം."

അലക്സ് കരഞ്ഞുപോയി.

"നീ കരയാതിരിക്കൂ ...നീ പഠിക്കണം ... ഒരു നല്ല പരീക്ഷക്കുടി ജയിക്കണം...എന്നിട്ടു്......" അവൻ നിർത്തി.

"എന്നിട്ടു്?" അലക്സ് ചോദിച്ചു.

"സ്നേഹിതാ നീ നിൻെറ കുടുംബത്തിൻെറ ഏകാവകാശിയാണു്. അതിരില്ലാത്ത ധനവും, സുഖങ്ങളും നിന്നെ പ്രതീക്ഷിച്ചിരിക്കുന്നു. നിന്നോടു് അതു ഞാനെങ്ങനെയാണു പറയുക?"

"പറയൂ! പറയൂ! ഒട്ടും മടിക്കേണ്ട."

"പറയാം. എൻെറ ആശയൊന്നും ഇന്നുവരെ നിന്നിൽനിന്നു ഞാൻ മറച്ചു വച്ചിട്ടില്ല...ക്രിസ്തുവിൻെറ വൈദികനായി അനേകം ആത്മാക്കളെ നേടണമെന്നു ഞാനാഗ്രഹിച്ചു...പക്ഷേ ദൈവഹിതം...നീ എങ്കിലും..." അപ്പച്ചൻ അലക്സിനെ നോക്കി. അവൻെറ ഭാവം മാറുന്നതു് അപ്പച്ചൻ കണ്ടു. അവൻ തുടർന്നു.

"സ്നേഹിതാ! എൻെറ ആഗ്രഹം അതിരു കടന്നതാണെന്നു് നീ പറയുമായിരിക്കാം. പക്ഷേ; ദൈവസ്നേഹത്തെപ്രതി—നമ്മുടെ നിസ്വാർത്ഥസ്നേഹത്തിൻെറ പേരിൽ ഞാനപേക്ഷിക്കുന്നു. ഇതാണു് എൻെറ അന്ത്യാഭിലാഷം...നീ...ഒരു...വൈദികനാകണം...ആത്മാക്കളുടെ രക്ഷയ്ക്കുവേണ്ടി..."ലോകമെല്ലാം നേടിയാലും നമ്മുടെ ആത്മാവു നശിച്ചാൽ എന്തു ഫലം!"

ആ നല്ല വിത്തു് വളമുള്ള ഭൂമിയിൽ വീണുകഴിഞ്ഞു. അപ്പച്ചൻെറ വാക്കുകൾ അലക്സിൻെറ ഹൃദയത്തിൽ...

"അലക്സേ! എൻെറ ജീവിതം ഞാൻ കാഴ്ച വയ്ക്കുന്നു...ആത്മാക്കളുടെ രക്ഷയ്ക്കുവേണ്ടി..."

"ആത്മാക്കളുടെ രക്ഷ..." അലക്സ് മന്ത്രിച്ചു.

ഞങ്ങളുടെ വണ്ടി ഒററപ്പാലം സ്റ്റേഷനിലെത്തി. എൻെറ സ്നേഹിതൻ ബാഗുതുറന്നു് ഒരു പടം എടുത്തു് എന്നെ കാണിച്ചു. അതിൻെറ ചുവട്ടിലെഴുതിയിരുന്നു "നാലു വർഷം മുൻപു് കർത്താവിൽ നിദ്രപ്രാപിച്ച എൻെറ ആത്മസ്നേഹിതൻെറ പാവനസ്മരണയ്ക്കായി. കെ സി അലക്സ്."

എൻെറ കണ്ണു നിറഞ്ഞു.

"സുഹൃത്തേ!" ജോസഫ് തുടർന്നു "ആ കുട്ടിയുടെ നാലാം ചരമവാർഷികം ഇന്നലെയായിരുന്നു."

"താങ്കൾക്കു് ഇതെവിടുന്നു കിട്ടി?"

"മി. അലക്സ് തന്നതാണു്. സ്റ്റേഷനിൽ വച്ചു്."

"ഇതെനിക്കിരിക്കട്ടെ" ഞാനപേക്ഷിച്ചു.

"എടുത്തുകൊള്ളൂ."

"അപ്പോൾ സ്നേഹിതൻെറ അഭിലാഷംമൂലം മാത്രമാണോ അലക്സ് പോയതു്?"

"അല്ല, ദൈവവിളി ആദ്യമായി പ്രത്യക്ഷപ്പെട്ട തവിടെയാണെന്നുമാത്രം. നാലു കൊല്ലം അവൻ പഠിച്ചു. അതും സ്നേഹിതൻെറ ആഗ്രഹമായിരുന്നല്ലോ? ഇതിനിടയ്ക്കു് അവൻ പല ധ്യാനങ്ങളിലും പങ്കുകൊണ്ടു. തൻെറ ദൈവവിളിയെപ്പററി ചിന്തിച്ചു. വത്സലരായ മാതാപിതാക്കന്മാർ ഒരു വശത്തു്...ദൈവത്തിൻെറ സ്നേഹനിർഭരമായ ആഹ്വാനം മറുവശത്തു്...സുഖസമ്പുഷ്ടമായ ജീവിതം ഒരു ഭാഗത്തു്.... ആയിരമായിരം ആത്മാക്കളുടെ രക്ഷ മറുവശത്തു്...അവൻ പ്രാർത്ഥിച്ചു. ഒടുവിൽ നിശ്ചയിച്ചു, അതെ "ആത്മാക്കളുടെ രക്ഷയ്ക്കുവേണ്ടി" സർവ്വവും ത്യജിക്കുവാൻ. ഒരു ഈശോസഭാ വൈദികനാകുവാൻ..."

എൻെറ സ്നേഹിതൻ ഒരു സിഗററു കത്തിച്ചു വലിച്ചു. ഞാൻ എനിക്കു കിട്ടിയ പടവും നോക്കിക്കൊണ്ടിരുന്നു. ആറുകളും തോടുകളും മറികടന്നു് വണ്ടി അതിശീഘ്രം ഓടിക്കൊണ്ടിരുന്നു.

—ാ—

(2-ാം പേജ് തുടർച്ച)

യ വേദോപദേശം" നൽകുന്ന മറുപടി ഇങ്ങനെയാണു്: "പലകാരണങ്ങളാലും നാം എല്ലാവരും പൊതുവിധിയിൽ വീണ്ടും വിധിക്കപ്പെടേണ്ടവരാകുന്നു. 1) ദൈവമഹത്വത്തിനായിട്ടും, 2) ഈശോമിശിഹായുടെ മഹിമയ്ക്കായിട്ടും, 3) പുണ്യവാന്മാരുടെ മഹിമയ്ക്കായിട്ടും, 4) ദുഷ്ടന്മാരുടെ ലജ്ജയ്ക്കായിട്ടും, 5) ശരീരം ആത്മാവോടുകൂടെ സമ്മാനത്തിൻെറയോ ശിക്ഷയുടെയോ വിധി കൈക്കൊള്ളുവാൻ വേണ്ടിയും ആകുന്നു" (പുറം 30-31)

ദൈവത്തിൻെറ നീതിയും കരുണയും മനുഷ്യവർഗ്ഗത്തിനു മുഴുവനായി പ്രത്യക്ഷീഭവിക്കുന്നതിനു പൊതുവിധി പ്രയോജകീഭവിക്കുന്നു. പൊതുവിധിയിൽ മനുഷ്യർ പറയുന്ന സകല വ്യർത്ഥവചനങ്ങൾക്കുകൂടിയും അവർ കണക്കു ബോധിപ്പിക്കേണ്ടിവരും (മത്തായി XII 36) അന്നു്, ഇപ്പോൾ ഇരുട്ടിൽ മറഞ്ഞിരിക്കുന്നവയെ പ്രകാശിപ്പിക്കുകയും, ഹൃദയങ്ങളുടെ വിചാരങ്ങൾ വെളിവാക്കുകയും ചെയ്യും. (1 കോറി IV 5) ഈ ലോകത്തിൽ ചിലപ്പോഴൊക്കെ നല്ലവർ ഞെരുങ്ങുന്നതായും ദുഷ്ടന്മാർ ക്ഷേമത്തിലിരിക്കുന്നതായും കാണപ്പെടുന്നുവെങ്കിലും ദൈവം എത്ര നീതിയോടെ ലോകത്തെ ഭരിക്കുന്നുവെന്നു പൊതുവിധിയാൽ സകലരും ഗ്രഹിക്കും. ഈ ലോകത്തിൽവെച്ചു മനുഷ്യരാൽ അന്യായമായി വിധിക്കപ്പെട്ട ഈശോ, പൊതുവിധി വേളയിൽ സകലരുടെയും പരമവിധികർത്താവായിഎല്ലാമനുഷ്യരുടെയും മുൻപാകെ കാണപ്പെടും.

ദുഷ്ടരാൽ ഇപ്പോൾ നിന്ദിക്കപ്പെടുകയും പീഡിപ്പിക്കപ്പെടുകയും ചെയ്യുന്ന വിശുദ്ധന്മാർ, പൊതുവിധിയിൽ എല്ലാ മനുഷ്യരുടെയും മുൻപാകെ നിത്യസമ്മാനം പ്രാപിക്കുന്നതു് അവരുടെ മഹിമയെ വെളിപ്പെടുത്തുന്നതാണല്ലോ. അതുപോലെതന്നെ പൊതുവിധിയിൽ ദുഷ്ടന്മാരുടെ—പ്രത്യേകിച്ചു നീതിമാന്മാരെ പീഡിപ്പിക്കയും, പുണ്യവും നന്മയും ഉള്ളവരെന്നു കാണപ്പെടുവാനും മതിക്കപ്പെടുവാനും ശ്രമിക്കയും ചെയ്യുവരുടെ—ലജ്ജ വലുതായിരിക്കും. എന്തെന്നാൽ അവരുടെ ഏററം രഹസ്യമായ പാപങ്ങൾ പോലും അപ്പോൾ സകലർക്കും വെളിപ്പെടുത്തപ്പെടുന്നു.

തനതുവിധിയും പൊതുവിധിയും തമ്മിൽ ഒരു വ്യത്യാസമുണ്ടു്. തനതുവിധിയനുസരിച്ചു ശിക്ഷാരക്ഷകൾ അനുഭവിക്കുന്നതു് ആത്മാവു മാത്രമാണു്. പൊതുവിധിയിലാകട്ടെ നാം സശരീരരായി ശിക്ഷാരക്ഷകൾ അനുഭവിക്കുന്നു. ലോകാവസാനത്തിൽ മരിച്ചവരെല്ലാം ഉയിർക്കും എന്നതു ക്രിസ്തു പഠിപ്പിച്ച ഒരു വിശ്വാസസത്യമാണു്. നാം ശരീരത്തോടുകൂടിയാണു പൊതുവിധിക്കുവേണ്ടി ദൈവസിംഹാസനത്തിൻ മുൻപാകെ ഹാജരാകുന്നതു്. ഈ ജീവിതത്തിൽ ദൈവത്തെ മഹത്വപ്പെടുത്തുന്നതിനോ, ദ്രോഹിക്കുന്നതിനോ ഉപകരണമായിത്തീർന്ന ശരീരം സൗഭാഗ്യമോ ശിക്ഷയോ അനുഭവിക്കുകയെന്നതു കേവലം നീതി മാത്രമാണല്ലോ.

Wednesday
September 25
1957


# THE SATHYADEEPAM

(ESTD. 1927)

BROADWAY—ERNAKULAM (KERALA STATE)

Reg. No. M. 2293
Vol. 31
No. 7



പള്ളിയിൽ കുർബാനയ്ക്കു സമയമായി. പീററർ നല്ല ഉറക്കമാണ്.

പ്രിയപ്പെട്ട കുഞ്ഞനുജന്മാരേ, കുഞ്ഞനിയത്തികളേ,

ഓരോ സൽകൃത്യങ്ങൾ ചെയ്യുന്നതിനും നമ്മുടെ കാവൽമാലാഖാ നമ്മുടെ ഉള്ളിൽ നല്ല വിചാരങ്ങൾ തോന്നിക്കുമെന്നും അതിനുവേണ്ടി നമ്മെ പ്രേരിപ്പിക്കുമെന്നും, അതനുസരിച്ചു നാം പ്രവർത്തിക്കുന്നതിനു സന്നദ്ധരായെങ്കിൽ മാത്രമേ നാം യഥാർത്ഥത്തിൽ കാവൽമാലാഖാമാരോടു ഭക്തിയും സ്നേഹവും ഉള്ളവരായിരിക്കുകയുള്ളൂ എന്നും കഴിഞ്ഞ ദിവസം നാം കണ്ടുവല്ലോ. നേരേമറിച്ച് ആ നല്ല മാലാഖായുടെ സദുപദേശം നാം തിരസ്കരിക്കുകയാണെങ്കിൽ നാം തെററുകാരാകും. ഇതു ഒരു സംഭവംകൊണ്ടുദാഹരിക്കാം.

പീററർ ഒരു നല്ല കുട്ടിയാണ്. ആരോഗ്യവാൻ; സുന്ദരൻ; ബുദ്ധിമാൻ. അവൻെറ മാതാപിതാക്കന്മാരും ദൈവഭക്തരാണ്; സമ്പന്നരാണ്. ചെറുപ്പത്തിലേതന്നെ പീറററിനെ ഭക്തമുറകളിൽ പരിശീലിപ്പിക്കുവാൻ അവർ ബദ്ധശ്രദ്ധരാണ്. ദിവസവും വിശുദ്ധ കുർബാനയിൽ സംബന്ധിക്കുവാൻ അവർ അവനെ പറഞ്ഞയച്ചിരുന്നു. അവൻ ചുവന്ന ഉടുപ്പും വെള്ളസുർപ്ലീസും ധരിച്ചു ദിവ്യബലിയിൽ ശുശ്രൂഷിക്കുന്നതു കാണുമ്പോൾ അവർ കൃതാർത്ഥരായി ആനന്ദംകൊള്ളാറുണ്ട്. അതു സ്വാഭാവികമാണല്ലോ. കുഞ്ഞുങ്ങൾ നല്ല കാര്യങ്ങൾ പ്രവർത്തിക്കുന്നതു കാണുന്നതിൽ കൂടുതലായി മാതാപിതാക്കന്മാൎക്കു ആനന്ദം നൽകുന്ന യാതൊന്നുമില്ല ലോകത്തിൽ. കുട്ടികൾ ഇതു സാധാരണ ചിന്തിക്കാറുണ്ടോ എന്നു സംശയമാണ്.

കാലത്തെ കുരിശുമണിയടിച്ചപ്പോൾ പതിവുപോലെ പീറററിൻെറ അമ്മ അവനെ വിളിച്ചുണർത്തി സമയമറിയിച്ചു. അന്നു നല്ല മഞ്ഞുള്ള ദിവസമായിരുന്നു. രോമത്തിൻെറ ചൂടുള്ള പുതപ്പുംപുതച്ചു കിടക്കാൻ നല്ല സുഖം. എഴുന്നേററാൽ കുളിരും. പീററർ കണ്ണുതുറന്നു. കുറച്ചുനേരവുംകൂടി ഈ കിടക്കയിൽ കിടക്കുകതന്നെ എന്നവനു തോന്നി. മിനിട്ടുകൾ ഒന്നൊന്നായി കടന്നുപോയിരുന്നു. കുറച്ചുകഴിഞ്ഞപ്പോഴേക്കും അവൻ വീണ്ടും ഉറങ്ങിക്കഴിഞ്ഞു. കൊച്ചുകുട്ടിയല്ലേ. കുളിരുള്ള മഞ്ഞുകാലത്തു നല്ല പുതപ്പുംപുതച്ചു മുറിക്കകത്തുകിടന്നാൽ വേണമെങ്കിൽ ഉച്ചവരേയും സുഖമായുറങ്ങാൻ സാധിക്കുകയില്ലേ!

കുഞ്ഞനുജന്മാരിലും കുഞ്ഞനിയത്തിമാരിലും ചിലൎക്കു വല്യേട്ടനോടു ഒരസൂയ തോന്നിത്തുടങ്ങുന്നുവോ എന്നു ഒരു ചെറിയ സംശയം. അവനവൻ ചെയ്തുപോയേക്കാവുന്ന തെററുകളെപ്പററി പറയുന്നതു കേൾക്കാൻ എല്ലാവൎക്കും അസുഖമുണ്ടാകും. വല്യേട്ടൻ ആരേയും കുററപ്പെടുത്തി പറയുകയല്ല. പക്ഷെ നിങ്ങളുടെ കൂട്ടത്തിലും ചില പീററർമാർ ഉണ്ടായി എന്നു വരാം. പേരു വേറെ ആയിരിക്കും—തോമസെന്നോ, ബാബുവെന്നോ ലിസിയെന്നോ, കൊച്ചുത്രസ്യായെന്നോ ഒക്കെ ആയിരിക്കും. കാലത്തെ ഉണരുന്ന കാര്യം വലിയ വിഷമമാണവൎക്ക്. കാലത്തെ എഴുന്നേററില്ലെങ്കിൽ കുർബാനയിൽ സംബന്ധിക്കാൻ സാധിക്കുകയില്ല. അമ്മയോ ചേച്ചിയോ വിളിച്ചാലും ഉറക്കത്തിൻെറ സുഖംകൊണ്ടു് അങ്ങു കിടന്നുകളയും. അന്നത്തെ കുർബാനയും നഷ്ടപ്പെടും. ഇതു സംഭവിക്കാതിരിക്കണമെങ്കിൽ ദിവസത്തിൻെറ ആരംഭത്തിൽതന്നെ ഒരു ചെറിയ ത്യാഗം ചെയ്യുവാൻ സന്നദ്ധരാകണം. നമ്മുടെ പ്രിയപ്പെട്ട കാവൽമാലാഖാ, നാം അന്നംവിട്ടുറങ്ങിയിരുന്ന നേരം മുഴുവനും നമ്മെ കാത്തുകൊണ്ടു് നില്ക്കുന്നുണ്ടായിരുന്നു. ഈ പ്രഭാതവേളയിൽ നമ്മെ ഉണൎത്തുകയാണ് വലിയൊരു കാര്യം ചെയ്യുന്നതിനു്. അതു നാം അനുസരിക്കാതിരിക്കുമോ, ആ മാലാഖായോടു നമുക്കു സ്നേഹമുണ്ടെങ്കിൽ?

വല്യേട്ടൻ

### 132-ാം നമ്പ്ര് പ്രശ്നത്തിൻെറ ഉത്തരം

എൻെറ പേർ—മരച്ചീനി

### പ്രശ്നം നമ്പർ 133

(കെ. എഫ്. തോമസ്, കിഴക്കേ പുന്നൂർ (Reg. No. 177))




എനിക്കു് കേരളത്തിൽ എവിടേയും നല്ലൊരു സ്ഥാനമുണ്ടു്. കത്തോലിക്കരുടെ ഇടയിൽ, ഞാൻ ഒഴിച്ചുകൂടുവാൻ നിവൃത്തിയില്ലാത്ത ഒരു മിത്രമാണ്. കുട്ടികൾക്കു അടുത്തടുത്തു എന്നെ കണ്ടില്ലെങ്കിൽ ഉറക്കം വരികയില്ല. എൻെറ പേരിനു 4 അക്ഷരം. ഒന്നാമത്തെ അക്ഷരം സമരത്തിലുണ്ടു്, യുദ്ധത്തിലില്ല. രണ്ടാമത്തെ അക്ഷരം അസത്യത്തിലുണ്ടു്, നുണയിലില്ല. മൂന്നാമത്തെ അക്ഷരം ദീപികയിലുണ്ടു്, മെയിലിലില്ല. നാലാമത്തെ അക്ഷരം ബാലപംക്തിയിലുണ്ടു്, വിമൎശനവീഥിയിലില്ല. എൻെറ പേരു പറയാമോ?

(ഉത്തരം അടുത്തതിൽ)

### നമ്മുടെ മലനാട്

വൎഗ്ഗീസ് വാരിക്കാട്ട്, തിടനാട്

(Reg. No. 100)



പച്ചപ്പട്ടുവിരിച്ച മലനാട്ടിലെ മലഞ്ചരിവുകളെ കാണുമ്പോൾ ആൎക്കാണ് രോമാഞ്ചമുണ്ടാകാതിരിക്കുക? തേയിലത്തോട്ടങ്ങളും റബർത്തോട്ടങ്ങളും, മുത്തുമണികൾ ചാൎത്തിയ മുളകുകൊടിത്തോട്ടങ്ങളും, തെങ്ങിൻതൈകളും നിറഞ്ഞുനില്ക്കുന്ന മലയോരങ്ങളെ മന്ദമാരുതൻ തലോടുമ്പോൾ ഉണ്ടാകുന്ന മൎമ്മരശബ്ദവും ആരുടെ ഹൃദയങ്ങളെയാണ് കിക്കിളിക്കൊള്ളിക്കാത്തതു്? പച്ചിലകളുടെ പൊട്ടിച്ചിരികൾ നിറഞ്ഞ ഈ മലനാട്ടിൽ വസിക്കാൻ ആരാണ് ആഗ്രഹിക്കാത്തതു്?


പച്ചക്കിളികളും, കരിങ്കുയിലുകളും പ്രഭാതാഗമനത്തെ വിളിച്ചറിയിക്കുമ്പോൾ മലനാടിൻെറ മണിവിളക്കുകളായ ദേവാലയങ്ങളിൽനിന്നും ലോലമായ മണിനാദം ദിഗന്തങ്ങളിൽ മുഴങ്ങുകയായി. ആ മംഗളമണിനാദം വിശുദ്ധ കുർബാനയുടെ സമയത്തെ വിളിച്ചറിയിച്ചുകൊണ്ടാണ് അന്തരിക്ഷത്തിൽ മാറെറാലിക്കൊള്ളുക. ഗ്രാമത്തിൻെറ രക്തധമനികളായ ഊടുവഴികളിൽക്കൂടി വൃദ്ധന്മാരും വൃദ്ധകളും, യുവാക്കന്മാരും യുവതികളും, ബാലന്മാരും ബാലികമാരും ഉത്സാഹം തുളുമ്പുന്ന ഹൃദയങ്ങളോടുകൂടി ദേവാലയത്തിലേക്കു നടന്നുപോകുന്നതു കാണാൻ കൗതുകമുണ്ടു്. ഭക്തിപ്രചുരിമകലൎന്ന ദേവാലയത്തിൻെറ അന്തരീക്ഷത്തിൽ പിന്നീടു കുറെയധികം നിമിഷത്തേക്കു നിശബ്ദത വ്യാപിക്കും. കർഷകരും തൊഴിലാളികളും മുതലാളികളും ഐകമത്യമായി ഒന്നിച്ചുകൂടി ജഗദീശ്വരൻെറ മുൻപിൽ അവരുടെ ഹൃദയങ്ങളെ അൎപ്പിക്കുന്നു. അങ്ങനെ ക്രിസ്തീയതത്വത്തിൻെറ മുന്നേററത്തിൽ ആ മലനാടു് ക്രിസ്തീയമായി മാറുന്നു. അവരുടെ ജീവിതപരിപാടികൾക്കു അവിടെയാണ് അവർ രൂപം കൊടുക്കുന്നതു്. ഗാഗുൽത്തായിലെ പരമയജ്ഞത്തിൽ പങ്കുകൊണ്ടു് ദൈവാനുഗ്രഹങ്ങൾ പ്രാപിക്കുകയും, ക്രിസ്തുവിനെ അനുകരിച്ചു് അദ്ധ്വാനത്തിൻേറയും പരസ്പരസ്നേഹത്തിൻേറയും ജീവിതം നയിക്കുന്നതിനുള്ള പ്രതിജ്ഞകൾ അവർ നവീകരിക്കുകയും ചെയ്യുന്നു. ഈ വിധത്തിലാണ് മലനാടിൻെറ മനോഹരമായ ജീവിതസൗഭാഗ്യത്തെ അവർ അവികലം പുലൎത്തിപ്പോരുന്നതു്. നശീകരശക്തികൾ ആ അന്തരീക്ഷത്തെ മലിമസമാക്കാതിരിക്കാൻ ഇടവരട്ടെ!

—o—

### കേരളവിദ്യാഭ്യാസബിൽ

എ. ഐ. ജോൺ, കോട്ടപ്പടി

(Reg. No. 46)



അങ്ങനെ നിയമസഭയിൽ പ്രതിപക്ഷകക്ഷികളുടെ ഒററക്കെട്ടായിനിന്നുള്ള എതിൎപ്പിനെ അവഗണിച്ചും, രണ്ടുപേരുടെ ഭൂരിപക്ഷമുണ്ടെന്നുള്ള ഏകാവലംബത്തിൽ പൊതുജനങ്ങളുടെ സുസംഘടിതമായ അഭിപ്രായത്തെ പുച്ഛിച്ചുപുറംതള്ളിയും കേരളത്തിലെ കമ്മ്യൂണിസ്റ്റ് ഗവൺമെൻറ് വിദ്യാഭ്യാസബിൽ പാസ്സാക്കിയെടുത്തുവല്ലോ. എന്തിനാണിത്ര ധൃതി പിടിക്കുന്നതു്? ഇതു ജനാധിപത്യത്തിനു ചേൎന്നതാണോ? എന്താണ് പ്രൈവററ് ഏജൻസികൾ ചെയ്ത മഹാപരാധം? കാട്ടിലും മലയിലും ചെന്നു് കടുവായേയും കാട്ടുമൃഗങ്ങളേയും ഓടിച്ചു് സ്കൂളുകളുണ്ടാക്കി നടത്തുന്നതാണോ?

ബില്ലിനെ എതിൎക്കുന്നവരെല്ലാം ക്രിസ്ത്യാനികളാണെന്നാണ് ആരോപണം. ഇന്ത്യൻഭരണഘടനാനിയമത്തിനും സുപ്രീംകോടതിവിധിക്കും മററും ബില്ലിലെ ചില വ്യവസ്ഥകൾ എതിരാണെന്നു് സയുക്തികം സ്ഥാപിച്ച തിരുകൊച്ചിയിലെ മുൻഅഡ്വക്കേററു് ജനറൽമാരായ ശ്രീ കെ. ജി. കുഞ്ഞുകൃഷ്ണപിള്ളയും ശ്രീ തൈക്കാട്ടു സുബ്രഹ്മണ്യയ്യരും കത്തോലിക്കരാണോ? ഈ ബിൽ പ്രക്ഷോഭണത്തിനു സുധീരനേതൃത്വം നൽകുന്ന ശ്രീ കുമ്പളത്തു ശങ്കുപ്പിള്ള മുതലായ നേതാക്കന്മാർ കത്തോലിക്കരാണോ? എം. എൻ. ഗോവിന്ദൻനായരുടെ ലഗാനില്ലാത്ത പ്രസ്താവനകൾക്കു ചുട്ട മറുപടികൊടുത്ത ശ്രീ ദാമോദരമേനോനും ശ്രീ മാധവമേനോനും ക്രിസ്ത്യാനികളാണോ? ബില്ലിനെ നിശിതമായി വിമൎശിച്ചു് മുഖപ്രസംഗങ്ങൾ എഴുതിയിരുന്ന മദിരാശിയിലെ "ഹിന്ദു" പത്രവും ബോംബെയിലെ "ടൈംസ് ഓഫ് ഇന്ത്യ"യും ഡൽഹിയിലെ "ഹിന്ദുസ്ഥാൻ ടൈംസും" മററു ഇന്ത്യയിലെ പ്രമുഖപത്രങ്ങളും പാതിരിമാർ നടത്തുന്നതാണോ? മദിരാശിയിൽ വിദ്യാഭ്യാസബില്ലിനെതിരായി പ്രതിഷേധിച്ച വമ്പിച്ച പൊതുയോഗത്തിൽ അദ്ധ്യക്ഷതവഹിച്ച മദിരാശിയിലെ മുൻവിദ്യാഭ്യാസമന്ത്രി മി. ഭാഷ്യം കത്തോലിക്കനാണോ? നാലുലക്ഷം ജനങ്ങൾ പങ്കുകൊണ്ട പാലായോഗത്തിൽ അദ്ധ്യക്ഷതവഹിച്ച മദിരാശിയിലെ മുൻമേയർ ശ്രീ ചെങ്കൽവരായൻ കത്തോലിക്കനാണോ? ലോകസഭയിൽ തൻെറ സൎവ്വവിധകഴിവും ഉപയോഗിച്ചു് ബില്ലിനെ സധൈര്യം എതിൎത്ത ഡോക്ടർ കെ. ബി. മേനോൻ കത്തോലിക്കനാണോ? ഈ ബിൽ ജനിക്കുംമുമ്പേ അതിനെ നഖശിഖാന്തം എതിൎത്തിരുന്ന സീതിസാഹിബ് കത്തോലിക്കനാണോ? ഉമ്മർകോയയും മുഹമ്മദുകോയയും കത്തോലിക്കരാണോ? മുൻമന്ത്രിമാരായ ടി. എ. അബ്ദുള്ളയും പി. കെ. കുഞ്ഞും കത്തോലിക്കരാണോ? പിന്നെ ആരാണ് ഈ ഒരുപിടി കത്തോലിക്കരെന്നു ആരാണു ചോദിക്കാതിരിക്കുക? വിദ്യാഭ്യാസപ്രക്ഷോഭണം ഒരുപിടി കത്തോലിക്കരുടേതാണെന്നും ചായക്കോപ്പയിലെ കൊടുങ്കാററാണെന്നും മററും പറഞ്ഞുപരത്തിയ കമ്മ്യൂണിസ്റ്റ് പാർട്ടി എന്തുകൊണ്ടാണ് പൊളിററ്ബ്യൂറോ വിനെ കൊണ്ടും മററും കമ്മ്യൂണിസ്റ്റേതരപാർട്ടികളെ കത്തോലിക്കരെ എതിൎത്തു തോല്പിക്കുവാൻ ആഹ്വാനം ചെയ്യുന്നതെന്നും മനസ്സിലാകുന്നില്ല.

കേരളത്തിൽ ജനാധിപത്യമാണോ കമ്മ്യൂണിസ്റ്റ് സ്വേച്ഛാധിപത്യമാണോ വാഴ്ചയുറപ്പിക്കുവാൻ പോകുന്നതെന്നുള്ളതു് കേരളീയജനത തീരുമാനിക്കേണ്ട ഒരു പ്രശ്നമാണ്. ജനാധിപത്യത്തെ വിലമതിക്കുന്ന ആൎക്കും ഈ പ്രശ്നം ഇതുകൊണ്ടവസാനിച്ചതായി കണക്കാക്കാൻ നിവൃത്തിയില്ല. ബില്ലിനുവേണ്ട അനുമതി കിട്ടുമെന്നു തോന്നുന്നില്ല. കാരണം നമ്മുടെ പ്രശസ്തനായ ഗവൎണ്ണരും കേന്ദ്രത്തിലെ പ്രസിഡൻറും കമ്മ്യൂണിസ്റ്റ് പിത്തലാട്ടങ്ങൾ കണ്ടു മതിമയങ്ങത്തക്കവരല്ലല്ലോ.

Permissu Ecclesiastico
Printed & Published by
K. L. Varkey
at the Mar Louis Memorial Press
Ernakulam-I